RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 19-21
Anl. Sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളറ്റിൻ



Vol. 11 | 2020 August | No.08

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 11 ആഗസ്റ്റ് - 2020 ലക്കം 08**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................ 05
സർക്കുലർ ........................................................ 09
സർക്കുലർ ........................................................ 14
സർക്കുലർ ........................................................ 15
സർക്കുലർ ........................................................ 22
ഡിക്രി ........................................................ 24
*Decree of Constition* ........................................................ 29
രൂപതാ നിയമാവലി പരിഷ്കരണം ........................... 30
രൂപതാകച്ചേരി വാർത്തകൾ ................................... 31
പ്രത്യേക ശ്രദ്ധയ്ക്ക് ........................................... 34
വൈദികരുടെ മാസധ്യാനം ..................................... 37
ബൈബിൾ അപ്പോസ്തലേറ്റ് ..................................... 39
മതബോധനരംഗം .................................................... 40
ചെറുപുഷ്പ മിഷൻലീഗ് ......................................... 44
കെ.സി.വൈ.എം ...................................................... 52
കുടുംബപ്രേഷിതത്വം ............................................. 59
വിൻസെന്റ് ഡി പോൾ സൊസൈറ്റി ......................... 64
സാമൂഹ്യ സേവനരംഗം (WSSS) ................................ 66
ബയോവിൻ അഗ്രോ റിസർച്ച് .................................. 72
റേഡിയോ മാറ്റൊലി ................................................ 74
*Mary Matha Arts & Science College* .......................... 77
വിദ്യാഭ്യാസ മേഖല ................................................ 79

Ref: 3332/K-5/KCBC/OL/DS

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താം

## കെസിബിസി സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, വൈദികരേ, സന്ന്യസ്തസഹോദര ങ്ങളേ, പ്രിയ വിശ്വാസികളേ,

ഈ കോവിഡ് കാലത്ത് സർക്കാരിന്റെ പ്രതിരോധ പ്രവർത്തനങ്ങളോട് നമ്മൾ സർവാത്മനാ സഹകരിച്ചുകൊണ്ടിരിക്കുകയാണല്ലോ. സഭയുടെ ആരാധനാ ജീവിതത്തെയും സഭാ ജീവിതത്തിന്റെ മിക്കവാറും എല്ലാ മേഖലകളെയും കോവിഡ് പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

പ്രതിരോധ പ്രവർത്തനങ്ങളിൽ ഊന്നിയുള്ള ലോക്ക് ഡൗൺ ഭാഗികമായി തുടരുമ്പോൾ തന്നെ അനുദിനം രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ലോക്ക് ഡൗണിനുശേഷമുള്ള സാഹചര്യങ്ങൾ രോഗസാധ്യതയുള്ള വരുമായി കൂടുതൽ ആളുകൾ ഇടകലരുന്നതിന് അവസരമുണ്ടാക്കി. ഈ സന്ദർഭത്തിലും പ്രതിരോധത്തിൽ ഊന്നിയുള്ള സർക്കാരിന്റെ നടപടികൾ ഒരു പരിധിവരെ ഫലപ്രദമായി മുന്നേറുകയാണല്ലോ.

എങ്കിലും, കോവിഡ് 19 മഹാമാരി അതിവേഗം പടരുന്ന സാഹചര്യത്തിൽ, സഭയിലും സമൂഹത്തിലുമുണ്ടായേക്കാവുന്ന അടിയന്തര സാഹചര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നാം കൂടുതൽ സജ്ജരാകേണ്ടിയിരിക്കുന്നു.

1. നമ്മുടെ സന്ന്യാസ ഭവനങ്ങളിലും ആളുകൾ ഒരുമിച്ചു താമസിക്കുന്ന മറ്റിടങ്ങളിലും പ്രത്യേകമായ കരുതൽ ആവശ്യമാണ്. ആരോഗ്യരംഗത്തും മറ്റു സാമൂഹ്യരംഗങ്ങളിലും പ്രവർത്തിക്കുന്നവർ ദൈനംദിനം അവരുടെ പ്രവർത്തന മേഖലകളിൽ രോഗസാധ്യതയുള്ളവരുമായി ഇടപഴകുന്ന സാഹചര്യങ്ങളുണ്ടായേക്കാം. അത്തരം ഇടങ്ങളിൽനിന്നു രോഗം പിടിപെടാതിരിക്കുന്നതിനും, രോഗമുണ്ടായാൽ മറ്റുള്ളവരിലേക്ക് പടരുന്നതിനുള്ള സാധ്യത തടയുന്നതിനും ആവശ്യമായ മുൻകരുതലുകളെടുക്കണം.

2. നമ്മുടെ സമർപ്പിതർ ഈ രംഗത്ത് അപകട സാധ്യത കൂടുതലുള്ള രംഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരാണ്. കഴിയും വിധമുള്ള എല്ലാ മുൻകരുതലും സ്വീകരിക്കാൻ അവർ ശ്രദ്ധിക്കണം.

3. സഭ നടത്തുന്ന കെയർഹോമുകൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയ ഇടങ്ങളിലും പ്രത്യേകം കരുതലും ജാഗ്രതയും ഉണ്ടായിരിക്കണം.

4. അറുപത്തിയഞ്ചു വയസ്സിനു മുകളിലുള്ളവർക്ക് ഇടവകയിലെ ആത്മീയ ശുശ്രൂഷകളിൽ സംബന്ധിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, അവരെ ആത്മീയമായും മാനസികമായും സഹായിക്കുന്നതിന് വൈദികർ വേണ്ടതെല്ലാം ചെയ്യേണ്ടതാണ്.

5. കോവിഡ് രോഗബാധിതരായ ആർക്കുംതന്നെ അജപാലനപരമായ നമ്മുടെ ശ്രദ്ധ കിട്ടാതെ പോകരുത്. ഏറെ ജാഗ്രതയോടും വിവേകത്തോടുംകൂടി ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നമ്മുടെ വൈദികരെ ഒരുക്കണം.

6. കോവിഡ് രോഗലക്ഷണങ്ങളോടുകൂടി നമ്മുടെ സന്യാസ ഭവനങ്ങളിലോ ഇടവകകളിലോ ആളുകൾ ഉണ്ടെന്നു ബോധ്യമായാൽ ആരോഗ്യ പ്രവർത്തകരുടെ സഹായം തേടാൻ മടിക്കരുത്. ഇക്കാര്യത്തിൽ പ്രത്യേകം ജാഗ്രത പുലർത്താൻ വൈദികർക്ക് നിർദേശം നൽകണം.

7. കോവിഡ് 19 സംശയിക്കത്തക്ക രോഗ ലക്ഷണങ്ങളോടെ വൈദികർ വി. കുർബാനയോ മറ്റു കൂദാശകളോ പരികർമ്മം ചെയ്യാനോ വി. കുർബാന മറ്റുള്ളവർക്ക് നൽകാനോ ഇടയാകരുത്. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സഭയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്ന മറ്റു ശുശ്രൂഷകരും ഇക്കാര്യത്തിൽ ഉയർന്ന ജാഗ്രത പുലർത്തണം.

8. ക്വാറന്റൈനിൽ കഴിയുന്നവരും ഒറ്റപ്പെട്ടു കുടുംബങ്ങളിൽ കഴിയുന്നവരും ഇടവക വൈദികരുമൊക്കെ ഈ ദിവസങ്ങളിൽ ഏകാന്തതയും രോഗഭീതിയും മൂലമുള്ള മാനസിക സമ്മർദ്ദങ്ങളും അനുഭവിക്കുന്നുണ്ട്. നമ്മുടെ കരുതലും ബലപ്പെടുത്തുന്ന വാക്കുകളും വളരെ പ്രധാനപ്പെട്ടതാണ്. സാമൂഹ്യമായി അകലം പാലിക്കുമ്പോഴും ആത്മീയമായും മാനസികമായും പരസ്പരം ശക്തിപ്പെടുത്താൻ നമുക്ക് ജാഗ്രതയുള്ളവരാകാം.

9. കൗൺസിലിംഗിലൂടെയും മറ്റും വ്യക്തികളുടെ ഏകാന്തതയും ആശങ്കകളും കുറയ്ക്കുന്നതിനുള്ള ശുശ്രൂഷകൾ രൂപതാ തലത്തിൽ ശക്തിപ്പെടുത്താനും ഈ രംഗത്ത് പരിശീലനവും പരിചയവുമുള്ള അൽമായ സഹോദരങ്ങളുടെയും സമർപ്പിതരുടെയും സേവനം പ്രയോജനപ്പെടുത്താനും കഴിയുന്നതെല്ലാം ചെയ്യണം.

10. രോഗികളെ തക്കസമയത്തു ശുശ്രൂഷാകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും, അവിടെയുണ്ടാകാവുന്ന അടിയന്തര സാഹചര്യങ്ങളിൽ സർക്കാർ സംവിധാനങ്ങളെയും സഭയുടെ ശുശ്രൂഷകളെയും ശക്തിപ്പെടുത്തുന്നതിനും മരിച്ചടക്ക്, മൃത ശരീരങ്ങൾ ദഹിപ്പിക്കൽ, ശ്മശാന ഭൂമി തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വൈദികരെയും സർക്കാർ സംവിധാനങ്ങളെയും സഹായിക്കുന്നതിനുമായി ഓരോ രൂപതയിലും കോവിഡ് 19 സന്നദ്ധപ്രവർത്തകരുടെ ഒന്നോ അതിലേറെയോ സംഘങ്ങളെ തയ്യാറാക്കേണ്ടതാണ്. രൂപതയിലെ സോഷ്യൽ സർവീസ് സൊസൈറ്റിയും യുവജന സംഘടനയും ആരോഗ്യ പ്രവർത്തകരും വൈദികരും ഉൾപ്പെട്ട ഒരു സംവിധാനമാണ് ഉണ്ടാകേണ്ടത്.

11. ഇടവകാതിർത്തിയിൽ കണ്ടെയിൻമെന്റ് സോണുകൾ ഉണ്ടെങ്കിൽ, അവിടെ വസിക്കുന്നവരുടെ ഭക്ഷണം, മരുന്ന് ഇത്യാദി കാര്യങ്ങളിൽ ഈ സംവിധാനങ്ങൾക്ക് ഫലപ്രദമായി സഹായിക്കാൻ കഴിയണം.

12. കെസിബിസി തലത്തിൽ, ഈ പ്രവർത്തനങ്ങളെ കേരള സോഷ്യൽ സർവീസ് ഫോറം ക്രോഡീകരിക്കുന്നതാണ്. ഹെൽത്ത് കമ്മീഷനും യൂത്ത് കമ്മീഷനും കെസിഎംഎസ്സും ഈ പ്രവർത്തനങ്ങളുമായി കൈകോർക്കുന്നതാണ്.

13. ആവശ്യമായി വരുന്ന പ്രാരംഭ ചെലവുകൾ രൂപതയിൽനിന്നു കണ്ടെത്തേണ്ടതാണ്. പ്രയാസമുള്ള രൂപതകളെ സഹായിക്കുന്നതിന് കേരള സോഷ്യൽ സർവീസ് ഫോറം സന്നദ്ധത അറിയിച്ചിട്ടുമുണ്ട്. സന്നദ്ധപ്രവർത്തകർക്കുള്ള പരിശീലനം, PPE കിറ്റ് തുടങ്ങിയ കാര്യങ്ങളും ഹെൽത്ത് കമ്മീഷന്റെ സഹകരണത്തോടെ കെഎസ്എസ് ഫോറംവഴി ക്രമീകരിക്കുന്നതാണ്.

14. ആശയവിനിമയം എളുപ്പമാക്കുന്നതിന് ഫോറത്തിന്റെ ഓഫീസായ ആമോസ് സെന്ററിൽനിന്നും സന്നദ്ധ പ്രവർത്തകരുടെ ഒരു ഹെൽപ് ലൈൻ ക്രമീകരിക്കുന്നതാണ്.

15. നമ്മുടെ 32 രൂപതകളിലും ഇക്കാര്യങ്ങൾക്കായി പ്രത്യേകം ഡയറക്ടർമാരെ നിയമിക്കുകയോ സോഷ്യൽ സർവീസ് സൊസൈറ്റികളെ ചുമതലപ്പെടുത്തുകയോ വേണം.

16. കോവിഡ് പ്രതിരോധ യജ്ഞത്തിൽ നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥനകൾ തുടർന്നും ദൈവസന്നിധിയിൽ സമർപ്പിക്കാം.

ദൈവം നിങ്ങളെ കാത്തുപരിപാലിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ!

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

# 2020 ആഗസ്റ്റ് 9 ഞായർ തടവറ പ്രേഷിതദിനം

## തടവറ പ്രേഷിതദിനത്തോടനുബന്ധിച്ച് കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഒന്നിച്ചുവരുന്ന ഓഗസ്റ്റ് 15 ഭാരതത്തിലെ കത്തോലിക്കാസമൂഹത്തിന് സുപ്രധാനദിനമാണ്. സമാഗതമാകുന്ന ഈ അനുഗൃഹീതദിനത്തിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പരിമിതികളുടെയും ആശങ്കകളുടെയും തടവറയിലാണ്. തടവറയിൽ കഴിയുന്ന സഹോദരങ്ങളെ കാരുണ്യപൂർവ്വം ഓർമ്മിക്കാൻ ഈ നാളുകൾ നമ്മെ സഹായിക്കുന്നുണ്ട്.

2020 ആഗസ്റ്റ് മാസം 9-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കാസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബെയാണ് തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുൻപു വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി ഭാരതസഭ ആചരിക്കുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് കൂടുതൽ പ്രിയപ്പെട്ടവനാക്കുന്നു. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജരാക്കുക എന്നതാണ് ഈ ദിനാചരണം ലക്ഷ്യമാക്കുന്നത്.

ഫ്രാൻസിസ് മാർപാപ്പ 2019 നവംബർ 7, 8 തീയതികളിൽ ലോകത്ത് എല്ലായിടത്തുമുള്ള തടവറ ചാപ്ലെയിൻമാർക്കുവേണ്ടി ഒരു അന്താരാഷ്ട്ര കോൺഗ്രസ്സ് നടത്തുകയുണ്ടായി. മനുഷ്യരുടെ സമഗ്ര വികസനവും കത്തോലിക്കരുടെ തടവറ അജപാലനശുശ്രൂഷയും സംബന്ധിച്ച കോൺഫ്രൻസ് ആയിരുന്നു അത്. ഫ്രാൻസിസ് മാർപാപ്പ

ഈ കോൺഫ്രൻസിൽ വച്ച് തടവുകാർക്ക് ശുശ്രൂഷ ചെയ്യുന്നവർ അവരുടെ വീക്ഷണവും സമീപനവും വ്യത്യാസപ്പെടുത്തണമെന്ന് നിഷ്കർഷിച്ചു. നവീകരണവും വികസനവും മനുഷ്യരുടെ സമഗ്രമായ വളർച്ചക്ക് കൂടുതൽ നല്ല അവസരങ്ങൾ നൽകുന്നതായിരിക്കണമെന്ന് മാർപാപ്പ ഓർമ്മപ്പെടുത്തി. മനുഷ്യവ്യക്തിയുടെ ദൈവികമായ മഹത്വം സംരക്ഷിക്കപ്പെടുവാനുള്ള അവകാശം നിഷേധിക്കപ്പെട്ടാൽ തടവറ സഹോദരങ്ങൾ വീണ്ടും അക്രമം, സുരക്ഷിതത്വമില്ലായ്മ, നിരാശ എന്നിവയിൽ ചെന്നുവീഴും. തിന്മ ചെയ്തതിനു ശിക്ഷ അനുഭവിച്ചു കഴിഞ്ഞവരെ വീണ്ടും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു.

തടവറയിൽ കഴിയുന്നവരെ നവീകരിക്കാനും അവർക്ക് പൂർണ്ണത വരുത്താനുമുള്ള മാർപാപ്പയുടെ ആഹ്വാനത്തെ അടിസ്ഥാനപ്പെടുത്തി തടവറ പ്രേഷിത കൂട്ടായ്മ ഈ വർഷത്തെ തടവറ പ്രേഷിതദിനത്തിൽ "പരിഷ്ക്കരണത്തിലൂടെ ഏകീകരണത്തിലേക്ക്" എന്ന ചിന്താവിഷയമാണ് പരിഗണിച്ചിരിക്കുന്നത്. ആരംഭത്തിൽ തന്നെ, ഈശോയുടെ പ്രബോധനങ്ങളിൽ വളരെ ശ്രദ്ധേയമായ ഒരെണ്ണം ഓർമ്മയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. "നീ പ്രതിയോഗിയോടു വഴിക്കുവച്ചു തന്നെ വേഗം രമ്യതപ്പെട്ടുകൊള്ളുക. അല്ലെങ്കിൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ സേവകനും ഏൽപ്പിച്ചു കൊടുക്കും അങ്ങനെ നീ കാരാഗൃഹത്തിൽ അടയ്ക്കപ്പെടും. അവസാനത്തെ ചില്ലിക്കാശും കൊടുത്തു വീട്ടുവോളം നീ അവിടെനിന്നു പുറത്തു വരുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു"(മത്താ 5:25-26). തടവറയിലേക്ക് പോകാതിരിക്കുന്നതാണ് കൂടുതൽ നല്ലതെന്ന് അനേകരുടെ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. രോഗശമനത്തെക്കാൾ പ്രതിരോധമാണല്ലോ ശ്രേഷ്ഠം.

തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ പരമപ്രധാനമായ ധർമ്മം തടവറയിൽ കഴിയുന്നവരെ അനുതാപത്തിലേക്കും അനുരഞ്ജനത്തിലേക്കും വ്യക്തിത്വ രൂപീകരണത്തിലേക്കും നയിക്കുക എന്നതാണ്. നമുക്ക് അറിയാവുന്നതുപോലെ ഈശോയുടെ ഏറ്റവും മൗലികമായ പ്രബോധനം മാനസാന്തരപ്പെടുവാനുള്ള ആഹ്വാനമാണ്. "മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപസ്ഥമായിരിക്കുന്നു" (മത്താ:3:2). "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ:18:3). യഥാർത്ത മാനസാന്തരം ദൈവത്തോടും സമൂഹത്തോടും കുടുംബത്തോടും തന്നോടു തന്നെയുമുള്ള അനുരഞ്ജനത്തിലേക്ക് ഒരു വ്യക്തിയെ നയിക്കുന്നു. "നീ ബലിപീഠത്തിൽ ബലി

യർപ്പിക്കുമ്പോൾ നിന്റെ സഹോദരന് എന്തെിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക. പിന്നെ വന്നു കാഴ്ചയർപ്പിക്കുക" (മത്താ 5:23-24) എന്ന തിരുവചനം നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. അനുതാപവും അനുരഞ്ജനവും കൃപാവരത്തിന്റെയും ആദ്ധ്യാത്മിക പടപൊരുതലിന്റെയും പ്രവർത്തികളാണ്. അതുകൊണ്ട് തടവറ പ്രേഷിത കൂട്ടായ്മയുടെ നവീകരണ പരിശ്രമങ്ങളുടെ ഫലപൂർണ്ണതയ്ക്കുവേണ്ടി നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളും ഉപവാസവും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. യേശുസാഹോദര്യ കൂട്ടായ്മയുടെ പരമ ലക്ഷ്യം ജീവിതയാത്രയിൽ സ്വയം നഷ്ടപ്പെട്ടവരുടെ നിത്യരക്ഷതന്നെയാണ്. തടവറയിലുള്ളവർ നമ്മുടെ സഹോദരന്മാരും സഹോദരികളുമാണെന്ന് തടവറപ്രേഷിത ഞായർ ആചരണത്തിലൂടെ സഭ പ്രഘോഷിക്കുന്നു. അവർ അനുതപിക്കാനും അനുരഞ്ജനപ്പെടാനും തങ്ങളെത്തന്നെ നവീകരിക്കാനും സന്നദ്ധരാണെങ്കിൽ ഒരവസരം കൂടി നൽകാൻ നമ്മൾ തയ്യാറാകണം. തടവറയിൽ കഴിയുന്ന സഹോദരങ്ങളിൽ ക്രിസ്തുവിന്റെ മുഖം ദർശിക്കാൻ നമുക്ക് കഴിയുമ്പോഴാണ് നമ്മൾ യഥാർത്ഥത്തിൽ കാഴ്ചയുള്ളവരാകുന്നത്. യേശു പറഞ്ഞു: "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തു വന്നു" (മത്താ:25:36).

ജീസ്സസ് ഫ്രട്ടേണിറ്റി (യേശുസാഹോദര്യകൂട്ടായ്മ) തടവറകളിൽ ശുശ്രൂഷ ചെയ്യുന്ന ഒരു പ്രേഷിത കൂട്ടായ്മയാണ്. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസ്സസ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. കഴിഞ്ഞ 34 വർഷങ്ങളായി, കേരളത്തിലെ ജയിലുകൾ സന്ദർശിച്ചുകൊണ്ട് തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസിലിങ്ങുകളിലൂടെയും, ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ല ചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ ശ്രദ്ധിക്കുന്നു. ജയിലുകൾ മാത്രമല്ല തടവറയിലെ സഹോദരരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തുവരുന്നു. കൂടാതെ, അവരുടെ മക്കളെ ജീസ്സസ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുന്നതോടൊപ്പം വിവാഹ പ്രായമെത്തിയവരെ വിവാഹം കഴിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. പതിനൊന്ന്

പുനരധിവാസ കേന്ദ്രങ്ങൾ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം പുരുഷന്മാർക്കും രണ്ടെണ്ണം സ്ത്രീകൾക്കും ബാക്കി ആറ് എണ്ണം കുട്ടികൾക്കു വേണ്ടി യുക്തരായവരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് ഇതുവരെ സാധിച്ചിട്ടുണ്ട്. തൃശൂർ വെട്ടുകാട് പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും കേരള കത്തോലിക്ക മെത്രാൻ സമിതി യുടെ കീഴിൽ വരുന്ന യേശുസാഹോദര്യകൂട്ടായ്മയുടെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990 ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്നുമായി നാളിതുവരെ 250-ൽ പരം യുവതീയുവാക്കളുടെ വിവാഹം നടത്തി സഹായിച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചുചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാ വർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്ര വളർച്ചക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോ പകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ കഴിയുന്നവരുടെ മക്കളുടെ പഠനനാളുകളിൽ ആവശ്യമായി വരുന്ന എല്ലാ ചെലവുകളും യേശുസാഹോദര്യ കൂട്ടായ്മയുടെ നേതൃത്വത്തിൽ നിർവഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നവിധം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രമായി ഒരു പൊതു അംഗീകാരവും നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതകളിലും ഡയറക്ടറച്ചന്മാരുടെ നേതൃത്വത്തിൽ 46-ഓളം യൂണിറ്റുകളിലായി ആയിരത്തിൽപരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. നമ്മുടെ എല്ലാ രൂപതകളിൽ നിന്നും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസ്സസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. വൈദിക വിദ്യാർത്ഥികൾ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും വൈദികരും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവക മായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിന ത്തിൽ ഇടവകകളിൽ നിന്നു ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസ്സസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു

കൊണ്ടുപോകുന്നത്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഈ വർഷം പല പരിമിതികളുമുണ്ട് എന്നതു വസ്തുതയാണ്. എങ്കിലും സാധിക്കുന്നവിധമുള്ള സംഭാവനകൾ ഓരോ രൂപതയും പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസ്സസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ആഗതമാകുന്ന ഭാരത സ്വാതന്ത്ര്യദിനവും സ്വർഗ്ഗാപണ തിരുനാളും നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

**ബിഷപ്പ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്
പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്
പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൂസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്
പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

# സർക്കുലർ

***Circular Letter No. 18/2020***
***Prot. No. 23481/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരേ,

വി. കുർബാനയിലെ നാലാമത്തെ ഗേഹന്താ പ്രാർത്ഥനയിൽ ഭാഷാപരമായ ചില മാറ്റങ്ങൾ വരുത്തിക്കൊണ്ട് സീറോ മലബാർ ലിറ്റർജി കമ്മീഷനിൽ നിന്ന് അയച്ച് തന്നിട്ടുള്ള പാഠഭാഗമാണ് താഴെക്കൊടുത്തിരിക്കുന്നത്.

**ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്ന് ജീവദായകമായ സുവിശേഷം വഴി [പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ, വേദപാരംഗതന്മാർ, മെത്രാന്മാർ, പുരോഹിതന്മാർ, ശംശാനാമാർ, എന്നിവരുടെയും] വിശുദ്ധ മാമ്മോദീസായുടെ സജീവവും ജീവദായകവുമായ അടയാളത്താൽ മുദ്രിതരും [+ ബലിപീഠത്തിന്മേൽ കുരിശടയാളം വരക്കുന്നു] പരിശുദ്ധ കത്തോലിക്കാ സഭയുടെ സന്താനങ്ങളുമായ എല്ലാവരുടെയും നൈർമ്മല്യവും വിശുദ്ധിയും ഞങ്ങളെ പഠിപ്പിച്ചെന്നും എല്ലാവരും അറിയട്ടെ.**

വി.കുർബാനയുടെ മൂലഭാഷയായ സുറിയാനിയോട് കൂടുതൽ വിശ്വസ്തത പുലർത്തുന്ന തർജ്ജിമ എന്നതിനാലാണ് ഈ മാറ്റം നിർദ്ദേശിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട വൈദികർ വി. കുർബാന അർപ്പിക്കുമ്പോൾ ഈ രീതിയിൽ ചൊല്ലാൻ ശ്രദ്ധിക്കുമല്ലോ. നിങ്ങൾക്കെല്ലാവർക്കും മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 ജൂലൈ 28 ന് നൽകപ്പെട്ടത്.

**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# സർക്കുലർ

***Circular Letter No. 19/2020***
***Prot. No. 23482/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2020 ജൂൺ 20 ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ ലൊറേറ്റോ ലുത്തിനീയ എന്നറിയപ്പെടുന്നതും ഇപ്പോൾ മാതാവിന്റെ ജപമാലയിൽ ആലപിക്കപ്പെടുന്നതുമായ ലുത്തിനീയായിൽ ചേർക്കാനായി പരിശുദ്ധ കന്യാമറിയത്തിന്റെ മൂന്ന് അഭിസംബോധന കൾ കൂടി തന്ന വിവരം മാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞ് കാണുമല്ലോ. അവയോടൊപ്പം മുമ്പ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്നിരുന്ന രണ്ട് അഭിസംബോധനയും കൂടെ ചേർത്ത് അവ മലയാളത്തിൽ തയ്യാറാക്കി നമ്മുടെ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് അയച്ച് തന്നിട്ടുണ്ട്. ഇനി മുതൽ നിങ്ങൾ ജപമാലയുടെ അവസാനം പുതിയ അഭിസംബോധനകൾ ചേർത്ത ലുത്തിനീയാ ചൊല്ലാൻ ശ്രദ്ധിക്കുമല്ലോ. സഭയുടെ പ്രതീകവും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയുമായ പരിശുദ്ധ അമ്മ നമുക്കേവർക്കും ഈശോയെ ലോകത്തിന് കൊടുക്കുന്നതിൽ മാതൃകയാകട്ടെ. അതുപോലെ അമ്മയുടെ മാദ്ധ്യസ്ഥം നമുക്ക് തേടുകയും ചെയ്യാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 ജൂലൈ മാസം 28 ന് നൽകപ്പെട്ടത്.

**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# MARIAN LITANY

Marian Litany takes its name and origin from the Marian shrine of Loreto in Italy. This Litany is believed to have been used there as far back as 1531. It was officially approved in 1587 by Pope Sixtus V who suppressed all other Marian litanies which were used publicly until then. The Litany of Loreto is the only approved Marian litany. However, many more Marian litanies were and are in use, but are designated for private devotions, as is evident, for example, in the so-called *Officia Mariana.*

Please find here below the official Marian Litany approved from Rome for the use of our faithful. It includes the invocations added by St. Pope John Paul II; "Mother of the Church" in 1980 and "Queen of Families" in 1995 and also those recently added by Pope Francis: "Mother of Mercy", "Mother of Hope" and "Solace of Migrants".

| | |
|---|---|
| Lord have mercy, | **Lord have mercy** |
| Christ have mercy, | **Christ have mercy** |
| Lord have mercy, | **Lord have mercy** |
| Christ hear us, | **Christ hear us** |
| Christ graciously hear us, | **Christ graciously hear us** |
| God, the Father of heaven, | **Have mercy on us** |
| God the Son, Redeemer of the world, | " |
| God the Holy Spirit, | " |
| Holy Trinity, one God, | " |
| Holy Mary, | **Pray for us** |
| Holy Mother of God, | " |
| Holy Virgin of virgins, | " |
| Mother of Christ, | " |
| Mother of the Church, | " |
| Mother of mercy, | " |
| Mother of divine grace, | " |

| | |
|---|---|
| Mother of hope, | " |
| Mother most pure, | " |
| Mother most chaste, | " |
| Mother inviolate, | " |
| Mother undefiled, | " |
| Mother most amiable, | " |
| Mother admirable, | " |
| Mother of good counsel, | " |
| Mother of our Creator, | " |
| Mother of our Saviour, | " |
| Virgin most prudent, | " |
| Virgin most venerable, | " |
| Virgin most renowned, | " |
| Virgin most powerful, | " |
| Virgin most merciful, | " |
| Virgin most faithful, | " |
| Mirror of justice, | " |
| Seat of wisdom, | " |
| Cause of our joy, | " |
| Spiritual vessel, | " |
| Vessel of honour, | " |
| Singular vessel of devotion, | " |
| Mystical rose, | " |
| Tower of David, | " |
| Tower of ivory, | " |
| House of gold, | " |
| Ark of the covenant, | " |
| Gate of heaven, | " |
| Morning star, | " |
| Health of the sick, | " |
| Refuge of sinners, | " |
| Solace of migrants, | " |

Comfort of the afflicted, "
Help of Christians, "
Queen of Angels, "
Queen of Patriarchs, "
Queen of Prophets, "
Queen of Apostles, "
Queen of Martyrs, "
Queen of Confessors, "
Queen of Virgins, "
Queen of all Saints, "
Queen conceived without original sin, "
Queen assumed into heaven, "
Queen of the most holy Rosary, "
Queen of families, "
Queen of peace. "

Lamb of God, who takes away the sins of the world,
**spare us, O Lord.**
Lamb of God, who takes away the sins of the world,
**graciously hear us, O Lord.**
Lamb of God, who takes away the sins of the world,
**have mercy on us.**

From,
**Major Archiepiscopal Curia**

# ദൈവമാതാവിന്റെ ലുത്തിനിയ

പരിശുദ്ധ കന്യകാമാതാവിന്റെ ലുത്തിനിയായുടെ ആരംഭം ഇറ്റലിയിലുള്ള ലൊറേറ്റോയിലെ മാതാവിന്റെ ദൈവാലയത്തിൽ നിന്നാണ്. ഈ ലുത്തിനിയ ലൊറേറ്റോയിൽ 1531 മുതൽ ഉപയോഗിച്ച് വരുന്നു. 1587 ൽ സിക്സ്റ്റസ് അഞ്ചാമൻ പാപ്പാ ഈ ലുത്തിനിയ ഔദ്യോഗികമായി അംഗീകരിച്ചു. മറ്റ് എല്ലാ ലുത്തിനിയാകളുടെയും പരസ്യമായ ഉപയോഗം നിർത്തലാക്കുകയും ചെയ്തു. പാപ്പാ അംഗീകരിച്ച ഈ ലുത്തിനിയായുടെ ഔദ്യോഗിക പതിപ്പ് വിശ്വാസികളുടെ ഉപയോഗത്തിനായി സമർപ്പിക്കുന്നു. ഇതിൽ ജോൺ പോൾ രണ്ടാമൻ പാപ്പാ 1980–ൽ ചേർത്ത 'സഭയുടെ മാതാവേ' എന്ന അപദാനവും 1995–ൽ ചേർത്ത 'കുടുംബങ്ങളുടെ രാജ്ഞി' എന്നതും ചേർത്തിട്ടുണ്ട്. കൂടാതെ ഈയിടെ ഫ്രാൻസിസ് പാപ്പാ കൂട്ടിച്ചേർത്ത 'കരുണയുടെ മാതാവേ', 'പ്രത്യാശയുടെ മാതാവേ', 'കുടിയേറ്റക്കാരുടെ ആശ്വാസമേ' എന്ന മൂന്ന് അപദാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കർത്താവേ, അനുഗ്രഹിക്കണമേ, **കർത്താവേ, അനുഗ്രഹിക്കണമേ**
മിശിഹായേ, അനുഗ്രഹിക്കണമേ, **മിശിഹായേ, അനുഗ്രഹിക്കണമേ**
കർത്താവേ, അനുഗ്രഹിക്കണമേ, **കർത്താവേ, അനുഗ്രഹിക്കണമേ**
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ,
**മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ**
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ,
**മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ**
സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ, **ഞങ്ങളെ അനുഗ്രഹിക്കണമേ**
ഭൂലോക രക്ഷകനായ പുത്രനായ ദൈവമേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായ പരിശുദ്ധത്രിത്വമേ,
പരിശുദ്ധ മറിയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ദൈവത്തിന്റെ പരിശുദ്ധ ജനനീ,
കന്യകൾക്കു മകുടമായ നിർമല കന്യകേ,
മിശിഹായുടെ മാതാവേ,
തിരുസഭയുടെ മാതാവേ,
കരുണയുടെ മാതാവേ,
ദൈവവരപ്രസാദത്തിന്റെ മാതാവേ,
പ്രത്യാശയുടെ മാതാവേ

ഏറ്റം നിർമ്മലയായ മാതാവേ,
അത്യന്തവിരക്തയായ മാതാവേ,
കളങ്കമറ്റ കന്യകയായ മാതാവേ,
കന്യാത്വത്തിനു ഭംഗംവരാത്ത മാതാവേ,
സ്നേഹത്തിന് ഏറ്റം യോഗ്യയായ മാതാവേ,
അത്ഭുതത്തിന് വിഷയമായ മാതാവേ,
സദുപദേശത്തിന്റെ മാതാവേ,
സ്രഷ്ടാവിന്റെ മാതാവേ,
രക്ഷകന്റെ മാതാവേ,
ഏറ്റം വിവേകമതിയായ കന്യകേ,
വണക്കത്തിന് ഏറ്റം യോഗ്യയായ കന്യകേ,
സ്തുതിക്കു യോഗ്യയായ കന്യകേ,
മഹാ വല്ലഭയായ കന്യകേ,
കനിവുള്ള കന്യകേ,
ഏറ്റം വിശ്വസ്തയായ കന്യകേ,
നീതിയുടെ ദർപ്പണമേ,
ദിവ്യജ്ഞാനത്തിന്റെ സിംഹാസനമേ,
ഞങ്ങളുടെ സന്തോഷത്തിന്റെ കാരണമേ,
ആത്മജ്ഞാനപൂരിത പാത്രമേ,
ബഹുമാനത്തിന്റെ പാത്രമേ,
അത്ഭുതകരമായ ഭക്തിയുടെ പാത്രമേ,
ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന റോസപുഷ്പമേ,
ദാവീദിന്റെ കോട്ടയേ,
നിർമ്മല ദന്തം കൊണ്ടുള്ള കോട്ടയേ,
സ്വർണാലയമേ,
വാഗ്ദാനത്തിന്റെ പേടകമേ,
സ്വർഗത്തിന്റെ വാതിലേ,
ഉഷഃകാല നക്ഷത്രമേ,
രോഗികളുടെ ആരോഗ്യമേ,
പാപികളുടെ സങ്കേതമേ,
കുടിയേറ്റക്കാരുടെ ആശ്വാസമേ,
പീഡിതരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞി,
പൂർവ്വപിതാക്കന്മാരുടെ രാജ്ഞി,

ദീർഘദർശികളുടെ രാജ്ഞി,
ശ്ലീഹന്മാരുടെ  രാജ്ഞി,
വേദസാക്ഷികളുടെ രാജ്ഞി,
വന്ദകൻമാരുടെ രാജ്ഞി,
കന്യകളുടെ രാജ്ഞി,
സകല വിശുദ്ധരുടെയും രാജ്ഞി,
അമലോത്ഭവയായ രാജ്ഞി,
സ്വർഗ്ഗാരോപിതയായ  രാജ്ഞി,
പരിശുദ്ധ ജപമാലയുടെ രാജ്ഞി,
കുടുംബങ്ങളുടെ രാജ്ഞി,
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി,
സമാധാനത്തിന്റെ രാജ്ഞി,
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
**കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ**
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
**കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ**
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,
**കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ**

**മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ**

* കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി എന്ന അപദാനം ലൊറേറ്റോ ലുത്തിനിയായിൽ കാണുന്നില്ല. എങ്കിലും കേരളത്തിലെ സഭയിൽ ഉപയോഗിക്കുന്നതുകൊണ്ട് അതും ഈ ലുത്തിനിയായിൽ ചേർത്തിട്ടുണ്ട്.

# സർക്കുലർ

***Circular Letter No. 20/2020***
***Prot. No. 23484/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ, വാൽസല്യമുള്ള കുട്ടികളേ,

നമ്മുടെ രാജ്യത്ത് കൊറോണാ വൈറസ് മൂലമുള്ള ലോക് ഡൗൺ ആരംഭിച്ചിട്ട് നാല് മാസം പിന്നിട്ട് കഴിഞ്ഞു. ഈ പകർച്ചവ്യാധി പൂർണ്ണമായും ഇല്ലാതായി ജനജീവിതം സാധാരണക്രമത്തിലാകാൻ ഇനിയും സമയമെടുക്കാനാണ് സാധ്യത. ദൈവം കനിഞ്ഞ് ഈ രോഗം ലോകത്ത് നിന്ന് പൂർണ്ണമായും മാറ്റാൻ വേണ്ടി പ്രാർത്ഥിക്കാം.

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ. 11:28-29) എന്ന് വാഗ്ദാനം ചെയ്ത കർത്താവായ ഈശോയാണ് നമ്മുടെ അഭയവും പ്രത്യാശയും. ഇസ്രായേൽക്കാരെ ചെങ്കടൽ വിഭജിച്ച് വഴി നടത്തുകയും മരുഭൂമിയിൽ പാറയിൽ നിന്നും ജലം പുറപ്പെടുവിച്ച് അവരുടെ ദാഹം തീർക്കുകയും ചെയ്ത ദൈവം ഈ പ്രതിസന്ധി ഘട്ടത്തിൽ നമ്മുടെ കൂടെ ഉണ്ട്. അതിനാൽ ഉറച്ച വിശ്വാസത്തോടെ നമ്മുടെ തെറ്റുകളെ കുറിച്ച് പശ്ചാത്തപിച്ചുകൊണ്ട് ദൈവത്തിന്റെ കരുണയ്ക്കായി പ്രാർത്ഥിക്കാം.

"നിന്നോട് കരുണയുള്ള കർത്താവ് അരുളി ചെയ്യുന്നു മലകൾ അകന്നുപോയേക്കാം, കുന്നുകൾ മാറ്റപ്പെട്ടേക്കാം, എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല. എന്റെ സമാധാന ഉടമ്പടിക്ക് മാറ്റം വരികയുമില്ല" (ഏശയ്യ 54:10). ഈ തിരുവചനം നമുക്ക് ശക്തി പകരട്ടെ. ഈ ആഗസ്റ്റ് മാസം 7-ാം തീയതി ആദ്യ വെള്ളിയാഴ്ച നമ്മൾ രൂപതാതലത്തിൽ ഒരു പ്രാർത്ഥനാ ദിനമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാവരിൽ നിന്നും കൊറോണാ വൈറസ് നീക്കം ചെയ്യപ്പെടുന്നതിനും പ്രളയം പോലെയുള്ള പ്രകൃതി ദുരന്തങ്ങളിൽ നിന്നും

സംരക്ഷണം ലഭിക്കുന്നതിനും നമ്മുടെ രൂപതയുടെ പൊതുവായ നിയോഗങ്ങൾക്കും വേണ്ടിയാണ് പ്രധാനമായും നമ്മൾ പ്രാർത്ഥിക്കുന്നത്. ആഗസ്റ്റ് 7-ന് സാധിക്കുന്നവരെല്ലാം ഉപവസിക്കുകയും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ഭവനങ്ങളിൽ ഇരുന്നും ദേവാലയം സന്ദർശിച്ചും പ്രാർത്ഥിക്കുകയും ചെയ്യണം. ലോക് ഡൗൺ നിബന്ധനകൾ പൂർണ്ണമായി പാലിക്കേണ്ടതിനാൽ ദേവാലയത്തിൽ ആളുകൾ ഒരുമിച്ച് വരേണ്ടതില്ല. സമർപ്പിത ഭവനങ്ങളിലും ദേവാലയങ്ങളിലും സാധിക്കുംവിധം വിശുദ്ധ കുർബാനയുടെ ആരാധന നടത്തണം. കണ്ടെയ്ൻമെന്റ് സോണുകളിൽ ഉള്ളവർ സ്വന്തം ഭവനങ്ങളിലിരുന്ന് പ്രാർത്ഥിച്ചാൽ മതിയാകുന്നതാണ്. ഓൺലൈൻ ആയിട്ടുള്ള ആരാധനയിൽ വീട്ടിലിരുന്നും പങ്കെടുക്കാവുന്നതാണല്ലോ. കാരുണ്യവാനായ ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 ജൂലൈ മാസം 28 ന് നൽകപ്പെട്ടത്.

**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**Jose Porunnedom**
**Bishop of Mananthavady**

Prot. No. 23432/2020

## കൂളിവയൽ സെന്റ് മദർ തെരേസ കുരിശുപള്ളിയെ സ്വതന്ത്ര കുരിശുപള്ളിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഡിക്രി

**മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ കീഴിലുള്ള കൂളി വയൽ സെന്റ് മദർ തെരേസ കുരിശുപള്ളിയെ സ്വതന്ത്ര കുരിശു പള്ളിയായി പ്രഖ്യപിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.**

1951–ൽ സ്ഥാപിതമായ ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ കീഴിലുള്ള നാലു കുരിശുപള്ളികളിൽ ഒന്നാണ് കൂളി വയൽ വിശുദ്ധ മദർ തെരേസയുടെ നാമധേയത്തിലുള്ള കുരിശുപള്ളി. കൂളിവയൽ ഭാഗത്തെ 1 മുതൽ 9 വരെയുള്ള കുടുംബയൂണിറ്റു കളിലുള്ള 150 കുടുംബങ്ങൾ കൂളിവയൽ കുരിശുപള്ളിയിൽ തിരു ക്കർമ്മങ്ങളിൽ സംബന്ധിച്ചു വരുന്നു. കൂളിവയൽ ഭാഗത്തെ കുടുംബ ങ്ങൾക്ക് തങ്ങളുടെ ഇടവക ദൈവാലയം സ്ഥിതി ചെയ്യുന്ന ചെറുകാട്ടൂ രിൽ എത്തിച്ചേരുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കി 2005 –ൽ ബഹുമാനപ്പെട്ട ജോസ് കുളിരാനിയച്ചൻ, ചെറുകാട്ടൂർ ഇടവക യുടെ വികാരിയായി ചുമതല വഹിച്ചു വരവെ മാസം തോറും നടന്നു വരാറുള്ള വാർഡ് മീറ്റിംഗുകളിൽ നടന്ന ചർച്ചകളിൽ കൂളിവയൽ, ഏഴാം മൈൽ, എടത്തുംകുന്ന്, പുളിക്കംവയൽ, ആറുമൊട്ടം കുന്ന്, കാപ്പു ഞ്ചാൽ, മതിശ്ശേരി ഭാഗങ്ങളിലായി താമസിച്ചു വരുന്ന ഏകദേശം നൂറ്റി മുപ്പതോളം കുടുംബങ്ങൾക്ക് ചെറുകാട്ടൂർ ഇടവക ദേവാലയത്തിൽ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനായി എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിന്റെ ആവശ്യകത യെക്കുറിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ വെളിച്ചത്തിൽ കൂളിവയ ലിൽ കുരിശുപള്ളി സ്ഥാപിക്കുകയാണെങ്കിൽ പ്രദേശവാസികളായ കുടുംബങ്ങൾക്ക് സൗകര്യപ്രദമായി തീരുമെന്ന് കണ്ടെത്തുകയും ചെയ്തു.

12-06-2005 -ന് ബഹു. ജോസ് കുളിരാനിയച്ചന്റെ അദ്ധ്യക്ഷതയിൽ നിയമാനുസൃതം വിളിച്ചു ചേർത്ത ചെറുകാട്ടൂർ ഇടവകയുടെ പ്രത്യേക പൊതുയോഗത്തിന്റെ തീരുമാന പ്രകാരം കൂളിവയലിൽ കുരിശുപള്ളി സ്ഥാപിക്കുന്നതിനായി വസ്തു വാങ്ങുന്നതിന് തീരുമാനിക്കുകയും പ്രസ്തുത യോഗതീരുമാനം രൂപതാ വികാരി ജനറാൾ അംഗീകരിക്കുകയും ചെയ്തത് പ്രകാരം കാപ്പുംചാലിലെ 23 സെന്റ് സ്ഥലം വിറ്റുകിട്ടിയ 1,84,000/- രൂപയും പ്രദേശവാസികളിൽ നിന്ന് സംഭാവനയായി ലഭിച്ച സംഖ്യയും ചേർത്ത് മാനന്തവാടി - കോഴിക്കോടു റോഡിനോടു ചേർന്ന് കൂളിവയലിനും കാപ്പുംചാലിനും ഇടയിലായി കുരിശുപള്ളി സ്ഥാപിക്കുന്നതിനായി 45 സെന്റ് സ്ഥലം 27-08-2005-ന് വാങ്ങുകയും ചെയ്തു. തുടർന്ന് ഈ സ്ഥലത്ത് കുരിശുപള്ളി നിർമ്മിക്കുന്നതിനെക്കുറിച്ച് തീരുമാനിക്കുന്നതിനായി 25-02-2007-ന് ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ പ്രദേശവാസികളായ കുടുംബനാഥന്മാരുടെ യോഗം പള്ളിയിൽ വച്ച് കൂടുകയും കുരിശുപള്ളിയ്ക്കായി വാങ്ങിച്ച സ്ഥലത്ത് കുരിശുപള്ളി നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി പ്രദേശത്തെ വാർഡുകളിൽ നിന്നുള്ള 30 അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. പള്ളി നിർമ്മാണത്തിന്റെ ജനറൽ കൺവീനറായി ശ്രീ. കെ. എം. ദേവസ്യ മാാസ്റ്റർ കുഴിമുള്ളിലിനെ തെരഞ്ഞെടുത്തു.

01-03-2007 -ന് ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ കുരിശുപള്ളിയുടെ നിർമ്മാണം ആരംഭിക്കുകയും പ്രദേശവാസികളുടേയും ഇടവക ജനങ്ങളുടേയും ഇടവകയ്ക്ക് പുറത്തു നിന്നുള്ള ഉപകാരികളുടെയും ആത്മാർത്ഥമായ സാമ്പത്തിക സഹായങ്ങൾ കൊണ്ട് 2008 ഏപ്രിൽ മാസത്തിൽ കുരിശുപള്ളിയുടെ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചു. ബഹുമാനപ്പെട്ട ജോസ് കുളിരാനിയച്ചന്റേയും പ്രദേശവാസികളുടേയും ഐക്യകണ്ഠേനയുള്ള തീരുമാനപ്രകാരമാണ് കുരിശുപള്ളി വാഴ്ത്തപ്പെട്ട മദർ തെരേസയുടെ നാമധേയത്തിൽ നിർമ്മിക്കുന്നതിനായി തീരുമാനിച്ചത്. 2008 മെയ് മാസം 10-ാം തീയതി ശനിയാഴ്ച മാനന്തവാടി രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജോസ് പൊരുന്നേടം, ദേവാലയത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

ബഹു. ജോസ് കുളിരാനിയച്ചൻ ഇടവകയിൽ നിന്നും സ്ഥലം മാറി പോയതിനെ തുടർന്ന് വികാരിയായി ചുമതലയേറ്റ ബഹു. ജോർജ്ജ് ആലുക്ക അച്ചൻ പ്രദേശവാസികളുടെ ആവശ്യം പരിഗണിച്ച് എല്ലാ ഞായറാഴ്ചകളിലും കൂളിവയൽ കുരിശു പള്ളിയിൽ ദിവ്യബലി ആരംഭിക്കുകയും ചെയ്തു. കുരിശുപള്ളിയിൽ നൊവേന നടത്തുന്നതിനായി 10-08-2008-ാം തീയതി മാനന്തവാടി രൂപതാദ്ധ്യക്ഷന് അപേക്ഷ

നൽകുകയും Prot. No.7203/08 കൽപ്പന പ്രകാരം അത് അനുവദിക്കപ്പെടുകയും ചെയ്തു. പിന്നീട് ബഹു. വികാരിയച്ചൻ അപേക്ഷ നൽകിയതു പ്രകാരം വിശ്വാസി സമൂഹത്തിന്റെ വണക്കത്തിനായി വിശുദ്ധ മദർ തെരേസയുടെ തിരുശേഷിപ്പ് – 'Ex- Sanguine' മിഷണറീസ് ഓഫ് ചാരിറ്റിക്ക് വേണ്ടി സി. എമിലിൻ എം. സി. അയച്ചു നൽകി. അന്നു മുതൽ എല്ലാ ബുധനാഴ്ചകളിലും വിശുദ്ധ കുർബ്ബാനയും തുടർന്ന് വിശുദ്ധ മദർ തെരേസയുടെ നൊവേനയും കുരിശുപള്ളിയിൽ നടന്നു വരികയും ചെയ്യുന്നു.

2012 മെയ് മാസത്തിൽ ബഹു. ജോർജ്ജ് ആലുക്ക അച്ചൻ മാണ്ഡ്യ രൂപതയുടെ വികാരി ജനറലായി സ്ഥലം മാറിപ്പോയപ്പോൾ ബഹു. ജോർജ്ജ് തേരകം അച്ചൻ ചെറുകാട്ടൂർ ഇടവകയുടെ വികാരിയായി ചുമതലയേൽക്കുകയും ചുമതലയേറ്റ ഉടനെ തന്നെ കുരിശുപള്ളി സന്ദർശിച്ച വികാരിയച്ചന്റെ അഭിപ്രായപ്രകാരം പള്ളിയും പരിസരവും മനോഹരമാക്കുന്നതിന് തീരുമാനിക്കുകയും അതിൻ പ്രകാരം 2012 ജൂൺ മാസത്തിൽ പള്ളിയുടെ സ്ഥലത്തിന് അരിക് ഭിത്തിയും പള്ളിയോട് ചേർന്ന് സങ്കീർത്തിയും, ടോയ്‌ലെറ്റും നിർമ്മിക്കുകയും ചെയ്തു. 2012 ഓഗസ്റ്റ് 28–ാം തീയതി വാർഷിക തിരുനാളിനോടനുബന്ധിച്ച് രൂപത വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ സങ്കീർത്തിയുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു. 2017–ൽ ചെറുകാട്ടൂർ ഇടവക വികാരിയായി ബഹു. ജോർജ് കിഴക്കുംപുറം അച്ചൻ ചുമതലയേറ്റതിനുശേഷം പള്ളിയുടെ പരിസരവും റോഡും ഇന്റർലോക്കിട്ട് മനോഹരമാക്കുകയും പള്ളിയുടെ മുൻഭാഗത്ത് പോർട്ടിക്കോ നിർമ്മിക്കുകയും കുരിശുപള്ളി പരിസരത്തു തന്നെ കുഴൽകിണർ കുഴിച്ച് പള്ളിയിലേക്ക് വെള്ളം ലഭ്യമാക്കുകയും ചെയ്തു.

കുരിശുപള്ളി നിർമ്മിക്കുന്നതിനുള്ള ആശയം ഉണ്ടായതു മുതൽ നാളിതുവരെയുള്ള മുഴുവൻ സാമ്പത്തിക ചെലവുകളും കൂളിവയൽ കുരിശു പള്ളിയുടെ കീഴിൽ വരുന്ന കുടുംബാംഗങ്ങളുടെ നിർലോഭമായ സഹകരണം കൊണ്ട് സമാഹരിച്ചിട്ടുള്ളതാണ്. കുരിശുപള്ളിയുടെ ദൈനംദിന നടത്തിപ്പിനുള്ള ചിലവുകൾ കുരിശുപള്ളിക്ക് ലഭിക്കുന്ന നേർച്ചകാഴ്ചകളിൽ നിന്ന് നാളിതുവരെ ലഭിച്ചു വരുന്നതുമാണ്. നിലവിൽ കൂളിവയൽ പ്രദേശത്തെ കുടുംബയൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ആണ് കുരിശുപള്ളിയുടെ നടത്തിപ്പു കാര്യങ്ങൾ ചെയ്തു വരുന്നത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം ഇടവക പള്ളിയിൽ നിന്ന് മൂന്ന് കിലോമീറ്റർ വരെ അകലെ താമസിക്കുന്ന

കുടുംബങ്ങൾക്ക് ഇടവകപ്പള്ളിയിൽ സുഗമമായി എത്തിച്ചേരുന്നതിനോ, തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നതിനോ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ നിലവിൽ കൂളിവയൽ കുരിശുപള്ളിയിൽ തിരുക്കർമ്മങ്ങൾ ഉള്ളത് വളരെയധികം സൗകര്യപ്രദമാണ്. കൂളിവയൽ വിശുദ്ധ മദർ തെരേസ കുരിശുപള്ളിയുടെ കീഴിൽ വരുന്ന പ്രദേശത്തെ കുടുംബകൂട്ടായ്മയിൽപ്പെടുന്നവരുടെ ആത്മീയമായ ഉന്നമനത്തിനും കൂട്ടായ്മ ശക്തിപ്പെടുന്നതിനും കുരിശുപള്ളിയുടെ വളർച്ചക്കും കുരിശുപള്ളിയുടെ ഭരണനിർവഹണം എളുപ്പമാകുന്നതിനുമായി കൂളിവയൽ കുരിശുപള്ളിയെ സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 2019 ഏപ്രിൽ 28-ാം തീയതി ചെറുകാട്ടൂർ പള്ളിയിൽ ചേർന്ന പൊതുയോഗം രൂപതാ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിച്ചു.

ഈ സാഹചര്യങ്ങളും കുരിശുപള്ളിയുടെ ആത്മീയവും ഭൗതീകമായ വളർച്ചയും ഈ പ്രദേശത്തെ ദൈവജനത്തിന്റെ ആഗ്രഹവും നിർലോഭമായ സഹകരണവും പരിഗണിച്ച് 2020 ജൂലൈ 19-ാം തീയതി ഞായറാഴ്ച മുതൽ കൂളിവയൽ സെന്റ് മദർ തെരേസ കുരിശുപള്ളിയെ സ്വതന്ത്രമായ പൊതുയോഗവും കൈക്കാരന്മാരും കണക്കുമുള്ള ഒരു സ്വതന്ത്ര കുരിശുപള്ളിയായി ഉയർത്തുന്നു. ഒരു സ്വതന്ത്ര കുരിശുപള്ളിയുടെ എല്ലാ അവകാശങ്ങളും അധികാരങ്ങളും കടമകളും അന്നു മുതൽ കൂളിവയൽ കുരിശുപള്ളിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. ഇനി മുതൽ താഴെ പറയുന്ന അതിർത്തിയ്ക്കുള്ളിൽ താമസിക്കുന്ന 150 കുടുംബങ്ങളുടെയും ഭാവിയിൽ ഈ അതിർത്തിയിൽ കുടിയേറി പാർക്കുന്നവരുടെയും ആദ്ധ്യാത്മിക സംരക്ഷണവും എല്ലാ കൂദാശകളും പരികർമ്മം ചെയ്യുന്നതിനുള്ള കടമകളും ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന കൂളിവയൽ സ്വതന്ത്ര കുരശുപള്ളിയുടെ ബഹു. വികാരിയ്ക്കും അദ്ദേഹം നിയമാനുസൃതം അധികാരപ്പെടുത്തുന്നവർക്കും മാത്രമായിരിക്കും. അപ്രകാരം അധികാരപ്പെടുത്താതെ നടത്തുന്ന കൂദാശകളുടെ, വിശിഷ്യ, വിവാഹത്തിന്റെ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതായിരിക്കും.

**അതിർത്തികൾ**

കിഴക്ക്: കാപ്പുംചാൽ-പുലമൂലവയൽ-കാട്ടറപ്പള്ളി വയൽ.

പടിഞ്ഞാറ്: അഞ്ച്കുന്ന്-ക്ളബ്സെന്ററർ-എടത്തുംകുന്ന് റോഡ്—അഞ്ചുകുന്ന് ഏഴാംമൈൽ-കുണ്ടാലറോഡ്.

വടക്ക്: മനിക്കൽവയൽ—മതിശേരി-കാട്ടറപ്പള്ളി.

തെക്ക്: എടത്തുംകുന്ന്-ആറുമുട്ടംകുന്ന് റോഡ്-വെള്ളമ്പാടിവയൽ.

സ്വന്തമായ ഒരു സെമിത്തേരി ഉണ്ടാകുന്നതുവരെ ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ സെമിത്തേരി ഉപയോഗിക്കാൻ കൂളിവയൽ സ്വതന്ത്ര കുരിശുപള്ളിയിൽപ്പെട്ടവർക്ക് അവകാശമുണ്ടായിരിക്കും. ചെറുകാട്ടൂർ ഇടവക ഇക്കാര്യം അനുവദിച്ചുകൊടുക്കേണ്ടതുമാണ്.

കൂളിവയൽ സെന്റ് മദർ തെരേസ സ്വതന്ത്ര കുരിശുപള്ളിയുടെ പ്രഥമ വികാരിയായി ബഹു. തോമസ് കാക്കോനാൽ അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

കൂളിവയൽ സെന്റ് മദർ തെരേസ സ്വതന്ത്ര കുരിശുപള്ളിയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ച എല്ലാ മുൻവികാരിമരെയും ചെറുകാട്ടൂരിലുണ്ടായിരുന്ന കൊച്ചച്ചന്മാരെയും സമർപ്പിതരേയും ഭരണസമിതി അംഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കുന്നു.

പുതിയ കുരിശുപള്ളിയുടെ ബഹു. വികാരിയച്ചനെയും, കൈക്കാരന്മാർ, വാർഡ് പ്രതിനിധികൾ എന്നിവരെയും ഇടവകജനത്തെയും നല്ല ഇടയനായ ഈശോ, പാവങ്ങളുടെ അമ്മയായ വി. മദർ തെരേസയുടെ മാദ്ധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെ ഉണ്ടായിരക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2020 ജൂലൈ മാസം 10-ാം തീയതി നൽകപ്പെട്ടത്.

**ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

JOSE PORUNNEDOM
Not to be served, But to serve
BISHOP OF MANANTHAVADY

**ഫാ. ചാക്കോ പുല്ലൻകുന്നേൽ**
ചാൻസലർ

CHANCELLOR
DIOCESE OF MANANTHAVADY

Prot. No. 23398/2020

## DECREE OF CONSTITUTION

After mature consideration and due consultations I hereby constitute a committee with immediate effect with Rev. Fr Chacko Pullankunnel (Eparchial Chancellor) as Convener and Rev. Fr Shanthidas Muthukattil, Rev. Fr Joseph Paruvummel, Rev. Fr Mathew Madappallikunnel and Shri Sebastian Palamparampil as members to review the existing Eparchial Statutes and update it wherever required incorporating those amendments made from time to time after the promulgation of the existing one and adding new norms taking into consideration the needs of the eparchy in its present and in the immediate future. In the process of updating the committee is authorized to access the documents in the eparchial archives with the express permission of the eparchial chancellor and to consult whoever can supply expertise or information. The committee is also authorized to co-opt additional members if needed. It falls within the competence of the convener in consultation with the members to do so.

The committee is to submit the first updated draft within three months from the date of this decree and the final text within five months. If needed, extension may be requested in writing stating the reasons for the delay.

All contrary dispositions notwithstanding.

Issued from the office of the bishop of the eparchy of Mananthavady on the sixth day of the month of July of the year two thousand and twenty.

**Fr Chacko Pullankunnel**
Chancellor

**Bishop Jose Porunnedom**
Bishop of the Eparchy of Mananthavady

# മാനന്തവാടി രൂപതാ നിയമാവലി പരിഷ്ക്കരണം

മാനന്തവാടി രൂപതയിൽ ഇപ്പോൾ നിലവിലുള്ള നിയമാവലി 2007-ൽ പുതുക്കിയതും 3-7-2007 ന് പ്രാബല്യത്തിൽ വന്നതുമാണ്. കഴിഞ്ഞ പതിമൂന്ന് വർഷത്തിനുള്ളിൽ നമ്മുടെ രൂപതയിലും സീറോ മലബാർ സഭയിലും ആഗോള സഭയിലും പല നിയമ ഭേദഗതികളും പുതിയ നിയമ സംവിധാനങ്ങളും ഉണ്ടായിട്ടുണ്ട്. അവ എല്ലാം തന്നെ സമയാ സമയങ്ങളിൽ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുള്ള താണ്. അവയെല്ലാം ഉൾപ്പെടുത്തികൊണ്ട് രൂപതാ നിയമാവലി കാലോ ചിതമായി പരിഷ്കരിക്കുവാനായി രൂപതാ ചാൻസലർ കൺവീനറായി ഒരു കമ്മറ്റിയെ രൂപതാദ്ധ്യക്ഷൻ നിയോഗിച്ചിരിക്കുന്നു. ഈ സാഹചര്യ ത്തിൽ രൂപതയിലെ വൈദീകർ, സമർപ്പിതർ, അത്മായർ എന്നിവ രിൽ നിന്നെല്ലാം നിയമാവലി പരിഷ്കരണവുമായി ബന്ധപ്പെട്ട നിർദ്ദേശ ങ്ങളും അഭിപ്രായങ്ങളും ഈ കമ്മിറ്റി പ്രതീക്ഷിക്കുന്നു. അഭിപ്രായ ങ്ങളും നിർദ്ദേശങ്ങളും ഉള്ളവർ അവ താഴെ കാണുന്ന വിലാസത്തിലോ, e-mail ലോ 2020 ഓഗസ്റ്റ് 31-ാം തീയതിക്ക് മുമ്പായി അറിയിക്കു വാൻ താത്പര്യപ്പെടുന്നു. നിലവിലുള്ള നിയമാവലിയിലെ വകുപ്പുകളെ പ്പറ്റി പ്രതിപാദിക്കുമ്പോൾ പേജ് നമ്പർ, ആർട്ടിക്കിൾ നമ്പർ എന്നിവ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

രൂപതാ നിയമാവലി പരിഷ്കരണ കമ്മറ്റിക്ക് വേണ്ടി,
**കൺവീനർ**

Fr. Chancellor
Bishop's House, P.B. No.1
Mananthavady P.O, 670 645
Wayanad (Dt), Kerala
E-mail: bphmtdy@gmail.com.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഓഗസ്റ്റ് 17-ാം തീയതി നമ്മുടെ പ്രിയപ്പെട്ട സണ്ണി പുതനപ്ര അച്ചന്റെ ഒന്നാം ചരമവാർഷിക ദിനമാണ്. അച്ചനെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം സ്മരിക്കാം.

ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 2 നാണ്. ഈ രണ്ട് വൈദികരേയും നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**വൈദികരുടെ വാർഷിക ധ്യാനം**

ബഹു. വൈദികരുടെ വാർഷിക ധ്യാനം പതിവനുസരിച്ച് സെപ്റ്റംബറിൽ നടത്താൻ സാധിക്കാത്ത സാഹചര്യമാണല്ലോ. അതിനാൽ വിശദാംശങ്ങൾ അറിയിക്കുന്നതാണ്. വൈദികരുടെ മാസധ്യാനങ്ങളിൽ എല്ലാവരും പങ്കെടുക്കുകയും കുർബാന കണക്കുകൾ പരസ്പരം ആ അവസരത്തിൽ പരിശോധിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും. ഇക്കാര്യത്തിൽ ബഹു. ഫൊറോനാ വികാരിമാർ ശ്രദ്ധിക്കുമല്ലോ. അധികം ഉള്ള കുർബാന നിയോഗങ്ങളും ബൈനേഷൻ - ട്രൈനേഷൻ കണക്കുകളും രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കണേ.

**സന്നദ്ധ സേവാസംഘങ്ങൾ**

കൊറോണാ വൈറസിന്റെ വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ രോഗികൾ ആരെങ്കിലും മരിക്കാൻ ഇടയായാൽ അവരെ സംസ്കരിക്കുന്നതിന് നമ്മുടെ ഇടവകകളിൽ സന്നദ്ധ സേവകർ ആവശ്യമാണ്. ഇതിനകംതന്നെ മിക്ക ഫൊറോന കളിലും ഇതിനു സന്നദ്ധരായ ചെറുപ്പക്കാർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 20 നും 45 നും ഇടയ്ക്ക് പ്രായമുള്ളവരാണ് ഇതിൽ പങ്കുചേരേണ്ടത്. നമ്മുടെ രൂപതയിലെ എല്ലാ സംഘടന കളുടെയും ഡയറക്ടർമാർ ഒരുമിച്ച് കൂടി ഇതിനുവേണ്ട ക്രമീകരണങ്ങളെപ്പറ്റി ആലോചിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

രൂപതാതലത്തിൽ ഇതിന് പൊതുവായി നേതൃത്വം നൽകുന്നത് WSSS ഡയറക്ടർ ബഹു. പോൾ കൂട്ടാല അച്ചനാണ്. ഓരോ ഫൊറോനയിലും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെടുന്ന ടീം രൂപീകരിക്കണം. ഫൊറോനാ വികാരിമാരുടെ സഹകരണത്തോടൊപ്പം സന്നദ്ധ സേവാസംഘത്തിൽ പേര് രജിസ്റ്റർ ചെയ്ത ഒരു വൈദികനാണ് ഫൊറോനാതലത്തിൽ ഇതിന് നേതൃത്വം വഹിക്കേണ്ടത്. ഈ വൈദികനെ ഫൊറോനാ ടീം തിരഞ്ഞെടുക്കണം. വലിയ ഇടവകകളിലും ഇങ്ങനെ ഒരു ടീം സജ്ജമാക്കേണ്ടതാണ്.

**അനുരഞ്ജനസമിതി**

ഇടവകകളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടവകാതല അനുരഞ്ജനസമിതി രൂപീകരിക്കാൻ തീരുമാനിച്ച വിവരം നേരത്തെ അറിയിച്ചിരുന്നുവല്ലോ. അതനുസരിച്ച് ഇടവകയിലെ പ്രതിനിധി യോഗം തിരഞ്ഞെടുക്കുന്ന രണ്ടു പുരുഷന്മാരും രണ്ട് സ്ത്രീകളും അതിന് നേതൃത്വം നൽകുന്ന ബഹു. വികാരിയച്ചനും ഉൾപ്പെടുന്ന അഞ്ച് അംഗ സമിതി രൂപീകരിക്കണം.

ഫൊറോനാ തലത്തിലുള്ള അനുരഞ്ജനസമിതിയിൽ ഫൊറോനാ കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 4 പേരും ചെയർമാനായി ഫൊറോനാ വികാരിയുമാണ് അംഗങ്ങൾ. സാധാരണമായി ഇടവകക്കാർ തമ്മിലുണ്ടാകുന്ന പ്രശ്നങ്ങൾ ഇടവകയിൽ തന്നെ പരിഹരിക്കാൻ ഇടവകാനുരഞ്ജന സമിതി ശ്രദ്ധിക്കേണ്ടതാണ്. ഇടവകാവികാരിയെ സംബന്ധിക്കുന്ന പരാതികളാണ് ഫൊറോനാ അനുരഞ്ജനസമിതി സ്വീകരിക്കേണ്ടത്. ഫൊറോനയിൽ പരിഹരിക്കാത്ത പരാതികൾ രൂപതാ അനുരഞ്ജനസമിതിക്ക് നൽകണം. കൈകാര്യം ചെയ്യുന്ന എല്ലാ കാര്യങ്ങളും രേഖാമൂലം ഉണ്ടായിരിക്കണം. മാത്രമല്ല അവ ഇടവകയിലും ഫൊറോനയിലും സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഫൊറോനാ അനുരഞ്ജനസമിതിക്ക് പരിഹാരം കാണാൻ സാധിക്കാത്തവയാണ് ഫൊറോനാ വികാരിയുടെ റിപ്പോർട്ട് സഹിതം രൂപതാ അനുരഞ്ജനസമിതിക്ക് നൽകേണ്ടത്. പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ ഓരോ തലത്തിലുമുള്ള സമിതികൾ ശ്രദ്ധിക്കേണ്ടതാണ്.

**കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ്**

2020-21 വർഷത്തെ കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തിയ ഇടവകകൾ എത്രയുംവേഗം ലിസ്റ്റ് അംഗീകാരത്തിനായി രൂപതാകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. തുടർച്ചയായി രണ്ട് വർഷം പൂർത്തിയാക്കിയവർ തുടരാതിരിക്കുന്നതാണ് നല്ലത്. ഗൗരവമായ കാരണങ്ങളാൽ അവരിലാരെങ്കിലും തുടരേണ്ടി വന്നാൽ പ്രത്യേകം അനുവാദം വാങ്ങേണ്ടതാണ്. നിലവിലുള്ള വരും രണ്ട് വർഷം പൂർത്തിയാകാത്തവരുമായ കൈക്കാരന്മാരെ നിലനിർത്തുന്ന ഇടവകകൾ അങ്ങനെ പാരീഷ് കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അറിയിച്ച് അംഗീകാരം നേടാൻ ശ്രദ്ധിക്കുമല്ലോ.

**മൃതസംസ്ക്കാരം**

ഇടവകാംഗങ്ങളിൽ ആരെങ്കിലും കൊറോണാവൈറസ് രോഗം ബാധിച്ച് മരിക്കാൻ ഇടയായാൽ നിലവിലെ നിയമമനുസരിച്ച് സിമിത്തേരിയിൽ 10 അടി താഴ്ചയുള്ള കുഴിയിൽ ഗവൺമെന്റ് നിബന്ധനകൾ പാലിച്ച് സംസ്കരിക്കേണ്ടതാണ്. ഇതിന് സൗകര്യം ഇല്ലാത്ത ഇടവകകളിൽ മൃതദേഹം ദഹിപ്പിച്ച ശേഷം ഭൗതിക അവശിഷ്ടം സാധാരാണപോലെ സിമിത്തേരിയിൽ സംസ്ക്കരിക്കാം. വയനാട് ഭാഗത്തുള്ളവർക്ക് മീനങ്ങാടിയിൽ ക്രമേഷൻ സെന്റർ ഉണ്ട്. അവിടെ മൃതദേഹം വച്ച് പ്രാർത്ഥിക്കുന്നതിനും സൗകര്യം ഉണ്ട്.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# 12 A രജിസ്ട്രേഷൻ പുതുക്കൽ

1961 ലെ ഇൻകംടാസ്ക് നിയമത്തിലെ സെക്ഷൻ 12 A, 12 AA എന്നിവ പ്രകാരമുള്ള മതധർമ്മ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വ്യവസ്ഥകൾ സമൂല മാറ്റങ്ങൾക്ക് വിധേയമാക്കി കേന്ദ്രഗവൺമെന്റ് ഇൻകംടാസ്ക് നിയമത്തിൽ ഭേദഗതി വരുത്തിയ വിവരം നമുക്ക് അറിവുള്ളതാണല്ലോ. അതുകൊണ്ട് 12 A exemption ലഭിച്ചിട്ടുള്ള മുഴുവൻ പള്ളികളും സ്ഥാപനങ്ങളും ഒക്ടോബർ 1 മുതൽ പുതുക്കേണ്ടതായിട്ടുണ്ട്. പുതിയ രജിസ്ട്രേഷൻ 12 AB പ്രകാരമായിരിക്കും. ഇപ്രകാരം പുതുക്കി യാൽ മാത്രമേ വരുംവർഷങ്ങളിൽ ഇൻകംടാസ്ക് നിയമപ്രകാരം നമ്മുടെ പള്ളികൾക്കും സ്ഥാപനങ്ങൾക്കും നികുതി ഇളവ് ലഭിക്കുകയുള്ളൂ. കൂടാതെ FCRA രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങളും പള്ളികളും പുതുക്കേണ്ടതുള്ളതുകൊണ്ട് തങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ രൂപതയിൽ അറിയിക്കേണ്ട താണ്. 12 A രജിസ്ട്രേഷൻ പുതുക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ ആവശ്യമാണ്. P.V. Chacko & Co ഓഡിറ്റേഴ്സ് ആയിട്ടുള്ള ഇടവകകളും സ്ഥാപനങ്ങളും ട്രസ്റ്റുകളും സെപ്തംബർ 15 ന് മുൻപായി ബിഷപ്സ് ഹൗസിൽ ഇവ എത്തിക്കേണ്ടതാണ്. (മറ്റ് ഓഡിറ്റേഴ്സാണ് ഇടവകയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതെങ്കിൽ, അവരുമായി ആലോചിച്ചു പുതുക്കാനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്). ബഹുമാനപ്പെട്ട അച്ചന്മാരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

വകുപ്പ് 12 AB പ്രകാരം പുതുക്കി കിട്ടുവാൻ താഴെ പറയുന്ന രേഖകൾ/ വിവരങ്ങൾ തയ്യാറാക്കുക.

1. സ്ഥാപനത്തിന്റെ പേരും, മേൽവിലാസവും (കെട്ടിട നമ്പർ, റോഡ്, സ്ഥലം, ജില്ല, പിൻകോഡ് സഹിതം, പേര് PAN പ്രകാരമുള്ള തായിരിക്കണം.
2. സ്ഥാപനത്തിലെ ബന്ധപ്പെടേണ്ട വ്യക്തിയുടെ മൊബൈൽ നമ്പറും സ്ഥാപനത്തിന്റെ ലാൻഡ് ലൈൻ നമ്പറും (STD Code സഹിതം).

3. സ്ഥാപനത്തിന്റെ E-mail Address (വ്യക്തികളുടെ പേരിലുള്ളത് ഒഴിവാക്കുക) പള്ളികളുടെ പേരിൽ E-mail ID ഇല്ലായെങ്കിൽ പുതിയത് എടുക്കണം. (ഇടവകയുടെ ഈ-മെയിൽ വിലാസങ്ങൾ ഒരുപോലെ ആകുന്നത് നല്ലതാണ്. - ഉദാഹരണം: kallodysmparish@gmail.com mananthavadysmparish@gmail.com, cathedralsmparish@gmail.com, etc

4. നിലവിലുള്ള 12 A, 12 AA സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

5. സ്ഥാപനത്തിന് ട്രസ്റ്റ് ഡീഡ് അല്ലെങ്കിൽ, സൊസൈറ്റി നിയമാവലി ഉണ്ടെങ്കിൽ അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ്.

6. മേൽ (നമ്പർ 5 - ൽ) സൂചിപ്പിച്ച രേഖകൾ ഇല്ലാത്ത സ്ഥാപനങ്ങൾ സ്ഥാപനം നിലവിൽ വന്നതിന്റെ തെളിവുള്ള രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ഉദാഹരണം രൂപതയിൽ അഭിവന്ദ്യ പിതാവിന്റെ സർട്ടിഫിക്കറ്റ്. ഈ സർട്ടിഫിക്കറ്റിൽ പേരും സ്ഥാപനം തുടങ്ങിയ തീയതിയും PAN CARD-ൽ ഉള്ളതുപോലെ കൃത്യമായി കാണിക്കണം.

7. ട്രസ്റ്റ് അല്ലെങ്കിൽ സൊസൈറ്റി ആയി സ്ഥാപിതമായ സ്ഥാപനമാണെങ്കിൽ രജിസ്ട്രേഷൻ സമയത്തു കിട്ടിയ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ട്രസ്റ്റ് ആണെങ്കിൽ അതിന്റെ ഒന്നാം ഷീറ്റിന്റെ രണ്ടു പുറത്തിന്റെയും പകർപ്പെടുത്ത് അത് സ്വയം സാക്ഷ്യപ്പെടുത്തിയതു മതി.

8. സ്വയം സാക്ഷ്യപ്പെടുത്തിയ കഴിഞ്ഞ മൂന്നു വർഷത്തെ കണക്ക് (Audit ചെയ്ത് കണക്ക് നിർബന്ധമില്ലെങ്കിലും ഉണ്ടെങ്കിൽ അവയുടെ പകർപ്പുകൾ).

9. സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പറ്റിയുള്ള റിപ്പോർട്ട് (1 പേജിൽ കവിയാതെ).

10. വിദേശസഹായം നിയന്ത്രണ നിയമപ്രകാരം (FCRA) സ്ഥാപനത്തിനു രജിസ്ട്രേഷനുണ്ടെങ്കിൽ അതിന്റെ ഒരു പകർപ്പ്.

(സ്വയം സാക്ഷ്യപ്പെടുത്തിയ document കളിൽ സ്ഥാപനത്തിന്റെ സീൽ കൂടി ഒപ്പിടനുത്തു വയ്ക്കണം).

11. സ്ഥാപനത്തിലെ നിലവിലുള്ള ഭാരവാഹികളുടെ വിവരണ-താഴെ പറയും പ്രകാരം

| Sl.No. | Name of Members | Designation | PAN | Aadhar No. | Address |
|---|---|---|---|---|---|
| | | | | | |

(വ്യക്തികൾക്ക് PAN എടുക്കുവാൻ ഇപ്പോൾ ഒരെളുപ്പവഴിയുണ്ട്. മൊബൈയിൽ നമ്പറുമായി ബന്ധപ്പെടുത്തിയ ആധാറിന്റെ കോപ്പിയും മൊബൈൽ നമ്പറും ഉണ്ടെങ്കിൽ വേഗം PAN എടുക്കാം. ഭാരവാഹികളെല്ലാവരും എത്രയും വേഗം PAN എടുക്കണം)

മുകളിൽ പറഞ്ഞ രേഖകളും വിവരങ്ങളും കിട്ടിയാൽ മാത്രമേ വകുപ്പ് 12 AB പ്രകാരമുള്ള രജിസ്ട്രേഷന് അപേക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫോം ബിഷപ്സ് ഹൗസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ടത് Form 1OA യിൽ ഇലക്ട്രോണിക് രീതിയിലാണ്.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**
പ്രൊക്യുറേറ്റർ, മാനന്തവാടി രൂപത

## കൽപ്പറ്റ മേഖല

കൽപ്പറ്റ ഫൊറോനയിലെ ജൂലൈ മാസത്തിലെ ബഹു. വൈദികരുടെ മാസധ്യാനം കൽപ്പറ്റ ഫാത്തിമ മാതാ മിഷൻ ആശ്രമത്തിൽ വച്ച് ജൂലൈ 7 ന് നടത്തപ്പെട്ടു. ആശ്രമം സുപ്പീരിയർ ബഹു. സെബാസ്റ്റ്യൻ എടച്ചിലാത്ത് സി. എം. ഐ. അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ബഹു. തോമസ് കുറ്റിയാനിയിൽ സി.എം. ഐ അച്ചൻ ധ്യാന ചിന്തകൾ പങ്കുവച്ചു. തുടർന്ന് കുമ്പസാരവും ദിവ്യകാരുണ്യ ആരാധനയും നടന്നു. മാസധ്യാനത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ ഫൊറോന വികാരി ബഹു. സോമി വടയാപറമ്പിൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. ജൂലൈ 16 ന് ആഘോഷിക്കുന്ന കർമ്മലമാതാവിന്റെ തിരുനാൾ മംഗളങ്ങൾ സി. എം. ഐ. സഭയിലെ ബഹു. വൈദികർക്ക് നേർന്നു. തുടർന്ന് ഫൊറോന വൈദിക കൂട്ടായ്മയിലേക്ക് പുതിയതായി കടന്നുവന്ന ബഹു. വൈദികർക്ക് സ്വാഗതവും, ജൂലൈ മാസം നാമഹേതുക തിരുനാളും ജന്മദിനവും ആഘോഷിക്കുന്ന വൈദികർക്ക് ആശംസകളും അർപ്പിച്ചു. യോഗത്തിൽ വിവിധ മേഖല ഡയറക്ടർമാർ സംഘടനകളുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ബഹു. താമസ് കച്ചിറയിൽ അച്ചനെ മേഖല മതബോധന ഡയറക്ടറായി യോഗം തിരഞ്ഞെടുത്തു. ബഹു. അജിൻ ചക്കാലയ്ക്കൽ അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം ആഗസ്റ്റ് 11 ന് ഒലിവുമല പള്ളിയിൽവച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജോൺ പുളിന്താനത്ത്**
സെക്രട്ടറി

## മണിമൂളി മേഖല

മണിമൂളി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ജൂലൈ 22 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ബഹു. തോമസ് മണക്കുന്നേൽ അച്ചൻ ഏവരേയും സ്വാഗതം ചെയ്തു. തുടർന്ന് ബഹു. മാത്യു കറുത്തേടത്തച്ചന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും ജപമാലയും നടത്തി. തുടർന്ന് നടന്ന മീറ്റിംഗിൽ പുതുതായി മണിമൂളി-നിലമ്പൂർ റീജിയണിന്റെ സിഞ്ചെല്ലൂസായി നിയമിതനായ ബഹു. തോമസ് മണക്കുന്നേൽ അച്ചനും ഫൊറോന

കൂട്ടായ്മയിലേക്ക് കടന്നുവന്ന ബഹു. സജി കോട്ടായിലച്ചനും ബഹു. ജിമ്മി ഓലിക്കലച്ചനും CST ചാത്തംമുണ്ട ആശ്രമത്തിലേക്ക് പുതുതായി കടന്നുവന്ന ബഹു. അബ്രാഹം കോട്ടനലൂർ അച്ചനും ഫൊറോന വികാരി ബഹു. കുര്യാക്കോസ് കുന്നത്ത് അച്ചൻ സ്വാഗതം ആശംസിക്കുകയും തുടർന്നുള്ള ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ ഇടവകകളിലെ പ്രവർത്തനങ്ങൾ ഓരോരുത്തരും വിശദീകരിക്കുകയും ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ വൈദികരുടെയും യുവാക്കളുടെയും നേതൃത്വത്തിൽ കോവിഡ് സന്നദ്ധസേന രൂപീകരിക്കാൻ തീരുമാനിച്ചു. കോവിഡ് സന്നദ്ധസേനയിലേക്ക് ഫൊറോനയിൽ നിന്ന് ഫാ. മാത്യു കറുത്തേടത്ത്, ഫാ. ബിജു തൊണ്ടിപറമ്പിൽ, ഫാ. പ്രിൻസ് തെക്കേതിൽ, ഫാ. വിമൽ CST എന്നിവരെ തിരഞ്ഞെടുത്തു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇടവകകളിൽ സന്നദ്ധസേന രൂപീകരിക്കാൻ തീരുമാനിച്ചു. മണിമൂളി ഫൊറോനാ മാതൃസംഘത്തിന്റെ ഡയറക്ടറായി ഫാ. സജി കോട്ടായിലിനെയും പ്രസ്ബിറ്ററൽ കൗൺസിൽ മെമ്പറായി ഫാ. സെബാസ്റ്റ്യൻ പാറയിലിനേയും തിരഞ്ഞെടുത്തു. ബഹു. ബിജു തൊണ്ടിപറമ്പിൽ അച്ചൻ ഏവർക്കും നന്ദി പറഞ്ഞു.

**ഫാ. പ്രിൻസ് തെക്കേതിൽ**
സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് 2020**

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ലോഗോസ് ക്വിസ് മത്സരത്തിനുള്ള Registration August 15 വരെയാണ്. രജിസ്റ്റർ ചെയ്ത പേരുകളുടെ Print out Registration fee യോട് കൂടി അതാത് ഫൊറോന കേന്ദ്രങ്ങളിലോ രൂപത ഓഫീസിലോ ഏൽപ്പിക്കുവാൻ വികാരി യച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

Print out എടുക്കുമ്പോൾ A B C D... എന്നിങ്ങനെ ഗ്രൂപ്പ് തിരിച്ചുള്ള ലിസ്റ്റും ഒപ്പം At a Glance എന്ന് കാണുന്ന Option ലെ ആകെ മത്സരാർത്ഥികളുടെ ലിസ്റ്റും തരാൻ മറക്കാതിരിക്കുക. രൂപതാതല പരീക്ഷ ഒക്ടോബർ 04 ന് ഞായറാഴ്ച 2 മുതൽ 3.30 വരെ ആയിരിക്കും.

**ഫാ. പോൾ വാഴപ്പിള്ളി**
ഡയറക്ടർ ബൈബിൾ അപ്പോസ്തലേറ്റ്

# മതബോധനരംഗം

**മതബോധനകേന്ദ്രത്തിൽ നിന്നും ആശംസകൾ !**

പകർച്ചവ്യാധിയുടെ ഈ കാലഘട്ടം നമുക്ക് നൽകുന്നത് സങ്കേതിക വിദ്യകളിലൂടെ വിശ്വാസപരിശീലനം നടത്താനുള്ള വിവിധ സാധ്യതകളാണ്. മലയാളത്തിലെ എല്ലാ ക്രിസ്തീയ ചാനലുകളിലും സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഇപ്പോൾ ലഭ്യമാണ്, കൂടാതെ mananthavady catechesis എന്ന യൂട്യൂബ് ചാനലിൽ എപ്പോൾ വേണമെങ്കിലും ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. കഴിഞ്ഞ വർഷത്തെ സിലബസ് തന്നെയാണ് ഈ വർഷവും നമ്മൾ പിന്തുടരുന്നത്.

മാറിയ സാഹചര്യത്തിലും വിശ്വാസപരിശീലനം ഓൺലൈനായും, ലഭ്യമായ മറ്റെല്ലാ രീതികളിലും നടത്തിക്കൊണ്ടിരിക്കുന്ന ബഹു. വികാരിയച്ചന്മാർക്കും സഹവികാരിമാർക്കും ഹെഡ്മാസ്റ്റേഴ്സിനും അധ്യാപകർക്കും അനുമോദനങ്ങൾ !

**ഓൺലൈൻ വിശ്വാസ പരിശീലനം സുഗമമായി നടത്താനുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുകയാണ്.**

* ഇടവക കേന്ദ്രീകരിച്ചുള്ള നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കോവിഡ് പ്രോട്ടോകോൾ അനുസരിച്ചായിരിക്കണം.
* ഈ നിർദ്ദേശങ്ങൾ വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ചർച്ച ചെയ്തു ഇടവകതലത്തിൽ പുനഃക്രമീകരിക്കാവുന്നതാണ്.

**ഹെഡ്മാസ്റ്റേഴ്സിന്റെ ശ്രദ്ധക്ക്**

* എല്ലാകുട്ടികൾക്കും ടെക്സ്റ്റ്, ഉപപാഠ പുസ്തകം, നോട്ടുബുക്ക് ഇവ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
* ഓരോ ക്ലാസിലെയും എല്ലാ കുട്ടികളും ഉൾപ്പെടുന്ന വാട്സ് അപ് ഗ്രൂപ്പുകൾ ക്ലാസ് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ രൂപീകരിക്കുക.
* വാട്സ് ആപ്പ് , യൂട്യൂബ് ഇവ ഉപയോഗിക്കാൻ അറിയാത്ത ടീച്ചേഴ്സുണ്ടെങ്കിൽ അവർക്കു പരിശീലനം കൊടുക്കുക.
* രൂപതാകേന്ദ്രത്തിൽനിന്നു അപ്ലോഡ് ചെയ്യുന്ന പ്രകാരം ക്ലാസുകൾ കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

* ടീച്ചിങ് നോട്ട് മാസത്തിലൊരിക്കലെങ്കിലും പരിശോധിച്ച് സിലബസും തുടർപ്രവർത്തങ്ങളും തുടർമൂല്യ നിർണ്ണയവും വിലയിരുത്തുക. തുടർമൂല്യ നിർണയത്തിന്റെ ഫോർമാറ്റ് ഹെഡ്മാസ്റ്റേഴ്സിന്റെ വാട്സ് ആപ് ഗ്രൂപ്പിൽ അയച്ചിട്ടുണ്ട്.
* സാധ്യമാണെങ്കിൽ മാസത്തിലൊരിക്കലെങ്കിലും സ്റ്റാഫ് മീറ്റിംഗ് കൂടുക.
* വികാരിയച്ചനോട് ആലോചിച്ചു മാസത്തിലൊരിക്കലെങ്കിലും കുട്ടികൾക്കായി ക്ലാസ് അടിസ്ഥാനത്തിൽ കുർബാന ക്രമീകരിക്കുക. അതിൽ ക്ലാസ്സ് ടീച്ചേർഴ്സ് പങ്കെടുത്ത് കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും നോട്ടുബുക്കും വചന ഡയറിയും പരിശോധിക്കുകയും ചെയ്യാവുന്നതാണ്.
* റെക്കോഡുകൾ കൃത്യതയോടെ അപ്ഡേറ്റ് ചെയ്യുക.
* ആഗസ്ത് 16 നു ക്ലാസ് പരീക്ഷ നടത്തേണ്ടതാണ്.
* ആഗസ്ത് 16 നു പ്ലസ് വൺ, പ്ലസ് ടു HDC, DCC രജിസ്ട്രേഷൻ പൂർത്തിയാക്കുക.

**ടീച്ചേഴ്സിനോട്**

* ക്ലാസിലെ എല്ലാ കുട്ടികളും ഉൾപ്പെടുന്ന വാട്സ് ആപ് ഗ്രൂപ് രൂപീകരിക്കുക.
* ക്ലാസിലെ കുട്ടികളും അവരുടെ മാതാപിതാക്കളുമായി സമ്പർക്കം പുലർത്തുക.
* എല്ലാ ക്ലാസ്സുകളിലും കുട്ടികൾ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
* ടീച്ചിങ് നോട്ടിൽ സന്ദേശം, പ്രധാന ആശയങ്ങൾ ഇവ കുട്ടികൾ ഗ്രഹിച്ചോ എന്ന് അറിയുന്നതിനു പര്യാപ്തമായ ചോദ്യങ്ങൾ എഴുതുകയും അവ കുട്ടികൾക്ക് അയച്ചു കൊടുത്തു ഉത്തരങ്ങൾ സ്വീകരിക്കുകയും ചെയ്യുക. തുടർ മൂല്യ നിർണ്ണയത്തിന്റെ ഫോർമാറ്റിൽ മാർക്ക് രേഖപ്പെടുത്തി സൂക്ഷിക്കുക.
* കുട്ടികളോടൊത്തു വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനുള്ള സാഹചര്യമുണ്ടെങ്കിൽ പങ്കെടുക്കുകയും കുർബാനയ്ക്കുശേഷം കുട്ടികളെ കണ്ട് അവരുടെ സംശയനിവാരണം നടത്തുകയും നോട്ടുബുക്കും വചന ഡയറിയും പരിശോധിക്കുകയും ചെയ്യുക.
* ആഗസ്ത് 16 നു ക്ലാസ് പരീക്ഷ നടത്തേണ്ടതാണ്.

**മേഖലാ ഡയറക്ടേഴ്സിനും മേഖലാ സെക്രട്ടറിമാർക്കും നന്ദിയും സ്വാഗതവും**

കഴിഞ്ഞ വർഷങ്ങളിൽ മതബോധനത്തിന്റെ മേഖലാ ഡയറക്ടേഴ്സായി സേവനം ചെയ്ത റവ. ഫാ. തോമസ് മണക്കുന്നേൽ (നീലഗിരി) റവ. ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ (ദ്വാരക), റവ. ഫാ. ജിമ്മി ഓലിക്കൽ (കൽപ്പറ്റ), റവ. ഫാ. അഗസ്റ്റിൻ ചേമ്പാല (നിലമ്പൂർ) റവ. ഫാ. ജോസ് കൊട്ടാരം (കല്ലോടി) റവ. ഫാ. സജി കോട്ടായിൽ (മുള്ളൻക്കൊല്ലി) എന്നീ വൈദികർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ മേഖലാ ഡയറക്ടേഴ്സായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ. ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ (നീലഗിരി), റവ.ഫാ. ജോണി കുന്നത്ത് (ദ്വാരക), റവ. ഫാ. തോമസ് കച്ചിറയിൽ (കൽപ്പറ്റ) റവ. ഫാ. സന്തോഷ് കിഴക്കൻപ്പുതുപ്പള്ളി (നിലമ്പൂർ) എന്നീ വൈദികർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

കഴിഞ്ഞ വർഷങ്ങളിൽ മേഖലാ സെക്രട്ടറിയായി സ്തുത്യർഹമായി സേവനം ചെയ്ത ശ്രീ. ജോൺസൺ കിഴക്കേടത്ത് (ദ്വാരക) സാറിന് മാനന്തവാടി രൂപതാ മതബോധനകേന്ദ്രം സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു. പുതിയ മേഖലാസെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ശ്രീ. ജോൺസൺ ചിറായിൽ (ദ്വാരക) സാറിന് ഹൃദ്യമായ സ്വാഗതം.

## HCC I & HCC II Online Registration

HCC I & HCC II Registration കഴിഞ്ഞ വർഷത്തെ പോലെതന്നെ Online ആയിട്ടാണ് ചെയ്യേണ്ടത്. എങ്ങനെ ചെയ്യണം എന്നതിനെക്കുറിച്ച് ഒരു video നമ്മുടെ Youtube Channel ൽ ഇടുന്നതാണ്. രജസ്ട്രേഷനുശേഷം Print out എടുത്ത് വികാരിയച്ചനും ഹെഡ്മാസ്റ്ററും കുട്ടികളും അപേക്ഷ ഫോമിലും ഹാൾടിക്കറ്റിലും Sign ചെയ്ത് (മാതാപിതാക്കളുടെ ഒപ്പ് നിർബന്ധമില്ല) രൂപതാ ഓഫീസിലേക്ക് കൊറിയർ ചെയ്യേണ്ടതാണ്. ഒപ്പിടാത്ത അപേക്ഷ ഫോം യൂണിവേഴ്സിറ്റി സ്വീകരിക്കില്ല എന്ന് അറിയിച്ചിട്ടുണ്ട്. രജസ്ട്രേഷൻ ഫീസ് ക്ലാസ്സ് ടീച്ചേഴ്സ് വഴി ശേഖരിച്ച് താഴെ തന്നിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

Catechetical Centre
A/C No.: 006302152792190001
The Catholic Syrian Bank
Mananthavady Branch
IFS CODE: CSBK0000063

**Fees:** HCC - 200
HDC - 750
DCC - 500

HDC, DCC Registration നും ഈ വർഷം മുതൽ Online ആയി ട്ടാണ് ചെയ്യേണ്ടത്.

Survey Form ഉം site ൽ upload ചെയ്യേണ്ടതാണ്.

Online registration ന്റെ യും Survey form upload ചെയ്യണ്ട തിന്റെയും അവസാന തീയതി ഓഗസ്റ്റ് 15 ആണ്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹിതരെ,

ചരിത്രം പറയുന്നത് ബിസി 356 ജൂലൈ 20 നാണ് അലക്സാണ്ടർ ഗ്രീസിലെ മാസിലോണിയയിൽ ജനിച്ചത് എന്നാണ്. ഒരു യുദ്ധത്തിൽ പോലും പരാജയപ്പെടാത്ത അലക്സാണ്ടറിന്റെ ജീവിതത്തിൽ നിന്ന് ഒരുപാട് പഠിക്കാനുണ്ട്. 16 വയസ്സ് വരെ അരിസ്റ്റോട്ടിലിന്റെ ശിഷ്യനായിരുന്നു അദ്ദേഹം. അച്ഛൻ ഫിലിപ്പ് രണ്ടാമന്റെ മരണശേഷം 20-ാമത്തെ വയസ്സിലാണ് അലക്സാണ്ടർ ഗ്രീസിന്റെ ഭരണം ഏറ്റെടുക്കുന്നത്. അവിടുന്നങ്ങോട്ട് ഒരു പടയോട്ടമായിരുന്നു. ഇന്ന് വരെ ലോകം കണ്ട ഏറ്റവും മികച്ച മിലിറ്ററി കമാൻഡോകളുമായി ലോകം മുഴുവൻ പിടിച്ചടക്കി മുന്നേറുകയായിരുന്നു.

ലോകത്തെ മുഴുവൻ പ്രകമ്പനം കൊള്ളിച്ച അലക്സാണ്ടർ കൊട്ടാരത്തിലെ കട്ടിലിൽ വെറും 32-ാമത്തെ വയസ്സിൽ മരണത്തെ കാത്ത് കിടന്നത് 10 ദിവസങ്ങളായിരുന്നു. പല കാരണങ്ങൾ പറയുന്നുണ്ടെങ്കിലും അദ്ദേഹം കഴിച്ച വീഞ്ഞിൽ കലർന്ന വിഷമാണ് മരണകാരണം എന്ന നിഗമനത്തിലാണ് അവസാനം എത്തിച്ചേർന്നത്. പൂർണമായും നിരാശനായിരുന്നു അദ്ദേഹം. ലോകത്തിലെ ഏറ്റവും വലിയ കൊട്ടാരത്തിൽ മുത്തും മരതകവും വെച്ച കട്ടിലിലായിരുന്നു അദ്ദേഹം കിടന്നിരുന്നത്. ഏറ്റവും മികച്ച ഡോക്ടർമാർ ആണ് അദ്ദേഹത്തെ ചികിൽസിച്ചിരുന്നത്. അവസാനമായി അലക്സാണ്ടർ അംഗരക്ഷകരെ വിളിച്ചു മൂന്ന് കാര്യങ്ങൾ ആവശ്യപ്പെട്ടു.

1. തന്റെ നിലവറയിലെ രത്നങ്ങൾ തന്റെ ശവമഞ്ചൽ കൊണ്ടുപോകുന്ന വഴിയരികിൽ വിതറി അതിൽ ചവിട്ടി എല്ലാവരും നടക്കണം. 2. തന്നെ ചികിൽസിച്ച ഡോക്ടർമാർ തന്റെ ശവമഞ്ചൽ ചുമക്കണം. താൻ കഴിച്ച മരുന്നു കുപ്പികൾ കൈകളിൽ പ്രദർശിപ്പിക്കണം. 3. തന്റെ ഒഴിഞ്ഞ കൈകൾ ശവമഞ്ചലിൽ നിന്ന് താഴേക്കു തൂക്കി ഇടണം.

കാലം ഈ മൂന്ന് ആവശ്യങ്ങളും ഇങ്ങനെ വ്യാഖ്യാനിക്കുന്നു.

1. മരണത്തിനു മുന്നിൽ ഒരാളുടെ എല്ലാ സമ്പാദ്യങ്ങളും വെറും

പൂജ്യമാകുന്നു. 2. എത്ര വലിയ ഡോക്ടർമാരും മരുന്നുകളും ഉണ്ടെങ്കിലും മരണം പ്രവേശിച്ചാൽ അവർ പരാജയപെടുന്നു. 3. എത്ര വലിയ വിജയങ്ങളും വിലമതിക്കാനാവാത്ത സമ്പാദ്യം ഉണ്ടെങ്കിലും ഒഴിഞ്ഞ കൈകളോടെ ആണ് നാം ഭൂമിയിൽ നിന്ന് യാത്രയാകുന്നത്.

ഇപ്പോൾ ഈ മാസത്തിൽ, അതിജീവനത്തിന്റെ ഈ കാലഘട്ടത്തിൽ നാം ഓർക്കേണ്ട കാര്യങ്ങൾ ഇതാണ്. അന്ന് വീഞ്ഞിൽ വിഷം കലർന്നെങ്കിൽ ഇന്ന് ലോകം മുഴുവൻ വായുവിൽ വൈറസ് കലർന്നിരിക്കുകയാണ്. ഇത് എപ്പോൾ വേണമെങ്കിലും നമ്മളിലേക്കും വരാം. കാര്യങ്ങൾ പിടിവിട്ടുകഴിഞ്ഞാൽ അന്ന് അലക്സാണ്ടർ ആവശ്യപ്പെട്ട 3 കാര്യങ്ങൾ ഇക്കാലത്തും പ്രസക്തമാണ്. അതുകൊണ്ട് സോപ്പ്, മാസ്ക്, സാമൂഹിക അകലം എന്നിവ പാലിക്കാം. ഒപ്പം പ്രാർത്ഥനയിൽ അഭയം തേടാം. ജീവന്റെ വിലയുള്ള ജാഗ്രത തന്നെ യാണ് പ്രധാനം.

മിഷൻ അഭിവാദ്യങ്ങളോടെ,

ഷിജു അച്ചൻ

020 ആഗസ്റ്റ് : പരി.അമ്മ –പ്രേഷിതരുടെ പ്രചോദനം
പ്രയർ 2020 : പുരോഹിതർക്കുവേണ്ടി
മിഷൻ പ്രയർ ബാങ്ക് : ഛാന്ദാ രൂപത
(ചുങ്കക്കുന്ന് മേഖലയിലെ ശാഖകൾ)

**തിരുഹൃദയതിരുനാൾ:** ഈശോയുടെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്ന ശാന്തതയും എളിമയും സ്വായത്തമാക്കുവാനുള്ള ആഹ്വാനവുമായി തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

**'തിരുഹൃദയനാദം' :** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടിരൂപത തിരു ഹൃദയ തിരുനാളിനോടനുബന്ധിച്ച് തിരുഹൃദയനാദം എന്ന പേരിൽ മത്സരം സംഘടിപ്പിച്ചു. കുടുംബം ഒന്നിച്ചു പാടുന്ന ഒരു തിരുഹൃദയ സ്തുതിഗീത മത്സരത്തിൽ കൽപറ്റ ശാഖയിലെ ഷാജൻ വി.വി വയലു ങ്കലും കുടുംബവും സമ്മാനാർഹരായി. രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ജൂൺ 21 പിതൃദിനം:-** നാം പിച്ചവച്ച കരങ്ങൾ, ഏറ്റവും സുരക്ഷിത മായകരങ്ങൾ, കാണപ്പെട്ട നമ്മുടെ ദൈവങ്ങൾ പിതൃദിനത്തിൽ ജന്മം നല്കി, മക്കളെകുറിച്ച് ഏറെ സ്വപ്നങ്ങൾ നെയ്തു കൂട്ടുന്ന എല്ലാ പിതാ ക്കൻമാർക്കും പിതൃദിനത്തിന്റെ മംഗളങ്ങൾ ആശംസിച്ചു.

**പിതൃദിനമത്സരം:-** ജൻമം നൽകിയ പിതാവിനെ കുറിച്ച് ഏറ്റവും

പ്രചോദനാത്മകമായ ഉദ്ധരണികൾ (6 വരികൾ) എഴുതുക . ഈ മത്സര ത്തിൽ ടീന വട്ടുകുളം (തരിയോട്), അനു ടോണി (പയ്യംപള്ളി), നിമിഷ മൂത്തേടത്ത് (തരിയോട്) അനാൻസിയ മുണ്ടക്കാതടത്തിൽ (ചാരിറ്റി) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനത്തിന് അർഹ രായി. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

**ലഹരിരഹിതജീവിതം നിത്യഹരിതജീവിതം**

ജൂൺ 26 അന്താരാഷ്ട്ര ലഹരി മരുന്നു വിരുദ്ധ ദിനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ജീവിമാകട്ടെ ലഹരി എന്നുപ്രഘോഷിച്ചുകൊണ്ട് പോസ്റ്റർ ഇട്ടു.

**നന്ദിയോടെ:-** രൂപതയുടെ വിവിധ മേഖലകളിലും ശാഖകളിലുമായി മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുത്തുകൊണ്ട് കുഞ്ഞു മിഷണറിമാരെ കൈപിടിച്ചു നടത്തിയ എല്ലാ ഡയറക്ടർ അച്ചൻമാർക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ നന്ദിയും കടപ്പാടും. പ്രത്യേകിച്ച് വിവിധ മേഖലകളിൽ സംഘടനയ്ക്കു നേതൃത്വം നൽകി സ്ഥലം മാറിപ്പോയ ഫാ.ബിജു മാവറ (തരിയോട്), ഫാ.സ്റ്റീഫൻ കോട്ടയ്ക്കൽ (ദ്വാരക), ഫാ.ജോസ് കപ്യാരുമലയിൽ (നടവയൽ) ഫാ. ജോയി തുരുത്തേൽ (മുള്ളൻകൊല്ലി), ഫാ.സെബിൻ ഐക്കരത്താഴത്ത് (കല്ലോടി), ഫാ.ജോബി മുക്കാട്ടുകാവുങ്കൽ (ബത്തേരി). നിങ്ങളുടെ പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ നൻമകളും ഭാവുകങ്ങളും

**ആശംസകളോടെ:-** മാനന്തവാടി രൂപതയിൽ നിന്നും ഡീക്കൻ പട്ടം സ്വീകരിച്ചവർക്കും വൈദീക വസ്ത്രം സ്വീകരിച്ചവർക്കും ചെറുപുഷ്പ മിഷൻലീഗ് രൂപത കുടുംബത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേർന്നു.

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത മുൻ ഡയറക്ടറും തലശ്ശേരി അതിരൂപത അദ്ധ്യക്ഷനുമായ അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ ജൻമദിനത്തിൽ ആശംസകൾ നേർന്നു.

**അഭിനന്ദനങ്ങൾ**

പുകയില ഉത്പങ്ങളുടെ ദൂഷ്യഫലങ്ങളെകുറിച്ച് ബോധവത്കര ണത്തിന്റെ ഭാഗമായി ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമതി നട ത്തിയ ഡിജിറ്റൽ കൊളാഷ് മത്സരത്തിൽ രണ്ടാംസ്ഥാനം കരസ്ഥ മാക്കിയ ജോയേൽ മരങ്ങാട്ടിൽ (പുതുശ്ശേരി ശാഖ) രൂപത കുടുംബ ത്തിന്റെ അഭിനന്ദനങ്ങൾ.

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ എല്ലാ കുഞ്ഞു മിഷണറിമാക്കും രൂപത കുടുംബ ത്തിന്റെ അഭിനന്ദനങ്ങൾ നേർന്നു.

**ബൈബിൾ ടെലികിസ് മത്സരം**

വി.പത്രോസ്, വി.പൗലോസ് ശ്ലീഹൻമാരുടെ തിരുനാളിനോടനുബന്ധിച്ച് ജൂൺ 28 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളിൽ നിന്നും ക്വിസ് മത്സരം നടത്തി. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രായപരിധിയില്ലാതെ അനേകർ പങ്കെടുത്തു. കൽപ്പറ്റ മേഖലയുമായി സഹകരിച്ചു നടത്തിയ ഈ മത്സരത്തിൽ മേരി വെള്ളിയാംകണ്ടത്തിൽ (കല്ലോടി ശാഖ), ദിയ തെരേസ് അമ്പഴത്തിനാൽ (വാളാട് ശാഖ), എന്നിവർ ഒന്നും രണ്ടും സ്ഥാനത്തിനും, അനു ടോണി ഉള്ളോപ്പള്ളി (പയ്യംമ്പള്ളി ശാഖ), ബിനീറ്റ അന്ന അമ്പാട്ട് (നടവയൽ ശാഖ) എന്നിവർ മൂന്നാം സ്ഥാനത്തിനും അർഹരായി. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ

**ലവ് പാപ്പിറസ്**

സദ്വാർത്ത എല്ലാവരും അറിയട്ടെ–ഒരുലക്ഷം ബൈബിൾ അച്ചടിക്കുന്നതിനുള്ള പേപ്പറുകൾ ശേഖരിച്ച് ആദ്യ ലോഡ് ഫിയാത്ത് മിഷൻ പ്രസ്സിലേക്ക് അയച്ചു കൊടുത്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

**പ്രകാശഗോപുരങ്ങൾ**

സഭാ ഗാത്രത്തിന്റെ നെടുംതൂണുകളായ വി.പത്രോസ് –പൗലോസ് ശ്ലീഹൻമാരുടെ തിരുനാളിനോടനുബന്ധിച്ച് ഈ വിശുദ്ധരുടെ ജീവചരിത്രം ഉൾകൊൾള്ളിച്ച വീഡിയോ നിർമ്മിച്ചു. അതോടൊപ്പം നാമഹേതുക തിരുനാൾ ആഘോഷിച്ച മാനന്തവാടി രൂപത വികാരി ജനറാൾ മോൺ.പോൾ മുണ്ടോളിക്കൽ അച്ചനും മറ്റെല്ലാ വൈദികർക്കും തിരുനാൾ അശംസകൾ നേർന്നു.

**ഡിജിറ്റൽ പോസ്റ്റർമത്സരം**

അന്താരാഷ്ട്ര ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച്, ഭൂമിയിലെ ദൈവീക കരങ്ങളും അപരന്റെ ജീവനുവേണ്ടി ജീവിക്കുന്നവരുമായ എല്ലാ ഡോക്ടേഴ്സിനും സ്നേഹാദരവുകൾ നേർന്നു. അതോടൊപ്പം ഡിജിറ്റൽ പോസ്റ്റർ മത്സരവും നടത്തി. രൂപതയിലെ വിവിധ ശാഖകളിൽ നിന്നും അനേകം കുഞ്ഞു മിഷണറിമാർ പങ്കെടുത്ത മത്സരത്തിൽ, സജിൻ ജേക്കബ് താന്നിയിൽ (നെല്ലിയോടി ശാഖ), അലീന ബെന്നി മുതക്കാട്ടുപറമ്പിൽ (ചെന്നലോട് ശാഖ), അയോണ മരിയ ജോൺ (പയ്യംപള്ളി ശാഖ) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. പങ്കെടുത്തവർക്കും വിജയികളായവർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ദുക്റാന തിരുനാളും സഭാ ദിനവും**

വി.തോമാശ്ലീഹായുടെ നാമധാരികളായ എല്ലാവർക്കും പ്രത്യേകിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപത പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ, സെക്രട്ടറി ടോം ജോസ് പൂവക്കുന്നേൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ റോയ് പാറക്കൽ, സിറിൽ ഐക്കരതാഴത്ത്, ഷാജി ചന്ദനപറമ്പിൽ, തോമസ് കല്ലറക്കൽ എന്നിവർക്കും തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

**നമ്മുടെ അപ്പസ്തോലൻ**

ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 1, 2, 3 തീയതികളിലായി കുഞ്ഞുമിഷണറിമാർ 'നമ്മുടെ അപ്പസ്തോലൻ' എന്ന പേരിൽ ദുക്റാന തിരുനാളിന്റെ സന്ദേശങ്ങൾ പങ്കുവയ്ക്കുന്ന വീഡിയോ പരിപാടി തയ്യാറാക്കി. കുഞ്ഞുമിഷണറിമാരുടെ ദുക്റാന തിരുനാൾ ഓർമ്മകൾ പങ്കുവയ്ക്കൽ പരിപാടിയിൽ 1, 2, 3 തീയതികളിൽ യഥാക്രമം ആൻ തെരേസ് അലക്സ്, (ബത്തേരി) ആൻ റോസ് ബിനു മാങ്കൂട്ടം (നടവയൽ ശാഖ), ഏറ്റെല്ല സി .ഫിലിപ്പ് (പാടിച്ചിറ)എന്നിവർ ഹൃസ്വവും ചിന്തോദീപ്തകവുമായി സന്ദേശങ്ങൾ നല്കി. കുഞ്ഞുമിഷണറിമാർക്ക് നന്ദിയും അഭിനന്ദനങ്ങളും

**ThomaZ Meet 2020**

'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന ആത്മ പ്രഖ്യാപനത്താൽ സാക്ഷ്യ ജീവിതം ധന്യമാക്കിയ വി.തോമാശ്ലീഹായുടെ നാമധാരികളായവരുടെ ഓൺ ലൈൻ സംഗമം ജൂലൈ 3 വെള്ളിയാഴ്ച വൈകുന്നേരം 6 മണി മുതൽ 7 മണിവരെ നടത്തിയ സംഗമത്തിൽ രൂപത പ്രസിഡന്റ് ശ്രീ.രഞ്ജിത് മുതുപ്ലാക്കൽ അധ്യക്ഷനായിരുന്നു. ബഹു.തോമസ് കാട്ടുതുരുത്തി അച്ചൻ (മാനന്തവാടി രൂപത മതബോധന ഡയറക്ടർ) ദിവസത്തിന്റെ സന്ദേശം നല്കി . രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ, സെക്രട്ടറി ടോം ജോസ്, ജനറൽ ഓർഗനൈസർ ശ്രീ. തങ്കച്ചൻ മാപ്പിളക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**യുവജനദിനം:-** കെ.സി.ബി.സി. യുവജന ദിനത്തിൽ യുവജനങ്ങൾ സഭയുടെ ഭാവിയല്ല, മറിച്ച് അവർ സഭയുടെ വർത്തമാനകാലമാണ്. നൻമയുടെ വഴിതെളിക്കുന്നവരായി മാറാൻ എല്ലാ യുവജനങ്ങൾക്കും സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബം ആശംസകൾ നേർന്നു.

**ശുദ്ധതയുടെ ലില്ലി പുഷ്പം**

ജൂലൈ 6-വി.മരിയാഗൊരേത്തിയുടെ തിരുനാൾ ദിനം . 'പാപത്തെക്കാൾ നല്ലത് മരണമാണ്' എന്നു പറഞ്ഞുകൊണ്ട് ശുദ്ധതയ്ക്കു വേണ്ടി വളരെ ചെറുപ്പത്തിലേ രക്തസാക്ഷിയായ വിശുദ്ധയുടെ മാധ്യസ്ഥ്യം പ്രാർത്ഥിച്ചുകൊണ്ട് എല്ലാ കുഞ്ഞു മിഷണറിമാർക്കും തിരുനാൾ മംഗളങ്ങൾ നേർന്നു.

**സി .എം. എൽ മീഡിയ സെൽ**

മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗ് CML MEDIA CELL രൂപീകരിച്ചു. പ്രവർത്തനാംഗങ്ങളുടെ നിസ്വാർത്ഥമായ സഹകരണത്തിലൂടെ ക്രിസ്തുവിനേയും ക്രിസ്തുവിന്റെ മൂല്യങ്ങളെയും ലോകാതിർത്തികൾ വരെ എത്തിക്കുന്നതിനും മിഷൻ വാർത്തകൾ വളരെ പെട്ടന്നുതന്നെ പങ്കുവയ്ക്കന്നെതിനും സാധിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ജീസസ് കിഡ്സ്**

തിരുബാല സഖ്യത്തിലെ കുരുന്നുകൾക്കായ് ആനിമേഷൻ രൂപത്തിൽ ഈശോ പ്രവർത്തിച്ച അത്ഭുതങ്ങൾ അവതരിപ്പിച്ചു.

**മൊഴിത്തൂവൽ**

കൊറോണ കാലത്ത് സ്വാന്ത്വനത്തിന്റെ തൂവൽ സ്പർശവുമായി മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗ് രംഗത്തെത്തി. നാമറിയാതെ നമ്മെ അസ്വസ്ഥമാക്കിയ ജീവിത യാഥാർത്ഥ്യങ്ങൾ..മാനസീക സംഘർഷങ്ങൾക്കടിപ്പെട്ട വിദ്ധ്യാർത്ഥികൾ...ഉത്കണ്ഡകളും ആകുലതകളും നിറഞ്ഞ ജീവിതങ്ങൾക്ക് ആശ്വാസമാകാൻ, സ്വാന്ത്വനത്തിന്റെ വചനമാകാൻ ടെലികൗൺസിലിംങ്ങ് സൗകര്യം. CMC സന്യാസിനീ സമൂഹത്തിൽനിന്നും പരിച്ചയവും അനുഭവസംമ്പത്തും ഉള്ള സി.ലില്ലി (MSW), സി.ഷാലറ്റ് (MSW, M.phil), സി.സാലി (MSW), സി. സിനി മരിയ (Msc psy, PG Diploma in counselling), എന്നിവർ തങ്ങളുടെ സേവനം വാഗ്ദാനം ചെയ്തു.

**വിശുദ്ധ കുടുംബ ദിനം**

ജൂലൈ 12 -വി.ലൂയി മാർട്ടിന്റെയും സെലിഗ്വരിന്റെയും വിവാഹ ദിനമാണ് വി.കുടുംബ ദിനം. വി. അൾത്താരയിലെ വി.കുടുംബം. ആഗോള പ്രേഷിതപ്രവർത്തനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി.ചെറുപുഷ്പം ഉൾപ്പെടെ തങ്ങളുടെ എല്ലാ മക്കളെയും ദൈവത്തിനു നൽകി അവസാനം അൾത്താരയിലേക്കുയർന്ന വി.ദമ്പതികൾ. എല്ലാ കുടുംബങ്ങളെയും ഈ വി.കുടുംബത്തിന്റെ മാദ്ധ്യസ്ഥ്യത്തിനായി സമർപ്പിച്ചുകൊണ്ട് പ്രാർത്ഥനാശംസകൾ..

**എന്റെ സ്വപ്ന വിശുദ്ധൻ–വീഡിയോ പ്രസംഗ മത്സരം**

ആത്മീയതയ്ക്കു മാറ്റുകൂട്ടുവാൻ ജീവിതത്തെ ഏറെ സ്വാധീനിച്ച ഒരു വിശുദ്ധ ജീവിതത്തെ കുറിച്ച് മറ്റുള്ളവർക്ക് അറിവുനൽകാൻ, വിശുദ്ധജീവിതസന്ദേശങ്ങൾ എങ്ങും പകരാൻ 3 മിനിറ്റ് ദൈർഘ്യമുള്ള, പ്രസംഗ മത്സരം രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി അനേകർ പങ്കെടുത്ത ഈ മത്സരത്തിൽ, വി.മരിയ ഗൊരേത്തിയെ പറ്റി പ്രസംഗിച്ച അന്ന ഷാജൻ (ചുങ്കക്കുന്ന്), വി.തോമാശ്ലീഹായെ പറ്റി പ്രസംഗിച്ച ടിയ തോമസ് (സീതാമൗണ്ട്), വി. അൽഫോൻസാമ്മയെ പറ്റി പ്രസംഗിച്ച സയന സണ്ണി (കാവുംമന്ദം) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനത്തിന് അർഹരായി തീർന്നു. പങ്കെടുത്ത എല്ലാ കുഞ്ഞു മിഷണറിമാർക്കും പ്രത്യേകിച്ച് വിജയികളായവർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**നസ്രായൻ വിളിച്ചപ്പോൾ**

ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ ഒന്നായ ദൈവവിളി പ്രോത്സാഹനത്തിന് വേറിട്ടൊരു ശൈലി. വൈദീക സന്യാസ സമർപ്പണ  ജീവിതങ്ങളെ മാധ്യമങ്ങൾ പന്താടുന്ന ഈ കാലഘട്ടത്തിൽ, സമ്പത്തും സ്ഥാനമാനങ്ങളും നിറഞ്ഞ ജീവിത മേഖലകളിൽ നിന്നും സമർപ്പിത ജീവിതത്തിലേക്ക് സഞ്ചരിച്ചവരുടെ മിഴിതുറക്കുന്ന വ്യത്യസ്ഥ വീഡിയോ പരിപാടി . ഷെക്കെയ്ന ടെലിവിഷൻ ചാനലുമായി സഹകരിച്ചുനടത്തുന്ന ഈ പരിപാടി ജൂലൈ 15 മുതൽ സി.എം.എൽ മാനന്തവാടി രൂപത യൂറ്റൂബ് ചാനലിലും, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം പേജുകളിലൂടെയും അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു.

**സുഭദ്രം**

ചെറുപുഷ്പ മിഷൻലീഗ്  LONGVIL HYGIENE എന്ന കമ്പിനിയുമായി ചേർന്ന് 'സുഭദ്രം' എന്ന പേരിൽ സാനിറ്റൈസേഴ്സ്, ഫോം സോപ്പ്, തെർമൽ സ്ക്യാൻ എന്നിവ  വിൽപന ചെയ്തു വരുന്നു.  ശാഖ മേഖല തലങ്ങളിൽ നിന്നും ഉത്തരവാധിത്വപ്പെട്ടവരുടെ നേതൃത്വത്തിൽ ഓർഡറുകൾ കൈപ്പറ്റുന്നു. ആവശ്യമുള്ളവർക്കു  9072610665 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**SER - WING - A Wing of  Service**

ദുരന്തനിവാരണ സേന – ദുരന്ത നിവാരണത്തിനായി മാനന്തവാടി രൂപതയിലെ വിവിത സംഘടനകളോടു യോജിച്ച് ഫൊറോനകളുടെയും ഇടവകകളുടെയും സഹകരണത്തോടെയുള്ള സന്നദ്ധ സേന. 17 വയസുകഴിഞ്ഞ ആർക്കും ഈ സന്നദ്ധ സേനയിൽ പങ്കുചേരാം.

**BEST-Boys Ever Spiritualy Talented**

പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായുള്ള ഓൺലൈൻ ട്രെയ്നിംങ്ങ് പ്രോഗ്രാം. കാല ഘട്ടത്തിന്റെയും കൗമാരത്തിന്റെയും സങ്കീർണ്ണതകളിലൂടെ കടന്നു പോകുന്ന ആൺകുട്ടികൾക്ക് ദിശാബോധം നൽകി, ആത്മീയതയിൽ അടിയുറച്ച് ഉത്തമ വ്യക്തിത്വത്തിന് ഉടമകളാകാൻ അവരെ സഹായി ക്കുന്നതിനായി ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപത യൂത്ത് മിനി സ്ട്രിയുമായി സഹകരിച്ച് നടപ്പാക്കുന്ന പരിശീലന പരിപാടി. ആദ്യ ഘട്ടത്തിൽ പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ നിന്ന് 20 വീതം കുട്ടികളെയാണ് സ്വീകരിക്കുന്നത്. വിശദവിവരങ്ങൾക്ക് രൂപത ഓഫീസു മായി ബന്ധപ്പെടുക.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചു കൊണ്ട് നമുക്ക് ചെമ്മഞ്ഞകൊടിയുടെ കീഴിൽ അണിനിരക്കാം.

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

**1 ലക്ഷത്തിൽപ്പരം മാസ്ക്കുകൾ നിർമ്മിച്ച് നൽകുന്നു**

മാനന്തവാടി രൂപത കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 1 ലക്ഷത്തിൽപ്പരം മാസ്ക്കുകൾ മാതൃവേദിയുടെ സഹായത്തോടെ നിർമ്മിച്ചു നൽകുന്ന പ്രവർത്തനം തുടരുന്നു. 13 മേഖലകളിൽ കേന്ദ്രീകരിച്ച് മാനന്തവാടി രൂപതയുടെ പരിധിയിൽപ്പെട്ട കണ്ണൂർ, മലപ്പുറം, നീലഗിരി, വയനാട് എന്നീ ജില്ലകളിലെ ട്രൈബൽ ഡിവിഷൻ ഓഫീസുകളിലാണ് മേഖലകളുടെ നേതൃത്വത്തിൽ ആദിവാസി കുടുംബങ്ങൾക്കായി മാസ്ക്കുകൾ വിതരണം ചെയ്തു വരുന്നത്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന രൂപത നേതൃത്വത്തോടൊപ്പം മേഖല നേതൃത്വത്തെയും മാതൃവേദിയിലെ അംഗങ്ങളെയും വിവിധ സന്യാസസമൂഹങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

**നാഥനോടൊപ്പം**

ജീവന്റെ ദിവ്യ ഔഷധമായി ആത്മാവിനും ഹൃദയത്തിനും കുളിർമഴയായി എന്നെന്നും ഉള്ളിൽ നിറയുന്ന പരിശുദ്ധ കുർബാനയുടെ തിരുനാൾദിനമായ ജൂൺ 11-ന് കെ.സി.വൈ.എം. മാനന്തവാടി രൂപതയിലെ യുവജനങ്ങൾ വൈകുന്നേരം 6 മണി മുതൽ വിവിധങ്ങളായ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥനയിൽ ഒരുമിച്ചു. ദേവാലയങ്ങളിൽ പോകാൻ സാധിക്കുന്നവർ ദേവാലയങ്ങളിൽ ആയിരുന്നുകൊണ്ടും അല്ലാത്തവർ ഭവനങ്ങളിൽ ആയിരുന്നുകൊണ്ടും മേഖലകൾക്കായി നൽകിയ സമയത്ത് പ്രാർത്ഥനയിലായിരുന്നു. ആയിരിക്കുന്നിടം ബലിവേദിയാക്കി ലോകത്തിനായി മാദ്ധ്യസ്ഥം വഹിച്ച പ്രാർത്ഥനാ കൂട്ടായ്മയിൽ വിവിധ മേഖലകൾ പ്രാർത്ഥനാ നിയോഗങ്ങളുമായി പങ്കുകൊണ്ടു.

**വിശുദ്ധ പൗലോസ് ശ്ലീഹ ദിനാചരണവും, കെ.സി.വൈ.എം. സഹ രക്ഷാധികാരി വികാരി ജനറാളിന് സ്വീകരണവും**

കെ.സി.വൈ.എം. സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് (ജൂൺ 29) ന് വി. പൗലോസ് ശ്ലീഹ ദിനാചരണവും, കെ.സി.വൈ.എം. സഹ രക്ഷാധികാരിയായ വികാരി ജനറാൾ മോൺ. റവ. ഫാ. പോൾ മുണ്ടോളിക്കലിന് സ്വീകരണവും, ഒപ്പം നാമഹേതുക തിരുനാൾ ആഘോഷങ്ങളും നടത്തി.

**ഉപന്യാസ മത്സരം**

കെ.സി.വൈ.എം. സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് (ജൂൺ 29) ഉപന്യാസ മത്സരം സംഘടിപ്പിച്ചു. സഭയിലെ വിഭാഗീയതയും വിശുദ്ധ പൗലോസിന്റെ പ്രതികരണവും സമകാലിക പുനർവായന (1 കോറി 1:10, 4:21) എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ ഉപന്യാസ മത്സരത്തിൽ രൂപതയിലെ വിവിധ ഭാഗങ്ങളിൽ നിന്നും 12 പേർ പങ്കെടുത്തു. മത്സരത്തിൽ 1-ാം സ്ഥാനം നേടിയ കല്ലോടി മേഖല പുതിയിടംകുന്ന് ഇടവകാംഗം അനൂപ് ജെയ്സനും, 2-ാം സ്ഥാനം നേടിയ നടവയൽ മേഖല പനമരം ഇടവകാംഗം സൗമ്യ മത്തായിക്കും, 3-ാം സ്ഥാനം നേടിയ മണിമൂളി മേഖല പാലാങ്കര ഇടവകാംഗം നീതുവിനും ഉപന്യാസ മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും കെ.സി.വൈ.എം. മാനന്തവാടി രൂപത കുടുംബത്തിൽനിന്ന് അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

**STATUS MARCH**

ലോക്ഡൗൺ കാലത്തെ അനാവശ്യകൊള്ള അവസാനിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 20/6/2020 ന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ സ്റ്റാറ്റസ് മാർച്ച് നടത്തി. ഇതിന്റെ ഔദ്യോഗികമായ ഉദ്ഘാടനം അന്നേദിവസം വൈകീട്ട് 7 മണിക്ക് കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ക്രിസ്റ്റി ചക്കാലക്കൽ തന്റെ വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം എന്നീ സോഷ്യൽ മീഡിയകളിൽ പോസ്റ്റ് ചെയ്തുകൊണ്ട് നിർവഹിച്ചു. രൂപതയ്ക്ക് അകത്തുനിന്നും, പുറത്തുനിന്നുമുള്ള നിരവധി യുവജനങ്ങൾ സ്റ്റാറ്റസ് മാർച്ചിൽ പങ്കെടുത്തു.

**സ്വാഗതം**

കെ.സി.വൈ.എം. ചുങ്കക്കുന്ന് മേഖല ഡയറക്ടർ റവ. ഫാ. ജോയ് തുരുത്തേൽ, ബത്തേരി മേഖലാ ഡയറക്ടർ റവ. ഫാ. പ്രദീഷ് കിഴക്കൻപുതുപ്പള്ളി, നിലമ്പൂർ മേഖലാ ഡയറക്ടർ റവ. ഫാ. സിബി മാടപ്പള്ളിക്കുന്നേൽ, തരിയോട് മേഖലാ ഡയറക്ടർ റവ. ഫാ. സനോജ് ചിറ്ററക്കൽ, നടവയൽ മേഖലാ ആനിമേറ്റർ സി. ലിസ സി.എം.സി, നീലഗിരി മേഖല ആനിമേറ്റർ സി. റോസ്ന ചാരപ്ലാക്കൽ എസ്.എച്ച് എന്നിവരാണ്. ഏവർക്കും കെ.സി.വൈ.എം. രൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതവും പ്രവർത്തന മേഖലയിൽ ആവശ്യമായിരിക്കുന്ന ദൈവാനുഗ്രഹങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

**യുവജന ദിനം**

2020 ജൂലൈ 5 കേരള കത്തോലിക്ക സഭ യുവജനദിനമായി

ആചരിച്ചു. കേരള കത്തോലിക്ക സഭയിലെ ഔദ്യോഗിക യുവജന പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സുദിനം. കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ യുവജന ദിനത്തോടനുബന്ധിച്ച് നടത്തിയ. 'കെ.സി.വൈ.എം. ആന്തം' മത്സരത്തിൽ എട്ടോളം യൂണിറ്റുകൾ പങ്കെടുത്തു. ജൂലൈ 5 ന് കല്ലോടി മേഖലയുടെ നേതൃത്വത്തിൽ നട ത്തിയ യുവജനദിനാഘോഷത്തിൽ രൂപതയെ പ്രതിനിധീകരിച്ച് കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്ക ത്തോട്ടത്തിൽ, പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര, സെക്രട്ടറിമാരായ കുമാരി മേബിൾ പുള്ളോലിക്കൽ, ശ്രീ. ജിയോ ജെയിംസ് മച്ചുക്കുഴി യിൽ, ആനിമേറ്റർ സി. സാലി സി.എം.സി. എന്നിവർ പങ്കെടുത്തു.

**നാമഹേതുക തിരുനാൾ ആശംസകൾ**

ഓഗസ്റ്റ് 28 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ അച്ചന് മാനന്തവാടി രൂപതയിലെ യുവജനങ്ങളുടെ പ്രാർത്ഥനാനിർഭരമായ നാമഹേതുകത്തിരുനാൾ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു.

**മേഖല വാർത്തകൾ**

**നീലഗിരി മേഖല**

മേഖല സമിതിയുടെയും റിസോഴ്സ് ടീമിന്റെയും നേതൃ ത്വത്തിൽ എല്ലാ യൂണിറ്റുകളും സന്ദർശിക്കുകയും തൈനടുകയും പള്ളിയും പരിസരവും വൃത്തിയാക്കുകയും ചെയ്തു. മേഖലയുടെ ആനിമേറ്ററായി സി. റോസ്ന ചാരപ്ലാക്കൽ എസ്. എച്ചിനെ തിരഞ്ഞെ ടുത്തു. കൽപ്ര യൂണിറ്റ് Ringtone എന്ന പേരിൽ ഒരു ഷോർട്ട് ഫിലിം ചിത്രീകരിച്ചു, മൊബൈൽ ഫോണിന്റെ ഉപയോഗത്തിലൂടെ പഠനത്തിൽ ശ്രദ്ധ നഷ്ടപ്പെട്ടുപോകുന്ന വിദ്യാർത്ഥിയുടെ ജീവിതമായിരുന്നു അവതരിപ്പിച്ചിരുന്നത്. ഇതിലൂടെ അമിതമായ ഫോൺ ഉപയോഗത്തിനെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുവാൻ കഴിഞ്ഞിരുന്നു. കൽപ്ര യൂണിറ്റ് തന്നെ **പെസഹാ ഡിവോഷണൽ ആൽബം** യൂട്യൂബിലൂടെ പ്രചരിപ്പിച്ചു. ഇന്ധനവില വർദ്ധനവിനെതിരെ രൂപതയുടെ നേതൃത്വത്തിൽ നടത്തിയ സ്റ്റാറ്റസ് മാർച്ചിൽ മേഖലാ ഭാരവാഹികളും റിസോഴ്സ് ടീം അംഗങ്ങളും യുവജന സുഹൃത്തുക്കളും പങ്കെടുത്തു. രൂപതയുടെ ആവശ്യപ്രകാരം ഇടവകകളിൽ അംഗത്വലിസ്റ്റ് തയ്യാറാക്കാൻ നിർദ്ദേശിച്ചു. രൂപത ഡയറക്ടർ അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ അച്ചന് ജന്മദിന ആശംസകൾ അറിയിച്ചു. മേഖലയുടെയും യൂണിറ്റുകളുടെയും

അർദ്ധവാർഷിക റിപ്പോർട്ട് മേഖലയിൽ അവതരിപ്പിച്ചു. ദുക്റാന തിരുനാളിൽ യുവജനങ്ങൾ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും, തോമസ് നാമധാരികൾക്ക് തിരുനാൾ ആശംസകൾ നേരുകയും ചെയ്തു. ജൂലൈ 5-ാം തീയതി യുവജന ദിനമായി ആഘോഷിച്ചു.

**കൽപ്പറ്റ മേഖല**

രക്തദാനം മഹാദാനം, രക്ത ദാനത്തിന്റെ മഹത്വം മനസ്സിലാക്കി **ഡിജിറ്റൽ ബ്ലഡ് ബാങ്ക്** രൂപീകരിച്ചു. ഒരുമാസത്തിനുള്ളിൽ പലയിടങ്ങളിൽ നിന്നായി ആവശ്യമുള്ളവർക്ക് 20 യൂണിറ്റോളം ബ്ലഡ് ദാനം ചെയ്യുവാനും മേഖലയ്ക്ക് പുറത്തുനിന്നും ദാതാക്കളെ കണ്ടെത്തുവാൻ സഹായിക്കുകയും ചെയ്തു. രക്തദാനത്തിന് യൂണിറ്റുകളുടെ സഹായത്തോടെ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തു.

**കല്ലോടി മേഖല**

കെ.സി.വൈ.എം കല്ലോടി മേഖലയുടെ നേതൃത്വത്തിൽ IGNITE 2020 എന്ന പേരിൽ യുവജനദിനാഘോഷവും, അർദ്ധവാർഷിക സെനറ്റും നടത്തപ്പെട്ടു. ജൂഡ്സ് മൗണ്ട് യൂണിറ്റ് ആതിഥേയത്വം വഹിച്ചു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ആളുകളുടെ ലിസ്റ്റ് തയ്യാറാക്കുവാനും ഫോൺ നമ്പറുകൾ ശേഖരിക്കുവാനും മേഖല ഭാരവാഹികൾ പ്രത്യേക ശ്രദ്ധ ചെലുത്തി. മേഖല പ്രസിഡന്റ് ശ്രീ. ലിബിൻ മേപ്പുറത്ത് പതാക ഉയർത്തിയത്തോടെ യുവജനദിനാഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. മുഖ്യാതിഥിയായ കെ.സി.വൈ.എം മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ യുവജനദിനത്തിൽ വി. കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു. മേഖല സെക്രട്ടറി ശ്രീ. ടിനു മങ്കൊമ്പിൽ ആഘോഷ പരിപാടികൾക്ക് സ്വാഗതം ആശംസിച്ചു. മേഖല രക്ഷാധികാരി റവ. ഫാ. ബിജു മാവറ യുവജന ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ. ഫാ. ജോജോ ഔസേപ്പറമ്പിൽ മുഖ്യ പ്രഭാഷണം നടത്തി. കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര യുവജനദിന സന്ദേശം നൽകി. ജൂഡ്സ് മൗണ്ട് യൂണിറ്റിൽ പത്താം ക്ലാസ് പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും A+ നേടി വിജയിച്ച വിദ്യാർത്ഥികളെ അനുമോദിച്ചു. രൂപത ആനിമേറ്റർ സി. സാലി സി.എം.സി. വിദ്യാർത്ഥികൾക്കുള്ള സമ്മാന വിതരണം നടത്തി. ടെസ്സി മരിയ യുവജന ദിനത്തിന് ആശംസകൾ അറിയിച്ചു സംസാരിച്ചു. ഡാനിഷ് യോഗത്തിന് നന്ദിയർപ്പിച്ചു. രൂപത സെക്രട്ടറി മേബിൾ പുള്ളോലിക്കൽ, ജിയോ മച്ചുകുഴി എന്നിവർ സജീവ സാന്നിധ്യമായി മേഖലയോട് ചേർന്നു. മേഖല നേതൃത്വ നിരയിലെ അനിമേറ്റർ

സി.റെയ്നി MSMI, ട്രഷറർ അതുൽ അവണിക്കൽ, ജോയിന്റ് സെക്രട്ടറി അലീന മഠത്തശ്ശേരി, സെനറ്റ് അംഗം അലീന ആന്റണി എന്നിവർ നേതൃത്വം നല്കി. വി.കുർബാനയിൽ കാഴ്ച്ച സമർപ്പണം, ഗാനശുശ്രൂഷ, അൾത്താരശുശ്രൂഷ, ലേഖന വായന എന്നിവയിൽ മേഖല ഭാരവാഹികൾ നേതൃത്വം നൽകി. നിരവധി യുവജനങ്ങൾ യുവജനദിനാഘോഷത്തിലും വിശുദ്ധ കുർബാനയിലും സജീവമായി പങ്കുകൊണ്ടു.

**മണിമൂളി മേഖല**

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി മേഖലയിലെ എല്ലാ യൂണിറ്റുകളിലും യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവക ദേവാലയവും പരിസരവും വൃത്തിയാക്കുകയും വൃക്ഷത്തൈകൾ നടുകയും ചെയ്തു. 20/6/2020 നു കെ.സി.വൈ.എം. രൂപത സമിതി യുടെ നേതൃത്വത്തിൽ രാജ്യത്തെ ഇന്ധന വില വർദ്ധനവിനെതിരെ സാമൂഹ്യ മാധ്യമങ്ങളായ facebook, whats app കൂട്ടായ്മയിലൂടെ നടത്തിയ status march ൽ മേഖലയിലെ യുവജനങ്ങൾ പങ്കെടുത്തു. വി. പൗലോസ്, വി .പത്രോസ് അനുസ്മരണ ദിനത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ മേഖലയിൽ നിന്നു യുവജനങ്ങൾ പങ്കെടുക്കുകയും സമ്മാനം നേടുകയും ചെയ്തു.

**യൂണിറ്റ് വാർത്തകൾ**

**പാലേമാട് യൂണിറ്റ്**

ഭൂമിക്ക് ഒരു തണൽ എന്ന ആശയം ഉൾക്കൊണ്ട് ജൂൺ 5 ന് എക്സിക്യൂട്ടീവ് അംഗങ്ങൾ പള്ളിയും പരിസരവും വൃത്തിയാക്കി വൃക്ഷതൈകൾ നട്ടു. ജൂൺ 7 ന് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ദിനത്തിൽ covid 19 എന്ന മഹാമാരി ലോകത്തിൽ നിന്നും തുടച്ചുമാറ്റുവാൻ പ്രത്യേക നിയോഗത്തോടെ ആരാധന നടത്തി പ്രാർത്ഥിച്ചു. ഓൺലൈൻ സംപ്രേഷണത്തിൽ ഇടവകാംഗങ്ങൾ പങ്കെടുത്ത് പ്രാർത്ഥിച്ചു. ജൂൺ 8 ന് സംസ്ഥാന സമിതിയുടെ ഹരിതം പദ്ധതിയോട് സഹകരിച്ച് യുവജനങ്ങൾ വീട്ടിൽ പച്ചക്കറിതോട്ടം നിർമ്മിച്ചു. ജൂൺ 14 രക്തദാന ദിനത്തോട് അനുബന്ധിച്ച് രൂപത സിൻഡി ക്കേറ്റ് അംഗം കുര്യൻ നീലത്തുമുക്കിലും നിയുക്ത കോർഡിനേറ്റർ അനൂപ് ചെത്തിപ്പുഴയും രക്തം ദാനം ചെയ്തു. 18/06/2020 ന് ഇന്ത്യ -ചൈന ബോർഡറിൽ ജീവൻ സമർപ്പിച്ച ജവാന്മാർക്ക് ആദരം അർപ്പിച്ചുകൊണ്ട് തിരികൾ തെളിയിച്ചു പ്രാർത്ഥിച്ചു. ലോക്ഡൗൺ കാല ഇന്ധനവില വർദ്ധനവിനെതിരെ രൂപത സമിതി സംഘടിപ്പിച്ച status march -ൽ അംഗങ്ങൾ തങ്ങളുടെ പേരും ഫോട്ടോയും അടങ്ങുന്ന പോസ്റ്റർ ഇട്ടുകൊണ്ട് ആ സംരംഭത്തിൽ പങ്കാളികളായി. ജൂൺ 21 ന്

ലോക സംഗീത ദിനത്തോട് അനുബന്ധിച്ച് ഒരു സംഗീത ആൽബം നിർമിച്ചു. 22/06/2020 ന് KCYM` മധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാളിനോട് അനുബന്ധിച്ച് യൂണിറ്റിലെ അംഗങ്ങൾക്കുവേണ്ടി പ്രസംഗമത്സരം സംഘടിപ്പിച്ചു. ജൂൺ 26 ന് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോട് അനുബന്ധിച്ച് ബോധവത്കരണം നടത്തി. ജൂൺ 29 ന് കെ.സി.വൈ.എം. മാനന്തവാടി രൂപത മധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ തിരുനാൾ അനുസ്മരണം നടത്തി. SSLC പരീക്ഷയിൽ വിജയം കരസ്ഥമാക്കിയ എല്ലാ കുട്ടികളെയും അഭിനന്ദിക്കുകയും, മുഴുവൻ വിഷയങ്ങളും A+ കരസ്ഥമാക്കിയ വിസ്മയയെയും ഷെറിനെയും പ്രത്യേകം അനുമോദിക്കുകയും ചെയ്തു.

**നരിവാലമുണ്ട യൂണിറ്റ്**

ഇടവകയിൽ നിന്നും സ്ഥലം മാറിപ്പോയ ആനിമേറ്റർ സി. ഫിൽസിക്ക് യാത്രയയപ്പ് നൽകി. യൂണിറ്റ് മീറ്റിംഗ് കൂടി അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും പുതിയ ആനിമേറ്റർ സി. ജുസ്സെക്ക് സ്വീകരണം നൽകി. വി. പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് യൂണിറ്റ് ഭാരവാഹികൾ ദിവ്യബലിയിൽ പങ്കുകൊണ്ട് ശ്ലീഹന്മാരുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചു. കേരള കത്തോലിക്കാ സഭ യുവജന ദിനമായി കൊണ്ടാടുന്ന സാഹചര്യത്തിൽ യൂണിറ്റിന്റെ നേതൃത്വത്തിൽ യുവജനദിനം ആഘോഷിച്ചു. 65 ൽ പരം യുവജനങ്ങൾ വി. കുർബാനയിൽ പങ്കെടുക്കുകയും യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോഷി പാലക്കാട്ട് പതാകയുയർത്തുകയും ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പാറയിൽ, മേഖല ട്രഷറർ റോബിൻ വടക്കേക്കര എന്നിവർ ആശംസപ്രസംഗം നടത്തുകയും ചെയ്തു. ആനിമേറ്റർ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി. യുവജന ദിനാഘോഷ പരിപാടിയിൽ എല്ലാ യുവജനങ്ങളും പങ്കാളികളാവുകയും ചെയ്തു.

**മണിമൂളി യൂണിറ്റ്**

രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ കോഫി ട്രെയിനിങ് പ്രോഗ്രാമിൽ യൂണിറ്റിൽ നിന്നും മൂന്നു പേർ പങ്കെടുത്തു. മാതാവിന്റെ വിമലഹൃദയ തിരുനാൾ ദിനം 38 അംഗങ്ങൾ വി. ബലിയിൽ പങ്കെടുത്തു. ജൂലൈ 4 ന് ഭാരവാഹികൾ ചേർന്ന് യുവജന ദിനാഘോഷം നടത്തുകയും, ചർച്ച ചെയ്യുകയും, അർദ്ധ വാർഷിക റിപ്പോർട്ട് രൂപതയ്ക്കും മേഖലയ്ക്കും നൽകുകയും ചെയ്തു. ജൂലൈ 5 ന് യുവജന ദിനാഘോഷത്തിൽ പങ്കെടുത്തു വിശുദ്ധ ബലി, ബൈബിൾ പ്രതിഷ്ഠ, അംഗത്വ നവീകരണം, പതാക ഉയർത്തൽ എന്നിവയിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

**അരുൾനിലയം യൂണിറ്റ്**

ജൂൺ 22 ന് സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെയും ജൂൺ 29 ന് പത്രോസ് പൗലോസ് ശ്ലീഹന്മാരുടെയും മാധ്യസ്ഥം തേടി പ്രാർത്ഥിച്ചു. ഇടവകയിലെ നിർദ്ധനരായ 2 കുടുംബങ്ങളുടെ ഭവനം പുതുക്കിപ്പണിതു. ഒരു ലക്ഷം രൂപയോളം ശേഖരിക്കുകയും കുടുംബങ്ങളെ സഹായിക്കുകയും ചെയ്തു. അരുൾനിലയം യൂണിറ്റിന്റെ പുതിയ ആനിമേറ്റർ സി. റ്റിനി എം.എസ്.എം.ഐ. യെ സ്വാഗതം ചെയ്തു. ഇന്ധന വിലക്കെതിരെ രൂപതാ നേതൃത്വത്തിൽ നടത്തിയ സ്റ്റാറ്റസ് മാർച്ചിൽ പങ്കെടുത്തു. ജൂൺ 28ന് രൂപതാഡയറക്ടർ അഗസ്റ്റിനച്ചന് ജന്മദിനാശംസകൾ നേരുകയും ചെയ്തു. എല്ലാ ദിവസവും ഒരു ദൈവവചനം വാട്സാപ്പ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്ത് വരുന്നു. യൂണിറ്റിലെ ഒരു ഡയാലിസിസ് രോഗികൾക്ക് 25000 രൂപ നൽകി സഹായിച്ചു.

**ചുങ്കക്കുന്ന് യൂണിറ്റ്**

ജൂൺ 19 ഈശോയുടെ തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് ഇടവകയിൽ സേവനം ചെയ്യുന്ന തിരുഹൃദയ സന്യാസിനി സമൂഹത്തിന് കെ.സി.വൈ.എം. യൂണിറ്റ് ആശംസകൾ അറിയിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് യുവജനങ്ങളുടെ വീടുകളിൽ വൃക്ഷത്തൈകൾ നട്ടു. ഇടവകയിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസഹായം ഒരുക്കുതിനായി കെ.സി.വൈ.എം. യൂണിറ്റ് 5000 രൂപ നൽകി. ലോക്ഡൗൺ കാലത്ത് ഇടവക ജനങ്ങളുടെ പ്രത്യേകിച്ച് യുവജനങ്ങളുടെയും കുട്ടികളുടെയും സർഗ്ഗാത്മക കഴിവുകൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച **'സൃഷ്ടി ഓൺലൈൻ ടാലന്റ് ഷോ 2020'** മെയ്യ് മാസത്തിൽ ആരംഭിച്ച് ജൂൺ മാസം ആദ്യവാരത്തോടെ അവസാനിപ്പിക്കുകയും ചെയ്തു. മൂന്നു വർഷക്കാലം ഇടവകയുടെ വികാരിയും അതിലുപരി കെ.സി.വൈ.എം. യുവജന പ്രസ്ഥാനത്തിന്റെ വളർച്ചക്ക്‌വേണ്ടി അക്ഷീണം പ്രയത്നിച്ച യൂണിറ്റ് ഡയറക്ടറും മേഖല ഡയറക്ടറുമായ റവ.ഫാ.വിൻസന്റ് കളപ്പുരയിലിനും എല്ലാവിധ സഹായസഹകരണങ്ങൾ നൽകിയ റവ. ഫാ. സനോജ് ചിറ്ററക്കലിനും സ്നേഹോഷ്മളമായ യാത്രയയപ്പുനൽകി. ചുങ്കക്കുന്ന് യൂണിറ്റിന്റെ പുതിയ ഡയറക്ടർ റവ. ഫാ. ജോയ് തുരുത്തേലിന് സ്വാഗതമാശംസിച്ചു.

**റോസ്മേരി തേറുകാട്ടിൽ**
ജനറൽ സെക്രട്ടറി

**വിവാഹ ഒരുക്ക സെമിനാർ:** ജൂലൈ 24-25 തീയതികളിൽ ഓൺലൈൻ വിവാഹ ഒരുക്ക സെമിനാർ നടത്തി 75 പേർ പങ്കെടുത്തു.

**മരിയൻ സിംഗിൾസ്:** എല്ലാ അംഗങ്ങളും കോവിഡ് -19 ബാധിച്ച ലോക രാഷ്ട്രങ്ങൾക്കുവേണ്ടിയും തിരുസഭയ്ക്കുവേണ്ടിയും 1800 ജപമാല, 2000 കരുണക്കൊന്ത, 600 കുരിശിന്റെ വഴി എന്നിവ ചൊല്ലുന്നു.

**മാതൃവേദി**

**ഓറ ദിവീന:** കുടുംബങ്ങളിൽ എന്നും ദൈവസ്തുതികൾ ഉയരാൻ ഓറ ദിവീന എന്ന പേരിൽ പ്രാർത്ഥനാ സമയം ക്രമീകരിക്കുന്നു. വചന വായന, വചനശ്രവണം, ജപമാല, ഭക്തിഗാനങ്ങൾ എന്നിവയിലൂടെ ദിവസവും പതിവു പ്രാർത്ഥനക്ക് പുറമേ കുറച്ചുസമയം മാറ്റിവയ്ക്കുന്നു.

**ഹലോ:** ലോക്ഡൗൺ കാലത്ത് ഇടവകാ തലത്തിൽ അമ്മമാർ പരസ്പരം സംസാരിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ഷെയറിങ്ങിനുമായി ഹലോ എന്ന പേരിൽ ഫോൺവിളികൾ.

**താലന്ത്:** പാട്ടുപാടാൻ കഴിവുള്ള അമ്മമാർ പാടുന്നപാട്ട് ഷൂട്ട് ചെയ്ത് ഷെയർ ചെയ്യുന്നു. **കിന്നരം** എന്ന പേരിലാണ് ഈ പ്രോഗ്രാം അറിയപ്പെടുന്നത്. കരകൗശലവസ്തു നിർമ്മാണത്തിൽ കരവിരുതുള്ള അമ്മമാർ അവനിർമ്മിച്ച് അവയുടെ ഫോട്ടോ, വീഡിയോ എന്നിവ ഷെയർ ചെയ്യുന്ന **നൈപുണ്യം.** ഇവ രണ്ടും മത്സരങ്ങളല്ല.

**മേഖലാ വാർത്തകൾ**

**ബത്തേരി:** രൂപതാനിർദേശമനുസരിച്ച് ചെയിൻ റോസറി നടത്തി. തിരുഹൃദയ ജപമാലചൊല്ലി പ്രാർത്ഥിച്ചു. ത്രിത്വത്തിന്റെ തിരുനാൾ, തിരുഹൃദയ തിരുനാൾ, വി. കുർബാനയുടെ തിരുനാൾ എന്നിവ ആചരിച്ചു. നിത്യസഹായ മാതാവിന്റെ തിരുനാൾ ദിവസം പ്രാർത്ഥനാദിനമായി ആചരിച്ചു. വിമലഹൃദയ തിരുനാളിനൊരുക്കമായി 33 ദിവസം പ്രതിഷ്ഠാജപം ഗ്രൂപ്പിലൂടെ നൽകി പ്രതിഷ്ഠ നടത്തി. ജപമാല ധാരാളം ചൊല്ലുന്ന അമ്മമാരുടെ പ്രാർത്ഥനാഗ്രൂപ്പ് മരിയൻ ആർമി ആരംഭിച്ചു.

**കല്ലോടി:** തിരുഹൃദയ ജപമാല ചൊല്ലി, തിരുഹൃദയ പ്രതിഷ്ഠ നടത്തി.

**മുള്ളൻകൊല്ലി:** തിരുഹൃദയതിരുനാൾ, വി. മറിയം ത്രേസ്യായുടെ തിരുനാൾ, തിരുഹൃദയ വണക്കമാസം എന്നിവ ആചരിച്ചു. പരിസ്ഥിതി ദിനത്തിൽ വീടും പരിസരവും വൃത്തിയാക്കി. വൃക്ഷത്തൈ നട്ടുപിടിപ്പിച്ചു. മാസ്ക് ധരിച്ച് രോഗീസന്ദർശനം, കിറ്റ് വിതരണം എന്നിവ നടത്തി. കൊറോണ വൈറസ് മാറുവാനായി 1001 വചനങ്ങൾ എഴുതി പ്രാർത്ഥിച്ചു. വചനവായന നടത്തി.

**ശാഖാ വാർത്തകൾ**

**കുറുമ്പാല:** ഓൺലൈൻ വി. കുർബാനയിൽ സജ്ജീവമായി പങ്കെടുത്തു. ഭവനങ്ങളിൽ ജപമാല, കരുണക്കൊന്ത എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. തിരുവചന സന്ദേശങ്ങൾ, ഭക്തിഗാനം എന്നിവ ഗ്രൂപ്പിൽ പങ്കുവെച്ചു. പരിസ്ഥിതി ദിനത്തിൽ വീടുകളിൽ വൃക്ഷത്തൈ നട്ടു. ലഹരിവിരുദ്ധ ദിനത്തിൽ കരുണക്കൊന്ത ചൊല്ലി യുവജനങ്ങൾക്കായി കാഴ്ചവെച്ചു.

**കുഞ്ഞോം:** വാട്ട്സാപ്പ് ഗ്രൂപ്പുണ്ടാക്കി ഓൺലൈൻ മത്സരത്തിൽ അമ്മമാർ സജ്ജീവമായി പങ്കെടുത്തു. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന 4 കുടുംബങ്ങളെ സഹായിച്ചു. ഒരു നിർദ്ധന വിദ്യാർത്ഥിക്ക് 8,000 രൂപ പഠനസഹായം നൽകി. വൃദ്ധസദനത്തിൽ കൊടുക്കാൻ 8500 രൂപ സംഭരിച്ചു. മാസ്ക് തയ്ച്ച് ഇടവകയിലും കോളനിയിലും വിതരണം ചെയ്തു. ജപമാല, കരുണക്കൊന്ത എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. പച്ചക്കറി കൃഷി നടത്തി. ലോഗോസ് ക്വിസ്സിനൊരുങ്ങുന്നു.

**ആലാറ്റിൽ:** പരിസ്ഥിതി ദിനത്തിൽ ഭവനങ്ങളിൽ വൃക്ഷത്തൈ നട്ടു. 365 മാസ്കുകൾ തയ്ച്ച് മേഖലയിൽ എത്തിച്ചു. ഫലവൃക്ഷത്തൈകൾ നട്ടു. ആദ്യവെള്ളി ഉപവാസ ദിനമായി ആചരിച്ചു.

**ബത്തേരി:** പരി. കുർബാനയുടെ തിരുനാൾ, വിമലഹൃദയ തിരുനാൾ, എന്നിവ ആചരിച്ചു. കൊച്ചച്ചന്മാർക്ക് യാത്രയയപ്പ് നൽകി. മാസ്കുകൾ തയ്ച്ച് വിതരണം ചെയ്തു. തിരുഹൃദയ തിരുനാൾ ദിനത്തിൽ എല്ലാ കുടുംബങ്ങളിലും കുടുംബപ്രതിഷ്ഠ നടത്തി.

**വഞ്ഞോട്:** 500 തിരുഹൃദയജപമാല ചൊല്ലി തിരുഹൃദയ മാസാചരണം നടത്തി. കോളനി സന്ദർശനം നടത്തി. വനിതകൾക്കായി നടത്തിയ വിവിധമത്സരത്തിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടി.

**പോരൂർ:** പരിസ്ഥിതി ദിനത്തിൽ വൃക്ഷതൈ നട്ടു. കാരിത്താസ് ഇന്ത്യ ഒരുക്കിയ ജൈവകൃഷി പ്രോത്സാഹന ഓൺലൈൻ ക്ലാസ്സിൽ പങ്കെടുത്തു. ജൈവകീടനാശിനികളും വളങ്ങളും സ്വന്തമായി നിർമ്മിച്ചു.

എസ്.എച്ച്. സന്യാസിനിസഭയുടെ നേതൃത്വത്തിൽ നടത്തിയ പാചകം, കവിത, ചിത്രരചന, നാടൻപാട്ട്, അടുക്കളത്തോട്ടം, ഹാന്റി ക്രാഫ്റ്റ്, ആഭരണനിർമ്മാണം, ഫോട്ടോഗ്രാഫി എന്നിവയുടെ മത്സരത്തിൽ പങ്കടുത്ത് സമ്മാനങ്ങൾ നേടി. നിർദ്ധനകുടുംബത്തിന് ഭക്ഷണകിറ്റ് വിതരണം ചെയ്തു.

**പേരിയ:** മുൻ വികാരിയച്ചനും ആനിമേറ്റർ സിസ്റ്ററിനും യാത്രയയപ്പ് നൽകി. വി. കുർബാന ചൊല്ലുന്നതിനൊരുക്കമായി ദേവാലയവും പരിസരവും വൃത്തിയാക്കി. മാസ്കുകൾ തയ്ച്ച് വിതരണം ചെയ്തു. പുതിയ വികാരിയച്ചന് സ്വീകരണം നൽകി.

**തലപ്പുഴ:** വിവിധ നിയോഗങ്ങൾ വച്ച് ജപമാലയും മറ്റ് പ്രാർത്ഥനകളും ചൊല്ലി. ലോക്ഡൗൺ കാലഘട്ടത്തിൽ പച്ചക്കറിത്തോട്ടം, കരകൗശല വസ്തുക്കൾ, വിവിധ പലഹാരങ്ങൾ എന്നിവ ഉണ്ടാക്കി.

**വാളാട്:** വൃദ്ധമാതാപിതാക്കൾക്ക് ഷാൾ നൽകി. കിടപ്പുരോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**കരിമാനി:** ഒരു നിർദ്ധനകുടുംബത്തിന് പായ, പാത്രങ്ങൾ എന്നിവ നൽകി. മാസ്ക്കുകൾ തയ്ച്ച് വിതരണം ചെയ്തു. ഒരു അക്രൈസ്തവ വിധവയ്ക്ക് അരി നൽകി. ദിവ്യകാരുണ്യ തിരുനാൾ ദിനത്തിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ കുറച്ച് അമ്മമാരെ പങ്കെടുപ്പിച്ച് വി. കുർബാനയർപ്പിച്ചു.

**പുതിയിടം:** തിരുഹൃദയ ജപമാലചൊല്ലി പ്രാർത്ഥിച്ചു. ലോഡൗൺ എന്ന വിഷയത്തെ സംബന്ധിച്ച് കവിതാ മത്സരം നടത്തി. ഏഴു വീട്ടുകാർക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്തു. 2000 രൂപ ചികിത്സാ സഹായം നൽകി. ഒരാൾക്ക് കുട നൽകി.

**കയ്യൂന്നി:** മുൻ വികാരിയച്ചനും ആനിമേറ്റർ സിസ്റ്ററിനും യാത്രയയപ്പ് നൽകി.

**നരിവാലമുണ്ട:** തിരുഹൃദയ വണക്കമാസം ഭവനങ്ങളിൽ ചൊല്ലി. നിർദ്ധനകുടുംബത്തിന് സാമ്പത്തിക സഹായം നൽകി. പരിസ്ഥിതി ദിനത്തിൽ മാതൃവേദിക്കുവേണ്ടി ദേവാലയങ്കണത്തിൽ വൃക്ഷതൈ നട്ടു. താങ്ങായ് തണലായ് എന്ന പേരിൽ അമ്മമാരുടെ ലോക്ഡൗൺ പ്രവർത്തനങ്ങളുടെ വീഡിയോ തയ്യാറാക്കി. ഇടവകയിലെ നിർദ്ധനരായ കുട്ടികൾക്ക് സ്മാർട്ട് ഫോൺ വാങ്ങി നൽകി. വീരമൃത്യു വരിച്ച ധീര ജവാൻമാർക്ക് ആദരാഞ്ജലികൾ അറിയിച്ചു പോസ്റ്റർ ഇറക്കി. മേഖലയിലെ എല്ലാ വൈദികർക്കും വേണ്ടി പ്രാർത്ഥിച്ചു. എല്ലാ പിതാക്ക

ന്മാർക്കും പിതൃദിനാശംസകൾ അറിയിച്ചു. അബോർഷൻ നിയമ ഭേദിക്കെതിരെ ജപമാലയും കരുണക്കൊന്തയും ചൊല്ലി.

**വടപുറം:** ഇടവകയിലെ ഒരു കുടുംബത്തിന് ഭവനനിർമ്മാണ സഹാ യമായി 10000 രൂപ നൽകി. കൊറോണ വൈറസ് നിർമ്മാർജ്ജനം ചെയ്യാൻ കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**കോട്ടത്തറ:** പരിസ്ഥിതി ദിനത്തിൽ വീടുകളിൽ വൃക്ഷത്തൈ നട്ടു. പ്ലാസ്റ്റിക് നിർമ്മാർജ്ജന ബോധവത്കരണം നടത്തി. കോവിഡ്– 19 നെതിരെ അഖണ്ട ജപമാല, തിരുഹൃദയജപമാല എന്നിവ നടത്തി വരുന്നു. പരി. ത്രിത്വത്തിന്റെ തിരുനാൾ ദിനത്തിൽ ഫോണിലൂടെ വചന ങ്ങൾ പങ്കുവെച്ചു. രോഗീസന്ദർശനം നടത്തി. പരി. കുർബാനയുടെ തിരുനാൾ ആചരിച്ചു. പിതൃദിനത്തിൽ എല്ലാ പിതാക്കന്മാർക്കും ആശം സകൾ അറിയിച്ചു. ലഹരി വിരുദ്ധദിനത്തിൽ തൊഴിലുറപ്പു മേഖല യിൽ ബോധവത്കരണം നടത്തി.

**പുതുശ്ശേരിക്കടവ്:** ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥിക്ക് ഫോൺ നൽകി. പരിസ്ഥിതി ദിനത്തിൽ കോളനി സന്ദർശിച്ചു. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തേക്കുറിച്ചും മഴക്കാല രോഗ ങ്ങളെക്കുറിച്ചും ബോധവത്ക്കരണം നൽകി.

**മരക്കടവ്:** എല്ലാഭവനങ്ങളിലും തിരുഹൃദയ വണക്കമാസം ആചരിച്ചു. ഓൺലൈൻ ക്രിസ്റ്റീൻ ധ്യാനത്തിൽ അമ്മമാർ മക്കളെ പങ്കെടുപ്പിച്ച് പ്രാർത്ഥിച്ചു. അബോർഷന് എതിരായി ഒരു ദിവസം ഉപവാസം, കരുണ ക്കൊന്ത, ജപമാല എന്നിവ ചൊല്ലി കാഴ്ചവെച്ചു. ഇടവകയിലെ ഒരു ഭവനനിർമ്മാണത്തിന് അമ്മമാർ സഹായിച്ചു.

**ചുങ്കക്കുന്ന്:** പ്രോ–ലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തനായി തിരു ഹൃദയ ജപമാല ചൊല്ലി. പരിസ്ഥിതി ദിനത്തിൽ ഫലവൃക്ഷത്തൈകൾ നട്ടു. 5000 രൂപ വിവാഹസഹായവും 500 രൂപ രോഗീസഹായവും നൽകി. 1400 മാസകുകൾ തയ്ച്ചു വിതരണം ചെയ്തു. കൈയ്യെഴുത്ത് ബൈബിൾ പ്രകാശനം ചെയ്തു. 50 അമ്മമാർ ചേർന്ന് ബൈബിൾ പകർത്തിയെഴുതി. സ്ഥലം മാറി പോകുന്ന വികാരിയച്ചനും കൊച്ച ച്ചനും യാത്രയയപ്പുനൽകി.

**തലഞ്ഞി:** കോവിഡിനെതിരായി ഭവനങ്ങളിലിരുന്ന് ജപമാല ചൊല്ലി. ചെയിൻറോസറി, കരുണക്കൊന്ത, തിരുഹൃദയ വണക്കമാസാചരണം, തിരുഹൃദയജപമാല എന്നിവ ചൊല്ലി, 30 അമ്മമാർപള്ളി, പരിസരം, സെമിത്തരി, പാരിഷ്ഹാൾ തുടങ്ങിയവ വൃത്തിയാക്കി.

**പുതിയിടംകുന്ന്:** ഫോട്ടോഗ്രാഫി, നാടൻപാട്ട്, പാചകം, പച്ചക്കറിത്തോട്ടം എന്നീ മത്സരങ്ങളിൽ സമ്മാനം നേടി. 950 മാസ്ക് തയ്ച്ച് വിതരണം ചെയ്തു.

**ശിശുമല:** 3000 മാസ്ക് തയ്ച്ച് ഇടവകയ്ക്കു നൽകി. അടുക്കളത്തോട്ടം നിർമ്മിച്ച് വിളവെടുപ്പ് നടത്തി. ലോക്ഡൗൺ കാലത്ത് കേക്കുണ്ടാക്കി സമയം ഫലപ്രദമാക്കി. 91-ാം സങ്കീർത്തനം, കരുണകൊന്ത, ബൈബിൾ വായന എന്നിവ നടത്തി.

**പാലാങ്കര:** വീട്ടുമുറ്റത്ത് പച്ചക്കറിത്തോട്ടം ഉണ്ടാക്കി. മരച്ചീനി നട്ടു. വണക്കമാസം ആചരിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോജോ കുടക്കച്ചിറ**
അസി. ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയമുള്ള വിൻസെൻഷ്യൻ സഹോദരരെ,

ഏവർക്കും രൂപത കൗൺസിലിൽ നിന്നും പ്രാർത്ഥനാശംസകൾ. പരിശുദ്ധ കന്യകാമാതാവിന്റെ വിമല ഹൃദയത്തിന് പ്രത്യേകം സമർപ്പിക്കപ്പെട്ട മാസമാണല്ലോ ഓഗസ്റ്റ്. നമുക്കുവേണ്ടി സ്വർഗത്തിൽ ഒരു വക്കീലിനെപ്പോലെ എപ്പോഴും വാദിക്കുന്ന മാതാവിനോടുള്ള ഭക്തി സഭയുടെ ആരംഭകാലം മുതലെയുള്ളതാണല്ലോ. എപ്പോഴും സഹായമരുളുവാൻ സന്നദ്ധയായ ഒരമ്മയെയാണ് മാതാവിലൂടെ നമുക്ക് ലഭിച്ചത്. ആ അമ്മയോട് ചേർന്നു നിന്ന് നമുക്കും പ്രാർത്ഥിക്കാം.

കോവിഡ്–19, ലോക്ഡൗൺ സാഹചര്യത്തിലൂടെയാണല്ലോ നാം കടന്നു പോകുന്നത്. പ്രാർത്ഥനയുടേയും കരുതലിന്റെയും ഏറെ ആവശ്യമുള്ള സമയമാണിത്. നമ്മെയും നമ്മുടെ കുടുംബങ്ങളെയും കരുതുന്നതോടൊപ്പം വിൻസെൻഷ്യൻ പ്രവർത്തകരെന്ന നിലയിൽ നാം മറ്റുള്ളവരെയും ഏറെ കരുതേണ്ടതായുണ്ട്. നാമെല്ലാവരും ഒന്നാമതെത്താൻ പരിശ്രമിക്കുന്നവരാണ്. എന്നാൽ നമ്മെ ഒന്നാമതെത്തിക്കുന്നത് മറ്റുള്ളവരാണ്. മറ്റുള്ളവരാണ് നമ്മെ ജയിപ്പിക്കുന്നത്. മററുള്ളവർക്ക് നന്മകൾ ചെയ്ത് നമുക്ക് വിജയിക്കാം. പരിമിതികൾ നമുക്ക് അവസരങ്ങൾ തുറന്നുതരും. നാമെല്ലാവരും ദൈവകരങ്ങളിലെ ഉപകരണങ്ങളാവട്ടെ.

**സി.സി.യോഗം**

ജൂൺ രണ്ടിന് സി.സി.യുടെ യോഗം ഓൺലൈനായി നടത്തി. സി.സി.പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി.പ്രവർത്തനറിപ്പോർട്ട്, സി.സി.വാർഷിക കണക്കുകൾ, ഓസാനാംഭവൻ വാർഷിക കണക്കുകൾ എന്നിവ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. സി.സി. യിലേക്ക് അടയ്ക്കേണ്ട വിഹിതങ്ങൾ സി.സി.യുടെ അക്കൗണ്ടിൽ മാത്രമെ അടക്കുവാൻ പാടുള്ളുവെന്ന് യോഗം തീരുമാനിച്ചു. ലോക്ഡൗൺ കഴിയുന്നതുവരെ ഓൺലൈനായി യോഗങ്ങൾ ചേരുവാൻ തീരുമാനിച്ചു.

**ഓസാനാംഭവൻ**

ഓസാനാംഭവൻ വാർഷിക ജനറൽബോഡി യോഗം ജൂലൈ 19-ന് ഓൺലൈനായി ചേർന്നു. 24-അംഗങ്ങൾ പങ്കെടുത്തു. ചെയർമാൻ എ.വി.ജോർജ്ജ് അധ്യക്ഷത വഹിച്ചു. റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര യോഗം ഉദ്ഘാടനം ചെയ്തു. ഓസാനാംഭവന്റെ പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര, ജോർജ്ജ് ആക്കാന്തിരി, അഗസ്റ്റിൻ കൊടിയംകുന്നേൽ, എൻ.യു.ജോൺ, വിൻസെന്റ് വടക്കുംചേരി, ബാബു നമ്പുടാകം, ബിനോബേബി കടുപ്പിൽ, സണ്ണി ആലഞ്ചേരി, മാത്യു കന്നുതൊട്ടി, തങ്കച്ചൻ മേപ്പാടത്ത്, ടെസി പുളിയംമ്മാക്കൽ, ബിജു പാലത്തിങ്കൽ, ജോൺ അതിരകുളങ്ങര. ഇന്റേണൽ ഓഡിററർമാർ-രാജു വലിയാറ, മാത്യു പുതുപ്പറമ്പിൽ.

സ്നേഹപൂർവം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

**പങ്കുവെക്കൽ മനോഭാവം വളർത്തണം – മാർ ജോസ് പൊരുന്നേടം**

മനുഷ്യൻ പങ്കുവെക്കൽ മനോഭാവത്തിലേക്ക് വളരണമെന്നും സഹജീവികളോട് കരുണ കാണിക്കണമെന്നും മാർ ജോസ് പൊരുന്നേടം അഭ്യർത്ഥിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എടവക ഗ്രാമ പഞ്ചായത്തിലെ പുത്തൻകുടി ജോയിക്കും കുടുംബത്തിനും നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പും താക്കോൽ ദാനവും നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യൻ സമ്പത്ത് കൂട്ടിവയ്ക്കാതെ മറ്റുള്ളവർക്ക് വേണ്ടി പങ്കുവച്ചാൽ സമൂഹത്തിൽ ഭവനരഹിതരോ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവരോ ഉണ്ടാകില്ല എന്നും കോവിഡ് കാലം നമുക്ക് തരുന്ന പാഠം സമ്പത്തിൽ ആശ്രയിക്കാതെ ലാളിത്യത്തിൽ ജീവിക്കണമെന്നും പിതാവ് കൂട്ടിച്ചേർത്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ദീപ്തിഗിരി സെന്റ് തോമസ് പള്ളി വികാരി റവ. ഫാ. ചാണ്ടി പുക്കാട്ട് , പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ സംസാരിച്ചു.

**വാട്ടർ ഫിൽറ്റർ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സമഗ്ര ആരോഗ്യ ശുചിത്വ പദ്ധതിയുടെ ഭാഗമായി മാനന്തവാടി പോലീസ് സ്റ്റേഷനിൽ വാട്ടർ ഫിൽറ്റർ വിതരണം ചെയ്തു. ലോകാരോഗ്യ സംഘടന വഴി ലഭിച്ച ഫിൽറ്റർ ആണ് വിതരണം ചെയ്തത്. വിതരണ ഉത്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല മാനന്തവാടി സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എം. എം. അബ്ദുൾ കരീമിന് വാട്ടർ ഫിൽറ്റർ നൽകി നിർവ്വഹിച്ചു. സബ് ഇൻസ്പെക്ടർ റോയി പി സി, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ. എന്നിവർ സംസാരിച്ചു.

**ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കോവിഡ്19 മൂലം വിഷമത അനുഭവിക്കുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ

CNEWA ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു. 1000 രൂപ മൂല്യമുള്ള 500 കിറ്റുകളാണ് വിതരണം ചെയ്തത്. വിതരണ ഉത്ഘാടനം വയനാട് പടമല സോഷ്യൽ വെൽഫെയർ സൊസൈറ്റിയിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റെവ.ഫാ.പോൾ കൂട്ടാല നിർവഹിച്ചു. പടമല വി. അൽഫോൻസ ചർച്ച് വികാരി റവ.ഫാ. ജോണി കല്ലുപുര, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റെവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ സംസാരിച്ചു.

**സാമ്പത്തിക സഹായം അനുവദിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്ന സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായി കല്ല് കയ്യാല നിർമ്മാണം, മണ്ണ് കയ്യാല നിർമ്മാണം, മണ്ണ് പരിശോധന, കാലിത്തൊഴുത്ത് നിർമ്മാണം എന്നിവയ്ക്ക് 41 കുടുംബങ്ങൾക്ക് 865000 രൂപയുടെ സാമ്പത്തിക സഹായം നൽകി.

**വെഞ്ചിരിപ്പും താക്കോൽ ദാനവും നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രളയ പുനരധിവാസ പദ്ധതിയുടെ ഭാഗമായി കല്ലുവയൽ ഇടവകയിൽ മാങ്കോട്ട് ഷീജ ബിനുവിന് നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ വെഞ്ചിരിപ്പും താക്കോൽ ദാനവും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ.പോൾ കൂട്ടാല നിർവഹിച്ചു. കല്ലുവയൽ ഇടവക വികാരി റവ. ഫാ. ജെയ്സൺ കുഴികണ്ടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ. എന്നിവർ പങ്കെടുത്തു. എറണാകുളം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ വെൽഫയർ സർവ്വീസ് എറണാകുളം ആണ് ഈ ഭവനം നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകിയത്.

പുഴമുടി ഇടവകയിൽ ഷീബ കന്നുതൊട്ടിലിന് കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പും താക്കോൽദാനവും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. ഇടവക വികാരി റവ.ഫാ. സന്തോഷ് കിഴക്കൻ പുതുപ്പള്ളിൽ, ഇടവകയിലെ സെന്റ് വിൻസെന്റ് ഡീ പോൾ സൊസൈറ്റി

അംഗങ്ങൾ എന്നിവരാണ് മനോഹരമായ ഭവനം സമയബന്ധിതമായി പൂർത്തിയാക്കിയത്.

**DDU-GKY**

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിൻ കീഴിൽ ഗ്രാമങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ തൊഴിൽപരമായി കൂടുതൽ കഴിവുള്ളവർ ആക്കുന്നതിന് വേണ്ടി കേരളകുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഒന്ന് ചേർന്ന് നടത്തി വരുന്ന DDU - GKY എന്ന പദ്ധതിയുടെ പഠന പരിശീലനങ്ങൾ മാനന്തവാടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബോയ്സ്ടൗണിലെ പരിശീലന കേന്ദ്ര ത്തിൽ നടന്നു വരുന്നു.

പ്രസ്തുത പദ്ധതിയുടെ കീഴിൽ ഫാബ്രിക്കേഷൻ, ഇൻഡസ്ട്രി യൽ ഇലക്ട്രീഷൻ, ബ്യൂട്ടീഷൻ എന്നീ കോഴ്സുകളാണ് ഇപ്പോൾ നടന്നു വരുന്നത്. പ്രഗത്ഭരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശത്തുമായി ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്തു വരുന്നു.

DDU - GKY യുടെ അടുത്ത പദ്ധതിയിലേക്കുള്ള അപേക്ഷകൾ വരുന്ന മാസങ്ങളിൽ (ഗവൺമെന്റ് അനുവാദം ലഭിക്കുമ്പോൾ) മുതൽ എടുക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയി ക്കുന്നു. ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷൻ, ബ്യൂട്ടീഷൻ, ഫുഡ് പ്രൊസസിംഗ് എന്നീ കോഴ്സുകളിലേക്കാണ് അഡ്മിഷൻ ആരം ഭിക്കുന്നത്.

ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ്, എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ, ടാബ്ലെറ്റ് എന്നിവയും കൊടുക്കുകയാണ്. തൊഴിൽപരമായ പരിശീലനത്തിന് മുൻ തൂക്കം കൊടുക്കുന്ന ഈ കോഴ്സുകൾക്ക് യാതൊരുവിധ ഫീസോ മറ്റോ ഈടാക്കുന്നില്ല. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ താമ സവും ഭക്ഷണവും തികച്ചും സൗജന്യമാണ്. വിജയകരമായി പരി ശീലനം പൂർത്തിയാക്കുന്ന എല്ലാവർക്കും വിദേശത്തും സ്വദേശത്തും ജോലി ഉറപ്പു നൽകുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുവർ WSSS ഓഫീസുമായോ അല്ലെങ്കിൽ താഴെ കാണുന്ന നമ്പറിലോ ബന്ധപ്പെടുക. ഫോൺ നമ്പർ– 7560892324

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രധാനമായും ജന ങ്ങളിലേക്ക് സഹായങ്ങൾ എത്തിക്കുന്നത് സോഷ്യൽ വെൽഫയർ സൊസൈറ്റികൾ വഴിയാണ്. കഴിഞ്ഞ മാസം മീറ്റിംഗിലൂടെ സോഷ്യൽ വെൽഫയർ സൊസൈറ്റി അംഗങ്ങളുമായി ഈ കോവിഡ് കാല പ്രവർ ത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. പല യൂണിറ്റുകളും ഈ കോവിഡ് സാഹചര്യമനുസരിച്ച് ഹാൻഡ് വാഷ്, സോപ്പ്, ഡിറ്റർജന്റ് എന്നിവ നിർമ്മിച്ചു. കണിയാരം യൂണിറ്റിന്റെ നേതൃത്വത്തിൽ മുറിവെണ്ണ, ഉരഗുളിക എന്നിവ നിർമ്മിച്ച് വിതരണം നടത്തി. വിവിധ പദ്ധതികൾ ക്കായി മാനന്തവാടി കാനറ ബാങ്കിൽ നിന്ന് 10 സംഘങ്ങൾക്കും കൽ പ്പറ്റ കാനറ ബാങ്കിൽ നിന്ന് 1 സംഘത്തിനും ലോൺ അനുവദിച്ച് കൊടുത്തു.

**ഇശക്തി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ ഗ്രൂപ്പ് അംഗങ്ങൾ നിലവിൽ നബാർഡിന്റെ കീഴിൽ ഇ ശക്തി എന്ന പദ്ധതി പ്രകാരം രജി സ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 600 സംഘങ്ങളാണ് ഇങ്ങനെ ഡിജിറ്റ ലൈസേഷൻ ചെയ്ത് പ്രവർത്തിച്ച് വരുന്നത്. ജൂൺ മാസത്തെ ഡാറ്റ അപ് ലോഡ് ചെയ്ത കാര്യത്തിൽ ഓൾ ഇന്ത്യ ലെവലിൽ 15-ാം സ്ഥാനത്ത് എത്താൻ വയനാട് ജില്ലക്ക് സാധിച്ചു. ഈ പ്രോഗ്രാമുമായി ബന്ധപ്പെട്ട് 20 ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് നടത്തുകയും പ്രവർ ത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗ മായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ വർഷം 827 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകി വരുന്നു. കോവിഡ് മൂലം മാർച്ച് മാസത്തിന് ശേഷമുള്ള ക്ലെയിമുകൾ പരിഗണിക്കുന്നതിൽ സ്റ്റാർ ഹെൽത്ത് ഓഫീസിൽ താമസമുള്ളതിനാൽ അതിന് ശേഷമുള്ള ക്ലെയി മുകൾക്ക് പണം ലഭിക്കുന്നതിൽ താമസം നേരിടുന്നുണ്ട്. പുതുതായി രജിസ്റ്റർ ചെയ്തവരുടെ പോളിസി നമ്പറുകൾ 9400367560 എന്ന ഓഫീ സ് നമ്പറിൽ ജൂലൈ 20 മുതൽ വിളിച്ചാൽ ലഭ്യമാകുന്നതാണ്.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT കോഴ്സിലേക്ക് 2020-2021 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ജൂലൈ 10 മുതൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്

നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്.എസ്.എൽ.സി. യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുവർ 9645442290, 9544842220 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി കുടുംബോദ്ധാരണ പദ്ധതിയിൽ ഈ മാസം പുതുതായി 14 കുടുംബങ്ങൾക്ക് അംഗത്വം ലഭിച്ചു. ഇപ്പോൾ നമ്മുടെ രൂപതയിൽ 314 കുടുംബങ്ങൾക്കാണ് സഹായം ലഭിക്കുന്നത്. മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി കൊടുക്കേണ്ടിയിരുന്ന സഹായധനം വിതരണം ചെയ്തു. 2019– 2020 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചു. സേവ് എ ഫാമിലി പ്ലാനിന്റെ സഹായം ലഭിച്ച ഒരു ഭവനത്തിന്റെ ആശീർവാദകർമ്മത്തിൽ ബഹുമാനപ്പെട്ട ഡയറക്ടർ ഫാ.പോൾ കൂട്ടാലയും കോർഡിനേറ്റർ സി. അനിലിറ്റും പങ്കെടുത്തു.

**ഉപഭോക്താക്കൾക്ക് ഈ മാസം ലഭിച്ച ധനസഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു**

| | | |
|---|---|---|
| അടിസ്ഥാന സൗകര്യങ്ങൾക്കായി | – | 215000(SAFP) |
| ചെറുകിട സംരംഭകങ്ങൾക്കായി | – | 321000(SAFP) |
| കൃഷി | – | 283510 |
| മൃഗസംരക്ഷണത്തിനായി | – | 481500(SAFP) |
| പക്ഷി പരിപാലനം | – | 158500 |
| വിദ്യാഭ്യാസം | – | 46000 |
| ചികിത്സാ സഹായം | – | 13000 |
| **ആകെ** | **–** | **1518510.00** |

**നവജീവൻ**

കാലാവസ്ഥ വ്യതിയാനം മൂലം പ്രളയവും ഉരുൾപൊട്ടലും വരൾച്ചയും ഉണ്ടാകും എന്ന് വിദഗ്ദർ വിലയിരുത്തുന്നു. ഈ ദുരന്തങ്ങളെ നേരിടുന്നതിനും രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ഫലപ്രദമാക്കുന്നതിനും കൃത്യമായി ഏകോപിപ്പിക്കുന്നതിനും പ്രാദേശിക സമൂഹങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ വയനാട് ജില്ലയിൽ എടവക, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തുകളിലെ 10 വാർഡുകളിലാണ് WSSSന്റെ നേതൃത്വത്തിൽ യുവജനങ്ങളെ ഉൾപ്പെടുത്തി ഇരുപത് അംഗങ്ങൾ വീതമുള്ള വാർഡ് തല ദുരന്തനിവാരണ സേന രൂപീകരിച്ചു. തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾ വഴി പഞ്ചായത്തുകളിൽ മഴക്കാല അവബോധ ചുവർപത്രങ്ങൾ സ്ഥാപിക്കുകയും ജനങ്ങളുടെ ഇടയിൽ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും ആയി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു

ക്ഷേമ നിധിയിൽ ചേർന്നിട്ട് രണ്ടിൽ അധികം തവണ അംശാദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനസ്ഥാപിക്കുന്നതിനുള്ള സമയ പരിധി ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചു.

പഠന സഹായത്തിനുള്ള അപേക്ഷകൾ ജൂലൈ 15 മുതൽ ആഗസ്റ്റ് 31 വരെ സ്വീകരിക്കുന്നതാണ്. ഉന്നത വിദ്യാഭ്യാസത്തിനുള്ള ധന സഹായ അപേക്ഷകൾ കോഴ്സ് തുടങ്ങി 45 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

മാർച്ചിൽ നടത്താനിരുന്ന വാർഷികപുതുക്കൽ (അംഗത്വം) കോവിഡ് –19 കാരണം മാറ്റിവച്ചത് ജൂലൈ 15 ന് പുനരാരംഭിച്ചു. ഓഗസ്റ്റ് 31 ന് പൂർത്തീകരിക്കുന്നതാണ്.

**അറിയിപ്പ്**

ക്ഷേമനിധിയിൽ അംഗത്വമെടുത്തവർ ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ അംശാദായ കുടിശ്ശിക ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുക. അല്ലാത്ത പക്ഷം കുടിശ്ശിക അടച്ച് അംഗത്വം പുനസ്ഥാപിച്ചതിന് ശേഷമേ അപേക്ഷ കൊടുക്കാൻ സാധിക്കുകയുള്ളൂ.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

നോവൽ കൊറോണ വൈറസിനെതിരെയെന്നത് പോലെ തന്നെ കാർഷിക മേഖലയിലും അതീവ ജാഗ്രത പാലിക്കേണ്ട കാലഘട്ടത്തിലൂടെ തന്നെയാണ് നാം കടന്നു പോയിക്കൊണ്ടിരിക്കുന്നത്. രാസ മാലിന്യങ്ങളുടെ സാന്നിധ്യം കുറച്ച് നമുക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ നാം തന്നെ ഉത്പാദിപ്പിച്ച് സ്വയം പര്യാപ്തരാവുക എന്നത് ഈ സമയത്തെ കടന്നു പോകുവാൻ നമുക്ക് അത്യന്താപേക്ഷിതമാണ്. ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാവരുത് എന്ന ചിന്തയോടെ തന്നെ അവരുടെ ഉത്പ്പന്നങ്ങൾ സംഭരിക്കുവാൻ ഏത് സമയവും ബയോവിൻ സജ്ജമാണ്. ഫീൽഡ് കോർഡിനേറ്റർമാരെ അറിയുന്നതിനനുസരിച്ചുള്ള സംഭരണ ക്രമീകരണം നടന്നുവരുന്നുണ്ട്.

ജൂൺ മാസം പ്രധാനമായും IC 03 ഘട്ടത്തിലേക്ക് കടക്കുന്ന എണ്ണായിരത്തോളം കർഷകരുടെ വിവരങ്ങൾ APEDA യുടെ സോഫ്റ്റ് വെയർ ആയ ട്രേസ് നെറ്റിലേക്ക് ചേർക്കുക എന്നതായിരുന്നു. 24 ICS (ഇന്റേണൽ കൺട്രോൾ സിസ്റ്റം) കളിലായുള്ള ഈ കർഷകരുടെ ഓഡിറ്റിങ്ങിനാവശ്യമായ ക്രമീകരണങ്ങൾ ആരംഭിക്കുകയും ജൂലൈ മാസത്തോടെ അവ പൂർത്തീകരിക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

ഫെയർട്രേഡ് പ്രീമിയം പ്രോജക്ടിന്റെ ഭാഗമായി കഫെയിൽ ഉൾപ്പെട്ട കർഷകർക്ക് തികച്ചും സൗജന്യമായി കക്ക വിതരണം ചെയ്യുന്നതിന്റെ തുടർ ക്രമീകരണങ്ങൾ ജൂൺ മാസത്തിലും നടക്കുകയുണ്ടായി. അമ്പലവയൽ, കണിയാമ്പറ്റ, മൂപ്പൈനാട്, തവിഞ്ഞാൽ പഞ്ചായത്തുകളിലായി 3608 കർഷകർക്ക് കക്ക വിതരണം ചെയ്തു.

സംഘടനാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവെച്ച കഫെയിൽ ഉൾപ്പെട്ട 27 ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ സ്വീകരിക്കുകയും 18 ഗ്രൂപ്പുകൾക്ക് 5000 രൂപ വീതം വിതരണം ചെയ്യുന്നതായിരിക്കും. വൊഫയിൽ നിന്നും 185 ഗ്രൂപ്പുകൾ

അപേക്ഷ സമർപ്പിക്കുകയും 145 ഗ്രൂപ്പുകൾക്ക് 5000 രൂപ വീതം ഗ്രാന്റ് വിതരണം ചെയ്യുകയും ചെയ്തു.

വൊഫയുടെ 2020 വർഷത്തെ ഫെയർട്രേഡ് ഓഡിറ്റ് ജൂൺ മാസം പൂർത്തീകരിച്ചു. ഫ്ളേ സെർട്ട് ഓഡിറ്റർ ശ്രീ. സജീന്ദ്ര നാഥ് സംഘടനയെ ഓഡിറ്റ് ചെയ്യുകയും കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും കൂടുതൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

പദ്ധതിയിൽ അംഗങ്ങളായ പരിവർത്തന കാലയളവിലുള്ള കർഷകരിൽ നിന്നും 72 രൂപ നിരക്കിൽ 19300 കിലോ കാപ്പിയും ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ  കർഷകരിൽ നിന്നും 80 രൂപ നിരക്കിൽ 293000 കിലോ കാപ്പിയും സംഭരിച്ചു. ജൈവ കുരുമുളക് 1400 കിലോ 380 രൂപ നിരക്കിലും ഞാലിപ്പൂവൻ വാഴക്കുല 6400 കിലോ 30 രൂപ നിരക്കിലും കറുവപ്പട്ട 88 കിലോ 425 രൂപ നിരക്കിലും സംഭരിച്ചു.

സംസ്കരണ വിഭാഗത്തിൽ ജൂൺ മാസം കാപ്പി, മഞ്ഞൾ, കുരുമുളക്, വാഴപ്പഴം എന്നിവയുടെ സംസ്കരണം നടക്കുകയും ആവശ്യാനുസരണം വിവിധ രാജ്യങ്ങളിലേക്ക് വിപണനം നടത്തുകയും ചെയ്തു വരുന്നു. ഇതിനായി 932 തൊഴിൽ ദിനങ്ങൾ പ്രയോജനപ്പെടുത്തി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**മിഷൻ കൊറോണ**

കോവിഡ് 19 പ്രതിരോധത്തിനും പൊതു ജനങ്ങളെ ബോധവത്കരിക്കുന്നതിനുമായി കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷനും യൂണിസെഫുമായി സഹകരിച്ച് മിഷൻ കൊറോണ എന്ന പേരിൽ പുതിയ പ്രൊജക്ട് ആരംഭിച്ചു.

**തുടരാം ജാഗ്രത**

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി റേഡിയോ പരിപാടികളിലൂടെ ജനങ്ങളെ ബോധവത്കരിക്കുന്നതിന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി മാറ്റൊലിയുമായി സഹകരിച്ച് തുടരാം ജാഗ്രത എന്ന പേരിൽ ബോധവത്കരണ പരിപാടികൾ പ്രക്ഷേപണം ചെയ്തു. പൊതു താല്പര്യ പരസ്യങ്ങളും, തത്സമയ ഫോൺ ഇൻ പരിപാടികളും, ഫീച്ചർ പ്രോഗ്രാമുകളും പ്രക്ഷേപണം ചെയ്തു.

കോവിഡ് 19 പ്രതിരോധത്തിനും പൊതു ജനങ്ങളെ ബോധവത്കരിക്കുന്നതിനുമായി ആരോഗ്യബോധവത്കരണ മാർഗ്ഗനിർദ്ദേശ്ശങ്ങളും മറ്റ് പൊതുവായുള്ള പ്രവർത്തനങ്ങളും റേഡിയോ മാറ്റൊലിയുടെ പരിപാടികളിൽ ഉൾപ്പെടുത്തി. ആരോഗ്യകേരളം വയനാടിന്റെ സഹകരണത്തോടെ റേഡിയോ മാറ്റൊലി അവതരിപ്പിക്കുന്ന പ്രത്യേക കൊറോണ രോഗ ബോധവത്കരണ പരിപാടിയായ ഈ ടോക്സ് പൊതു സേവന പരസ്യങ്ങൾ പ്രൊമോകൾ, തത്സമയ ഫോൺ ഇൻ പരിപാടികൾ എന്നിവയും വിവിധ തലത്തിലുള്ള വകുപ്പ് മേധാവികളുടെ സന്ദേശങ്ങളും പ്രക്ഷേപണം ചെയ്തു. ഇതിന്റെ ഭാഗമായി ഈ ടോക്സ്, വീട്ടിലിരിക്കാം പാട്ടുകേൾക്കാം എന്നിവ പ്രക്ഷേപണം ചെയ്തു. അതോടൊപ്പം ആദിവാസി വിഭാഗങ്ങൾക്കിടയിലേക്ക് ബോധ വത്കരണം എത്തിക്കുന്നതിനായി ഗോത്രഭാഷയിലും പ്രോഗ്രാമുകളും പ്രോമോകളും പ്രക്ഷേപണം ചെയ്തു.

റേഡിയോ സ്റ്റേഷന്റേയും പ്രോഗ്രാമുകളേയും ഒരു തരത്തിലും ദോഷകരമായി ബാധിക്കാത്ത രീതിയിൽ ജില്ലാ ഭരണകൂടത്തിന്റേയും ആരോഗ്യവകുപ്പിന്റേയും നിർദ്ദേശത്തോടെ സ്റ്റാഫംഗങ്ങൾക്ക് ജോലിയിൽ ക്രമീകരണം ഏർപ്പെടുത്തി. 07 പേരടങ്ങുന്ന രണ്ട് ടീം ആയി തിരിഞ്ഞാണ് പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്.

**നന്ദിപൂർവ്വം**

റേഡിയോ മാറ്റൊലിയുടെ മാനേജ്മെന്റ് കമ്മിറ്റി ചെയർമാനായി സ്തുത്യർഹമായി സേവനം ചെയ്ത മാനന്തവാടി രൂപതയുടെ മുൻവികാരി ജനറാൾ ഫാ.അബ്രാഹം നെല്ലിക്കലിന് മാറ്റൊലി കുടുംബത്തിന്റെ പേരിലുള്ള ഹൃദയപൂർവ്വമായ നന്ദിയും കടപ്പാടും അറിയിക്കുന്നു. പുതിയ അജപാലന മേഖലയിൽ സർവ്വൈശ്വര്യങ്ങളും പ്രാർത്ഥനയും നേരുന്നു. അതോടൊപ്പം മാനന്തവാടി രൂപതയിൽ പ്രൊക്യുറേറ്റർ എന്ന നിലയിൽ കഴിഞ്ഞ നാളുകളിൽ മാറ്റൊലിയ്ക്ക് മാർഗ്ഗനിർദ്ദേശം നല്കിയിരുന്ന റവ. ഫാ. ജിൽസൺ കോക്കണ്ടത്തിന് നന്ദിയും വിജയാശംസകളും നേരുന്നു.

റേഡിയോ മാറ്റൊലി അസോസിയേറ്റ് ഡയറക്ടർ ആയി കഴിഞ്ഞ ആറു വർഷം സ്തുത്യർഹമായി സേവനം ചെയ്ത് കൂടുതൽ ഉയർന്ന ഉത്തരവാദിത്വമേറ്റെടുത്ത് മീഡിയ കമ്മീഷൻ ഡയറക്ടർ ആയി ചാർജ്ജ് ഏറ്റെടുത്ത റവ. ഫാ. മനോജ് കാക്കോനാലിന് മാറ്റൊലി കുടുംബാംഗങ്ങളുടെ നന്ദിയും ഒപ്പം വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

**സുസ്വാഗതം**

സാമൂഹിക റേഡിയോ മാറ്റൊലിയുടെ മാനേജ്മെന്റ് കമ്മിറ്റി ചെയർമാനായി ചാർജ്ജ് ഏറ്റെടുത്ത മാനന്തവാടി രൂപതയുടെ പുതിയ വികാരി ജനറാൾ വെരി. റവ. ഫാ. പോൾ മുണ്ടോളിക്കലിന് മാറ്റൊലി കുടുംബത്തിലേക്ക് ഊഷ്മളമായ സ്വാഗതം. അതോടൊപ്പം രൂപതയുടെ പുതിയ പ്രൊക്യുറേറ്റർ റവ. ഫാ. ജോൺ പൊൻപാറയ്ക്കലിന് റേഡിയോ മാറ്റൊലി നേതൃത്വത്തിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

റേഡിയോമാറ്റൊലി അസോസിയേറ്റ് ഡയറക്ടർ ആയി നിയമിതനായ ഫാ.ജോസ് കാവുങ്കലിന് മാറ്റൊലി കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**ആദരം**

മനുഷ്യവംശത്തെ ആകെ പിടിച്ചുകുലുക്കുന്ന മഹാമാരിയെ പിടിച്ചുകെട്ടാൻ അശ്രാന്ത പരിശ്രമം നടത്തുന്ന ഡോക്ടർമാരെ അന്തർദേശീയ ഡോക്ടേഴ്സ് ഡേ ആയ ജൂലായ് 1 ന് റേഡിയോ മാറ്റൊലി ആദരിച്ചു. ഡോക്ടർമാരുടെ പ്രതിനിധികളായി നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ബി. അഭിലാഷ്, ജില്ലാ ആശുപത്രിയിലെ ശിശുരോഗവിദഗ്ധൻ ഡോ. ചന്ദ്രശേഖരൻ എന്നിവർക്ക് റേഡിയോ മാറ്റൊലിയുടെ ഉപഹാരം നല്കി.

**തത്സമയ ഫോൺ ഇൻ പ്രോഗ്രാം**

കോളനികളെ ലഹരിവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ കൽപ്പറ്റ നഗരസഭ ആരംഭിച്ച പുതിയ പദ്ധതിയായ പുതുജീവനം പദ്ധതിയെ കുറിച്ച് ജൂൺ 27 ന് 3 മണി മുതൽ 4 മണി വരെ കൽപ്പറ്റ നിയോജകമണ്ഡലം എം. എൽ. എ. സി. കെ. ശശീന്ദ്രൻ, കുടുംബശ്രി ജില്ലാ മിഷൻ കോർഡിനേറ്റർ പി. സാജിത, ഹാരിസ് വാസുപ്രദീപ്, ജയേഷ് എന്നിവരുമായി പ്രോഗ്രാം കോർഡിനേറ്റർ പ്രജിഷ രാജേഷ് തൽസമയഫോൺ ഇൻ പ്രോഗ്രാം നടത്തി.

അൺ ലോക്ക് രണ്ടാം ഘട്ടത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. തുടരാം ജാഗ്രത എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ജൂലായ് 1 ന് 3 മണി മുതൽ 4 മണി വരെ നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ബി. അഭിലാഷ്, ജില്ലാ ആശുപത്രിയിലെ ശിശുരോഗവിദഗ്ധൻ ഡോ. ചന്ദ്രശേഖരൻ എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു.

**നാട്യശാല**

ലോകനാടകവാർത്തകൾ സംഘടിപ്പിച്ച ഓൺലൈൻ കുടുംബ ശബ്ദ നാടകമത്സരത്തിലെ മികച്ചനാടകങ്ങൾ ജൂലായ് 07 മുതൽ റേഡിയോ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തു.

**കർക്കിടകം**

കർക്കിടക മാസാചരണത്തിന്റെ ഭാഗമായി ഒരുമാസമുള്ള രാമായണപാരായണം പ്രക്ഷേപണം ജൂലായ് 16 ന് ആരംഭിച്ചു.

**വെബിനാർ പങ്കാളിത്തം**

UNESCO യുടെ നേതൃത്വത്തിൽ ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന SMART സംഘടനയുടെ പങ്കാളിത്തത്തോടെ ആറ് വെബിനാറുകൾ നടത്തി. ഇതിൽ റേഡിയോമാറ്റൊലി ഡയറക്ടർ ഫാ. ബിജോ തോമസ് കറുകപ്പള്ളി പങ്കെടുത്തു. (Webinar on Communicating the SOG toolkit from the perspective of Covid 19)

National institute of Disaster Management ഉം കേന്ദ്ര ഗവൺമെന്റും സംയുക്തമായി നടത്തിയ വെബിനാറിൽ അസോസിയേറ്റ് ഡയറക്ടർ ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് പങ്കെടുത്തു.

കേന്ദ്ര ആരോഗ്യകുടുംബക്ഷേമവകുപ്പും യൂണിസെഫും ആൾ ഇൻഡ്യ റേഡിയോയും സംയുക്തമായി നടത്തിയ വെബിനാറിൽ റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർ പ്രജിഷ രാജേഷ് പങ്കെടുത്തു.

**ഫാ. ബിജോ തോമസ് കറുകപ്പള്ളി**
റേഡിയോ മാറ്റൊലി ഡയറക്ടർ

**June - July 2020**

College was closed from 10 March 2020 to 31 March 2020, after the outbreak of Covid 19. Regular classes were suspended from 10 March 2020. University examinations and practical Examinations were conducted till 20 March 2020. National Lockdown was announced from 23rd March 2020 to 30th June 2020.

College reopened on 1st June 2020 and the government asked to conduct online classes for the students from 8.30 a.m to 1.30 p.m, Monday to Thursday and 8:00 a.m to 1:00 pm on Fridays.

A one day workshop was conducted on 2nd June 2020 for the office staff on 'Role of Support Staff in Quality Assessment in Higher Education'. The workshop was led by Dr Maria Martin Joseph and the Manager presided over the programme.

College organized one week long Faculty Development Programme on Learning Management System (LMS). It was a hands-on training programme on Moodle online platform for teachers. Training was conducted by Mr Toby Joseph and Dr Maria Martin Joseph. From 1st June to 5th June 2020.

We have started a website for Learning Manangement System (LMS) for blended learning. The Domain name is http://marymatha.vlms.net.

Practical Examinations for Computer science and Chemistry was conducted on 3rd and 5th June for the UG final year students.

College website domain name wasactivated as www.marymatha college.ac.in from this academic year 2020-21.

We have enhanced the internet connectivity, by adding on 50 mbps to the already existing connection for taking online classes. Each department is provided with LAN and Wifi.

Our college facilitated and conducted the exams for St Berchmanscollege, Kottayam and St. Thomas College, Thrisur (autonomous colleges) for their students who reside in Wayanad. It was the examination center from 11th to 20th June and on July 10th.

The first phase of the construction of the RUSA -funded college building (intended to house the central library and the auditorium) was done on 29th June 2020 by KIIDC. The construction is going on systematically, despite the constraints of the pandemic situation.

Annual Quality Assurance Report (AQAR) was submitted on 29th June 2020 for the academic year 2019-20.

Kannur University Distance Education Examinations were conducted in the college, as per the instructions of the University, from 6th to 13th July 2020. 261 students were allotted to the college.

**Dr Maria Martin Joseph**
Principal

**നന്ദി**

2014 മുതൽ 2020 മെയ് 27 വരെ മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജരായി സേവനം ചെയ്ത്, രൂപത പ്രൊക്യുറേറ്ററായി സ്ഥലം മാറി പോയ പൊൻപാറക്കൽ ബിജുവച്ചനെ നന്ദിയോടെ സ്മരിക്കുന്നു. മനോഹരമായ ഒരു ഓഫീസ് സമുച്ചയം നിർമ്മിക്കന്നതിലും, കോർപ്പറേറ്റിന് കീഴിലുള്ള നിരവധി വിദ്യാലയങ്ങളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും അച്ചൻ കാണിച്ച താൽപര്യം എന്നും സ്മരിക്കപ്പെടും. കോർപ്പറേറ്റിലെ അധ്യാപക നിയമനത്തിന് യോഗ്യതാ പരീക്ഷ ഏർപ്പെടുത്തുകയും, ആറ് ഘട്ടങ്ങളിലൂടെ ഉദ്യോഗാർത്ഥികളെ നിരീക്ഷിച്ച് മികച്ചവരെ കണ്ടെത്തി സീനിയോരിറ്റി മാത്രം മാനദണ്ഡമാക്കി നിയമനം നടത്തുകയും ചെയ്തത് എല്ലാവരുടെയും പ്രശംസക്കിടയാക്കി. യാതൊരുവിധ പരാതിക്കും ഇടനൽകാതെ ഏഴ് വർഷക്കാലം സേവനം ചെയ്ത ബിജു അച്ചന് രൂപത പ്രൊക്യുറേറ്റർ സ്ഥാനത്ത് മികച്ച പ്രവർത്തനം കാഴ്ച്ചവെയ്ക്കാൻ ദൈവം അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

**അഭിനന്ദനങ്ങൾ**

കോർപ്പറേറ്റിന് കീഴിലുള്ള വിദ്യാലയങ്ങൾ ഈ വർഷത്തെ SSLC, Plus Two പരീക്ഷയിൽ മികച്ച വിജയം കൈവരിച്ചു. സുൽത്താൻ ബത്തേരി അസംപ്ഷൻ ഹൈസ്ക്കൂൾ, അടക്കാത്തോട് സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ എന്നിവ SSLC പരീക്ഷയിൽ 100 % വിജയം കരസ്ഥമാക്കി. സുൽത്താൻ ബത്തേരി ഹൈസ്ക്കൂൾ, ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ A+ നേടിയ കുട്ടികൾ ഉള്ള വിദ്യാലയമായി മാറി. എല്ലാ ഹൈസ്ക്കൂളുകളും മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. അതിനൊരുക്കിയ പ്രധാനാധ്യാപകർക്കും അധ്യാപകർക്കും അനധ്യാപകർക്കും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അഭിന്ദനങ്ങൾ.

പ്ലസ് ടു പരീക്ഷയിലും മികച്ച പ്രകടനമാണ് നമ്മുടെ വിദ്യാലയങ്ങൾ കാഴ്ചവെച്ചത്. 44 ഫുൾ A + -ഉം 98% വിജയവുമായി കൊട്ടിയൂർ ഐ.ജെ.എം.എച്ച്.എസ്.എസ്. കോർപ്പറേറ്റിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പരീക്ഷക്കായി വിദ്യാർത്ഥികളെ ഒരുക്കിയ എല്ലാ പ്രിൻസിപ്പൽമാർക്കും അധ്യാപകർക്കും അനധ്യാപകർക്കും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അഭിന്ദനങ്ങൾ.

സാഹചര്യങ്ങൾ പ്രതികൂലമായിരുന്നിട്ടും മികച്ച വിജയം കരസ്ഥമാക്കാൻ യത്നിച്ച എല്ലാവർക്കും നന്ദി.

**SSLC Result**

| Sl. No. | School Name | Result Percentage | No. of Full A+ Holders |
|---|---|---|---|
| 1 | Manimooly CKHS | 96 | 12 |
| 2 | Kottiyoor IJMHS | 99 | 21 |
| 3 | Kaniyaram Fr. GKMHS | 98.6 | 15 |
| 4 | Kallody St. Joseph's HS | 86.4 | 23 |
| 5 | Adackathode St. Joseph's HS | 100 | 9 |
| 6 | Bathery Assumption HS | 100 | 48 |
| 7 | Kabanigiri Nirmala HS | 98.7 | 11 |
| 8 | Payyampally St. Catherine's HS | 99.25 | 42 |
| 9 | Nadavayal St. Thomas HS | 90.5 | 16 |

**Plus Two Result**

| Sl. No. | School Name | Result Percentage | No. of Full A+ Holders |
|---|---|---|---|
| 1 | Manimooly CKHSS | 80 | 1 |
| 2 | Kottiyoor IJMHSS | 98 | 44 |
| 3 | Kaniyaram Fr. GKMHSS | 93.38 | 3 |
| 4 | Kallody St. Joseph's HSS | 95.8 | 9 |
| 5 | Payyampally St. Catherine's HSS | 88.18 | 14 |
| 6 | Nadavayal St. Thomas HSS | 95.15 | 13 |

**സ്ക്കൂളുകളുടെ ഓഡിറ്റ്**

2019-2020 സാമ്പത്തിക വർഷത്തെ നമ്മുടെ സ്ക്കൂളുകളുടെ ഓഡിറ്റ് കോർപ്പറേറ്റ് ഓഫീസിൽ വെച്ച് എല്ലാ വെള്ളിയാഴ്ചകളിലും നടന്നുകൊണ്ടിരിക്കുന്നു. 19 സ്ക്കൂളുകൾ ഇതിനോടകം ഓഡിറ്റ് പൂർത്തീകരിച്ചു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ